**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**പതിനേഴാമത് റിപ്പോർട്ട്**

(2022 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനേഴാമത് റിപ്പോർട്ട്

(2022 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

346/2022.

<u>ഉള്ളടക്കം</u>

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 9 |
| അനുബന്ധം II : | .. | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 62 |
| അനുബന്ധം III : | .. | 96 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി. , ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ഫെബ്രുവരി മാസം 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഫെബ്രുവരി 24.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയത്.

## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ഓഡിറ്റ് ഖണ്ഡിക

### റീ-ഓപ്ഷൻ പ്രകാരമുള്ള കുടിശ്ശിക തിരിച്ചടച്ചില്ല

തിരുവനന്തപുരം ഡിവിഷൻ അക്കൗണ്ട്സ് ഓഫീസർക്ക് 1-3-1997-ലെ ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യത്തിൽ 6,500-10,550 രൂപ ശമ്പളനിരക്കിൽ ആദ്യം നൽകിയിരുന്ന ഓപ്ഷൻ, കൂടുതൽ പ്രയോജനകരമെന്ന് കണ്ട് 1-10-1998 പ്രാബല്യത്തിൽ പുതുക്കി നൽകുകയുണ്ടായി. എന്നാൽ 1-3-1997 മുതൽ 30-9-1998 വരെയുള്ള കുടിശ്ശിക തിരിച്ച് പിടിക്കാത്തതുമൂലം ബോർഡ് ഫണ്ടിന് 14,537 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ആയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഭവന നിർമ്മാണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

2. **പരാമർശവിധേയനായ ഉദ്യോഗസ്ഥന് പ്രയോജനകരമെന്ന കണ്ട് ആദ്യം നൽകിയിരുന്ന ഓപ്ഷൻ മാറ്റി 1-10-1998 വച്ച് പുനഃക്രമീകരിച്ചപ്പോൾ 10/98-ലെ കുടിശ്ശിക തുകയായ 213 രൂപ മാത്രം പി.എഫ്. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും മുൻപ് വരവ് വച്ചിരുന്ന 5315 രൂപ പി.എഫ്. അക്കൗണ്ടിൽ നിന്നും Reverse Entry വഴി നീക്കം ചെയ്തതിനാൽ പരാമർശവിധേയമായ 14,537 രൂപ ഈടാക്കേണ്ടതില്ലെന്ന് സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### ചട്ടങ്ങൾക്ക് വിരുദ്ധമായി യാത്രപ്പടി അധികം നൽകി

1999-2000 വർഷത്തിൽ പാലക്കാട്, കൊച്ചി, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ഡിവിഷനുകളിൽ യാത്രപ്പടി ഇനത്തിൽ യഥാക്രമം 4,545, 3,447, 2,064, 2,443, 320, 661 രൂപ അധികം നൽകിയിട്ടുണ്ട്. ചട്ടങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ ടി തുകകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(ii)]

സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. ചട്ടങ്ങൾക്ക് വിരുദ്ധമായി യാത്രാപ്പടി അധികം നൽകിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സീലിംഗ് ലിമിറ്റിന്റെ പ്രശ്നത്തിലാണ് ഉദ്യോഗസ്ഥർ അധികമായി യാത്രാപ്പടി കൈപ്പറ്റുന്നതെന്നും പിന്നീട് ആയത് കർശനമാക്കിയതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്ജ്) മറുപടി നൽകി.

4. ഹൗസിംഗ് ബോർഡിന്റെ അക്കൗണ്ട്സ് സിസ്റ്റം ഫലപ്രദമല്ലെന്ന് നിരീക്ഷിച്ച സമിതി ഇത്തരം കാര്യങ്ങളിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും കമ്പ്യൂട്ടർ സിസ്റ്റം വ്യാപകമായി എല്ലാ ഡിവിഷണൽ ഓഫീസുകളിലും ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ /ശിപാർശകൾ**

5. **ഹൗസിംഗ് ബോർഡിന്റെ അക്കൗണ്ട്സ് സിസ്റ്റം ഫലപ്രദമല്ലെന്ന് സമിതി നിരീക്ഷിക്കുകയും ഇത്തരം കാര്യങ്ങളിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും കമ്പ്യൂട്ടർ സിസ്റ്റം എല്ലാ ഡിവിഷണൽ ഓഫീസുകളിലും ഉപയോഗപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

6. **ചട്ടങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ യാത്രാപ്പടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബോർഡ് അധികാരികളുടെ നിഷ്ക്രിയത്വം**

ഭവന നിർമ്മാണ ബോർഡിന്റെ ഭവന പദ്ധതിപ്രകാരം, പത്തനംതിട്ട ഡിവിഷനിൽ പ്ലോട്ട് അനുവദിച്ചു കിട്ടിയ മൂന്ന് വ്യക്തികൾ 64,000, 71,650, 64,930 രൂപ വീതം ടെന്റേറ്റീവ്കോസ്റ്റ് കെട്ടി വച്ച് കരാർ ഒപ്പിട്ടു. എന്നാൽ ടി വ്യക്തികളോട് വീണ്ടും 70,394, 71,650, 75,461 രൂപ ക്രമത്തിൽ അധിക തുക ഒടുക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് തുക കുറവ് ചെയ്തു കൊടുക്കണമെന്നുള്ള ടി വ്യക്തികളുടെ നിരന്തര നിവേദനങ്ങൾക്ക് ഫലമുണ്ടാകാഞ്ഞതിനാൽ പ്രസ്തുത കക്ഷികൾ പത്തനംതിട്ട ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ബോർഡിനെതിരെ പരാതി നൽകി.

ഗതാഗത യോഗ്യമായ റോഡുകളോ, കുടിവെള്ള സൗകര്യമോ ഒന്നുമില്ലാത്ത, വാസയോഗ്യമല്ലാത്ത സ്ഥലത്ത് പ്ലോട്ടുകൾ അനുവദിച്ച്, മോഹനവാഗ്ദാനങ്ങൾ നൽകി ടി കക്ഷികളെ പ്രലോഭിപ്പിക്കുകയായിരുന്നു എന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പരാതിക്കാർക്ക് 50,000 രൂപ വീതം നഷ്ടപരിഹാരവും 500 രൂപ വീതം കോടതി ചെലവും നൽകാൻ കോടതി വിധി പ്രഖ്യാപിച്ചു. ടി കോടതി വിധിയ്ക്കെതിരെ ബോർഡ് സംസ്ഥാന ഫോറത്തിൽ അപ്പീൽ സമർപ്പിച്ചതു തള്ളപ്പെട്ട് വീണ്ടും അപ്പീൽ കൊടുത്തിട്ടുണ്ട്.

1981-ൽ ഭൂമിയെടുത്ത് തുടങ്ങിയ ഭവന പദ്ധതിയുടെ അലോട്ട്മെന്റ് തുടങ്ങിയത് 1984-ൽ മാത്രമാണ്. 30 പ്ലോട്ടുകളിൽ നാളിതുവരെ 6 എണ്ണം മാത്രമേ വിതരണം ചെയ്യപ്പെട്ടിട്ടുള്ളു എന്നതും ഭവന ബോർഡധികാരികളുടെ നിഷ്ക്രിയത്വം വെളിപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. ഭവന നിർമ്മാണ ബോർഡിന്റെ ഭവന പദ്ധതി പ്രകാരം പത്തനംതിട്ട ഡിവിഷനിൽ അനുവദിച്ച പ്ലോട്ടിന്റെ വില സമിതി ആരാഞ്ഞതിന് നിലവിൽ എൽ.എ.ആർ. കേസുകളുണ്ടെങ്കിൽ ആദ്യം ടെന്റേറ്റീവ് കോസ്റ്റ് അടിസ്ഥാനമാക്കിയാണ് കരാറുകൾ ഒപ്പിടുന്നതെന്നും പിന്നീട് ടി കേസുകൾ പ്രകാരം എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അതും കൂടി ചേർത്ത് രണ്ടാമതൊരു കോസ്റ്റ് ആവശ്യപ്പെടുമെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്)സമിതിയെ അറിയിച്ചു. ഹൗസിംഗ് ബോർഡ് അക്വയർ ചെയ്ത പല സ്ഥലങ്ങളിലും ഇപ്പോഴും എൽ.എ.ആർ. കേസ്സുകൾ നിലവിലുണ്ടെന്നും ഈ സാഹചര്യത്തിൽ ടെന്റേറ്റീവ് കോസ്റ്റായി മാത്രമേ പ്ലോട്ട് അക്വയർ ചെയ്യാൻ സാധിക്കുകയുള്ളൂയെന്നും കേസ് കഴിയുമ്പോൾ ഫൈനലൈസേഷനിൽ ലേറ്റസ്റ്റ് സ്റ്റേജ് മാത്രമേ കണക്കിലെടുക്കാറുള്ളൂയെന്നും സെക്രട്ടറി (ഇൻ-ചാർജ്), കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്), മറുപടി നൽകി.

8. കേരളത്തിലെ ഹൗസിംഗ് ബോർഡിന് 14 ജില്ലാ ഓഫീസുകളും 3 റീജിയണൽ ഓഫീസുകളും ഉണ്ടെന്നും നിലവിൽ തിരുവനന്തപുരത്ത് ഹെഡ് ഓഫീസും, നെടുമങ്ങാട്, ബാലരാമപുരം, കോതമംഗലം എന്നിവിടങ്ങളിൽ ബ്രാഞ്ച് ഓഫീസുകളുമാണുള്ളത്. ഹൗസിംഗ് ബോർഡിൽ ആകെ 295 ജീവനക്കാരാണുള്ളതെന്നും അതിൽ നൂറോളം ജീവനക്കാർ ഹെഡ് ഓഫീസിലുണ്ടെന്നും കൃത്യമായ സ്റ്റാഫ് പാറ്റേൺ ഇല്ലെന്നും ആവശ്യാനുസരണം ജീവനക്കാരെ വിവിധ ഓഫീസുകളിലാക്കി വിന്യസിച്ചിരിക്കുകയാണെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്), മറുപടി നൽകി.

9. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ വീട് നിർമ്മിച്ച നൽകുന്നതിൽ ഹൗസിംഗ് ബോർഡിന്റെ പങ്കിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് സർക്കാരിന്റെ ഡെപ്പോസിറ്റ് പ്രവൃത്തികളൊക്കെ ബോർഡ് ഏറ്റെടുത്ത് നടത്താറുണ്ടെന്നും എന്നാൽ പ്രളയവുമായി ബന്ധപ്പെട്ട വർക്കുകൾ ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കാനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലായെന്നും എന്നാൽ പുനർ നിർമ്മാണ പ്രവൃത്തി ചെയ്യാൻ ബോർഡിന് സാങ്കേതിക വിദഗ്ദ്ധരുണ്ട് എന്നുള്ള വിവരം അറിയിച്ച് സർക്കാരിന് കത്ത് സമർപ്പിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. ബോർഡ് സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച് ആരാഞ്ഞതിന് പുതിയ നിയമനങ്ങൾ ബോർഡ് നിലവിൽ നടത്തുന്നില്ലായെന്നും 3 ഡെപ്യൂട്ടി സെക്രട്ടറിമാർ, 14 അസിസ്റ്റന്റ് സെക്രട്ടറിമാർ എന്നിവരുടെ തസ്തികയ്ക്ക് സർക്കാരിന്റെ അനുമതി നേരത്തെ കിട്ടിയിട്ടുള്ളതാണെന്നും നിലവിൽ സർക്കാർ അനുമതിയോടുകൂടി തന്നെയാണ് നിയമനങ്ങൾ നടത്തുന്നതെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

10. പത്തനംതിട്ട ഡിവിഷനിൽ പ്ലോട്ടിനെ സംബന്ധിച്ച് എന്ത് ഒത്തുതീർപ്പ് ഫോർമുലയാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി വ്യക്തികളിൽ നിന്നും അധികതുക ഈടാക്കാതെ അവർക്കുള്ള നഷ്ടപരിഹാരം ഉൾപ്പെടെ നൽകണമെന്നാണ് പത്തനംതിട്ട കൺസ്യൂമർ റിഡ്രസ്സൽ ഫോറം വിധി പുറപ്പെടുവിച്ചതെന്നും ഇതിന് എതിരായി തിരുവനന്തപുരം Consumer Dispute Reddressal Commission-ൽ സമർപ്പിച്ച അപ്പീലിലും അനുകൂല വിധി ഉണ്ടാകാത്തതിനാൽ NCDRC ഡൽഹിയിൽ റിവിഷൻ പെറ്റിഷൻ നൽകിയിട്ടുണ്ടെന്നും നിയമ വകുപ്പിലെ ഉദ്യോഗസ്ഥനാണ് ബോർഡിന്റെ ലീഗൽ ഓഫീസർ എന്നും സെക്രട്ടറി ഭവന നിർമ്മാണ ബോർഡ് മറുപടി നൽകി.

11. നിലവിൽ ബോർഡുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പെന്റിംഗുണ്ടെന്നും വക്കീലന്മാർ കൃത്യമായും കേസ്സിന് ഹാജരാകുന്നുണ്ടോയെന്നതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്യു.

## നിഗമനങ്ങൾ /ശിപാർശകൾ

12. **പരാമർശ വിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട കേസിൽ തിരുവനന്തപുരം സി.ഡി.ആർ.സി.യിൽ അപ്പീൽ നൽകുകയും അനുകൂല വിധി ഉണ്ടാകാത്തതിനാൽ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ റിവിഷൻ പെറ്റീഷൻ നൽകിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

13. **ഹൗസിംഗ് ബോർഡുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പെന്റിംഗുണ്ടെന്നും വക്കീലന്മാർ കൃത്യമായും കേസ്സിന് ഹാജരാകുന്നുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഷ്ടപരിഹാരം നൽകേണ്ടിവരുന്നതുമൂലമുള്ള നഷ്ടം**

1999-2000 വർഷത്തിൽ ബോർഡിന്റെ തൃശ്ശൂർ, കട്ടപ്പന എന്നീ ഡിവിഷനുകളിൽ ബോർഡിനെതിരെ ഉപഭോക്തൃ കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകൾ ബോർഡിന് പ്രതികൂലമായി തീർപ്പ് കൽപ്പിക്കപ്പെട്ടതിനാൽ മൊത്തം 51,633 രൂപയുടെ (തൃശ്ശൂർ 10,512, കട്ടപ്പന 41,121) നഷ്ടം വന്നിട്ടുണ്ട്. പണയാധാരം രജിസ്റ്റർ ചെയ്തിട്ടും വായ്പ നൽകാതിരിക്കൽ, വായ്പക്കായി അംഗീകരിച്ച പ്ലാൻ മാറ്റി ആവശ്യപ്പെടൽ, നൽകപ്പെട്ട കെട്ടിടത്തിന്റെ നിർമ്മാണ തകരാർ എന്നീ കേസുകളിലാണ് നഷ്ടപരിഹാരം നൽകേണ്ടി വന്നത്.

ബോർഡ് അധികാരികളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചമൂലം ബോർഡിനുണ്ടാകുന്ന ഭീമമായ നഷ്ടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(iv)]

സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

14. ഭവന നിർമ്മാണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

15. **ഭവന നിർമ്മാണ ബോർഡ് നഷ്ടപരിഹാരം നൽകിയ ഇനത്തിൽ ചെലവായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ പിടിച്ചിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എം.എൽ.എ./എം.പി.-മാർക്കുള്ള ഭവന നിർമ്മാണ പദ്ധതി-വൻ തുക കുടിശ്ശിക**

ജനപ്രതിനിധികൾക്കായുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി പ്രകാരം കടമെടുത്തിട്ടുള്ളവരിൽ ചിലർ 10 മുതൽ 80 വരെ തവണകൾ കുടിശ്ശിക വരുത്തി യിട്ടുള്ളതായി കാണുന്നു. ഈയിനത്തിൽ ആകെ 14,37,066 രൂപ കുടിശ്ശികയായി

അവശേഷിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി. കുടിശ്ശിക വരുത്തിയവരുടെ പേരും കുടിശ്ശിക തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | തുക |
|---|---|---|
| 1 | ശ്രീ. എം. വി. മാണി | 1,62,392 |
| 2 | ശ്രീ. ജോസ് കുറ്റിയാനി | 35,242 |
| 3 | ശ്രീ. പി. ജെ. കുര്യൻ | 67,428 |
| 4 | ശ്രീ. പി. റ്റി. തോമസ് | 2,86,031 |
| 5 | ശ്രീ. ഡേവിഡ് പിനേറോ | 2,99,004 |
| 6 | ശ്രീ. പി. എം. മാത്യു | 2,86,969 |
| 7 | ശ്രീ. ജോൺ ഫെർണാണ്ടസ് | 3,00,000 |
| | **ആകെ** | **14,37,066** |

കോഴിക്കോട് യൂണിറ്റ് (ആർ.ഇ) ഓഫീസിൽ ജനപ്രതിനിധികൾക്കുള്ള പ്രത്യേക വായ്പ പദ്ധതി സ്കീമിൽ 31-3-2000 വരെ മൊത്തം 10,42,648 രൂപ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇത്രയും ഭീമമായ തുക കുടിശ്ശിക ആയിട്ടും അത് വസൂലാക്കുന്നതിനുള്ള നടപടികൾ ബോർഡധികാരികൾ കൈക്കൊള്ളാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ ഉദാസീന മനോഭാവം ബോർഡിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(v)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. ഭവന നിർമ്മാണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

17. **എം.എൽ.എ./എം.പി.-മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം വായ്പ എടുത്ത് കുടിശ്ശിക വരുത്തിയ എല്ലാ ജനപ്രതിനിധികളിൽ നിന്നും കുടിശ്ശിക തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാടക-യഥാസമയം പിരിച്ചെടുക്കാത്തതിനാൽ ഭീമമായ നഷ്ടം**

ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള വിവിധ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വാടക പിരിച്ചെടുക്കാത്തതിനാൽ ഭീമമായ നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. എറണാകുളം യൂണിറ്റാഫീസിന്റെ പരിധിയിൽ വരുന്ന പനമ്പിള്ളി നഗര ഓഫീസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ നിന്നും 3,00,898 രൂപ വാടക കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. പിഴപ്പലിശ ഈടാക്കാത്തതിനാൽ 32,695 രൂപയുടെ നഷ്ടവും സംഭവിച്ചിട്ടുണ്ട്. തിരുവനന്തപുരം യൂണിറ്റാഫീസിൽ വാടകകുടിശ്ശികയിനത്തിൽ 2,49,915 രൂപയും പിഴപ്പലിശയിനത്തിൽ 1,839 രൂപയും ഈടാക്കേണ്ടതായിട്ടുണ്ട്. തൃശ്ശൂർ ഡിവിഷനിലെ അയ്യന്തോൾ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും 44,890 രൂപയും പിരിച്ചെടുക്കേണ്ടതായി കാണുന്നു. ഈ ഇനത്തിൽ ബോർഡിന് ലഭിക്കുവാനുള്ള ആകെ തുകയായ 6,30,237 രൂപ എത്രയും വേഗം പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(vi)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

18. ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള വിവിധ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വാടക പിരിച്ചെടുക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ സ്വകാര്യ സ്ഥാപനങ്ങളുടേതുൾപ്പെടെ 19 കോടി രൂപ ലഭിക്കാനുണ്ടെന്നും അതിൽ 14 കോടിയോളം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ളതാണെന്നും ടി തുക പിരിച്ചെടുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ കുടിശ്ശിക തുകയായ 13.5 കോടി രൂപയാണ് കിട്ടാനുള്ളതെന്നും

പോലീസ്, ഹയർ സെക്കണ്ടറി, എൻട്രൻസ് കമ്മീഷൻ തുടങ്ങിയ ഓഫീസുകളാണ് വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും വാടകത്തുക ഡിപ്പാർട്ടുമെന്റ് തലത്തിൽ ബഡ്ജറ്റിൽ വകയിരുത്തി ധനകാര്യ വകുപ്പുമായി ചർച്ച നടത്തി പരിഹാരം കാണാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പരമാവധി 17 കോടി രൂപയെങ്കിലും പിരിച്ചെടുക്കാൻ സാധിക്കുമെന്നും സ്വകാര്യ വ്യക്തികളുടെ കച്ചവട സ്ഥാപനങ്ങളിൽ നിന്നും 4 കോടി രൂപയോളം കുടിശ്ശിക ലഭിക്കാനുമുണ്ടെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

19. ശാന്തിനഗർ ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറിയുടെ വാടകക്കാരനായിരുന്ന ശ്രീ. എം. ഗോപിനാഥപിള്ളയിൽ നിന്നും ബോർഡിന് ലഭിക്കാനുള്ള വാടക കുടിശ്ശികയായ 11,45,775 രൂപ ബോർഡിനു ലഭിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിനു ടിയാൻ മരണപ്പെട്ടുയെന്നും അനന്തരവകാശികളിൽ നിന്നും തുക പിരിച്ചെടുക്കാനുള്ള സോഴ്സ് കണ്ടെത്താൻ ശ്രമിച്ചെങ്കിലും നടന്നില്ലായെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

20. വാടക കുടിശ്ശികയുള്ള സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റും, അവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ആ വിവരങ്ങളുമുൾപ്പെടെ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതോടൊപ്പം വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആളിനെ നിയോഗിക്കണമെന്ന സമിതി നിർദ്ദേശം ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്ത് ആളിനെ നിയോഗിക്കണമെന്നും വാടക പിരിച്ചെടുക്കാൻ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ അതിൽ വീഴ്ച വരുത്തിയാൽ ബാധ്യത അദ്ദേഹത്തിനുമേൽ ചുമത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ 11 ലക്ഷം രൂപയോളം കുടിശ്ശിക വരുത്തിയ ശ്രീ. ഗോപിനാഥപിള്ളയെ ഒഴിവാക്കി പുതിയ ആളിന് കടമുറി നൽകിയതിന്റെ നിലവിലെ സ്ഥിതി ആരായുവാനും ഈ വിഷയം സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും നിർദ്ദേശിക്കുകയുണ്ടായി.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ റിപ്പോർട്ട് അനുബന്ധം III ആയി ചേർക്കുന്നു.

**നിഗമനങ്ങൾ /ശിപാർശകൾ**

21. **തിരുവനന്തപുരം ശാന്തിനഗർ ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറിയുടെ വാടകയിൽ കുടിശ്ശിക വരുത്തിയ വ്യക്തിയെ ഒഴിവാക്കി പുതിയ ആളിന് കടമുറി നൽകിയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആദായ നികുതി ഒടുക്കാത്തത് സംബന്ധിച്ച്**

ബോർഡിന്റെ വിവിധ ഡിവിഷനാഫീസുകളിലെ ഉദ്യോഗസ്ഥർ ആദായ നികുതിയിനത്തിൽ അടയ്ക്കുവാനുള്ള 39,294 രൂപ ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് ബില്ലുകളിൽ നിന്നും ആദായ നികുതി ഈടാക്കിയപ്പോൾ സർച്ചാർജ് ഈടാക്കാത്തതുമൂലം ഇടുക്കി ഡിവിഷണൽ ഓഫീസിന് 5,313 രൂപയുടേയും പാലക്കാട് ഡിവിഷൻ ആഫീസിൽ 2,446 രൂപയുടേയും നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ സപ്ലൈ ചെയ്ത വകയിൽ ആദായ നികുതി ഈടാക്കാത്തതുമൂലം പാലക്കാട് ഡിവിഷൻ ഓഫീസിൽ 11,781 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ എല്ലാം ഈടാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2(vii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. തൊടുപുഴ മുട്ടം വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ നൽകിയ ബില്ലുകൾ പ്രകാരമുള്ള ആദായനികുതി ഒടുക്കാൻ സാധിക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിരുന്നില്ലായെന്നും ഇതുമായി ബന്ധപ്പെട്ട് കണക്കുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ മരണപ്പെടുകയും അന്നത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തതിനാൽ പ്രസ്തുത തുക ഈടാക്കാൻ കഴിഞ്ഞില്ലായെന്നും ഇപ്പോൾ നടത്തുന്ന വർക്കുകളുടെ ബില്ലുകൾ പ്രകാരമുള്ള നികുതി ഈടാക്കുന്നുണ്ടെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

23. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ /ശിപാർശകൾ**

24. **ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനർഹമായ വീട്ടുവാടക, നഗര ബത്തകൾ - അനുവദിക്കുന്നില്ല**

1999-2000 വർഷത്തിൽ വയനാട്, കട്ടപ്പന, പാലക്കാട് ഡിവിഷനുകളിൽ വീട്ടുവാടക, നഗരബത്ത എന്നിവ യഥാക്രമം 18,815, 5,684, 3,837 രൂപ അനർഹമായി

അനുവദിച്ചിട്ടുണ്ട്. (1-3-1997 മുതൽ 31-10-1998 വരെയുള്ള കുടിശ്ശിക) അധികരിച്ച നിരക്കിൽ അനുവദിച്ച പ്രസ്തുത തുകകൾ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (viii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അനർഹമായി നൽകിയ മുഴുവൻ തുകയും ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

26. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. അനർഹമായി നൽകിയ വീട്ടുവാടക, നഗരബത്ത എന്നിവ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**മുളങ്കുന്നത്തുകാവ് ഭവന പദ്ധതി - നിർമ്മാണത്തിലെ തകരാറുകൾ**

3.13 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതി എസ്റ്റിമേറ്റിന്റെ 69 ശതമാനം അധികരിച്ച തുകയ്ക്ക് ഏഷ്യൻ ടെക്സ് എന്ന കമ്പനിക്ക് കരാർ നൽകി. 11-6-1997-ൽ പൂർത്തിയാകേണ്ടിയിരുന്ന പണി, നിരവധി തവണ കാലാവധി നീട്ടിക്കൊടുത്ത ശേഷം 31-3-1999-ൽ പൂർത്തിയാക്കി ബോർഡിനെ ഏൽപ്പിച്ചു. അന്തിമ ബില്ല് തയ്യാറാക്കും മുമ്പ് അതിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ മുൻകൂർ നൽകിയതും കരുതൽ തുകയുടെ നല്ലൊരംശം തിരികെകൊടുത്തതും ക്രമവിരുദ്ധമാണ്. തന്നെയുമല്ല, ടി കെട്ടിടത്തിന് നിർമ്മാണത്തകരാർമൂലം മേൽക്കൂരയിൽ വിള്ളലുണ്ടാവുകയും ചോർന്നൊലിക്കുകയും ചെയ്തിരുന്നു. ഇതും പരിഹരിച്ചതായി രേഖയില്ല.

മരാമത്ത് ചട്ടങ്ങളുടെ ലംഘനംമൂലം ബോർഡിനുണ്ടായിട്ടുള്ള നഷ്ടം അതിനുത്തരവാദിയായവരിൽ നിന്നും ഈടാക്കി, ബോർഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (ix)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പണി പൂർത്തീകരിച്ച് ഒരു വർഷമായിട്ടും ഹോസ്റ്റൽ ആരംഭിക്കാൻ തടസ്സമെന്താണെന്നും ഹോസ്റ്റൽ എന്നത്തേയ്ക്ക് ഫംഗ്ഷൻ ചെയ്യാൻ സാധിക്കുമെന്നും സമിതി ആരാഞ്ഞു. ആയതിന് ഹോസ്റ്റലിന്റെ പ്രവർത്തനം രണ്ടു മാസത്തിനുള്ളിൽ ആരംഭിക്കുമെന്നും നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതെന്നും വാർഡൻ, മേട്രൻ എന്നിവരുൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിക്കുകയുണ്ടായി.

29. ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിൽ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**30. ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിൽ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമവിരുദ്ധമായി H.R.A.യും C.C.A.യും കോർപ്പറേഷൻ നിരക്കിൽ നൽകി**

പുതുതായി രൂപീകരിച്ച തൃശ്ശൂർ കോർപ്പറേഷനിൽ H.R.A., C.C.A. എന്നിവ സിറ്റി കോർപ്പറേഷൻ നിരക്കിൽ ബാധകമാക്കി ഉത്തരവായിട്ടില്ല. എന്നാൽ ഈ ആനുകൂല്യങ്ങൾ ഉയർന്ന നിരക്കിൽ നൽകിയതുമൂലം ബോർഡിന് 37,705 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (x)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**32. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പണം കൈകാര്യം ചെയ്യുന്നവർക്കുള്ള അലവൻസ് - ഒരേസമയം പലർക്ക് കൊടുത്തത് അനുവദനീയമല്ല**

16-12-1978-ലെ ഉത്തരവ് നമ്പർ G.O.(P)860/78/(Fin)-ലെ ഖണ്ഡിക B5 പ്രകാരം അനുവദിച്ചതും 1-7-1999-ലെ 1815/99(42)/Fin. പ്രകാരം പുതുക്കി നിശ്ചയിച്ചതുമായ പണം കൈകാര്യം ചെയ്യുന്നവർക്കുള്ള അലവൻസിന് ഒരു ഓഫീസിൽ ഒരാൾക്ക് മാത്രമാണ് അർഹതയുള്ളത്. എന്നാൽ കോഴിക്കോട് ഡിവിഷനിൽ ഒന്നിലധികം വ്യക്തികൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ ഈ അലവൻസ് ഒരേ കാലയളവിൽ നൽകിയിരിക്കുന്നതിനാൽ 18,852 രൂപ അധികമായി നൽകിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xi)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**34. അനർഹമായി കൈപ്പറ്റിയ അലവൻസ് തുക പരാമർശവിധേയരായ ഉദ്യോഗസ്ഥരിൽനിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമവിരുദ്ധമായി ശമ്പളക്കുടിശ്ശിക അനുവദിച്ചു**

പാലക്കാട് ഡിവിഷനിൽ 16-6-1980-ൽ അസിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയ ശ്രീ. കെ. മോഹനന് ടെസ്റ്റ് ക്വാളിഫിക്കേഷൻ ഇല്ലാത്തതിനാൽ തുടർന്നുള്ള ഇൻക്രിമെന്റുകൾ തടഞ്ഞു വയ്ക്കുകയായിരുന്നു. 24-3-1997-ൽ 50 വയസ് പൂർത്തിയാകുന്ന ടി വ്യക്തിക്ക് സ്വാഭാവികമായും അന്നു മുതലുള്ള ഇൻക്രിമെന്റിനു മാത്രമേ അർഹതയുള്ളൂ. എന്നാൽ ഇതിനുവിപരീതമായി 12/1982 മുതലുള്ള ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ചിട്ടുള്ളതായി കാണുന്നു. നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി അനുവദിച്ചുകൊടുത്ത തുകയായ 37,349 രൂപ ഓഡിറ്റിൽ അനുവദിക്കാത്ത സാഹചര്യത്തിൽ തിരിച്ചുപിടിച്ച് ബോർഡ് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**36. പരാമർശവിധേയനായ ഉദ്യോഗസ്ഥന് നിയമവിരുദ്ധമായി നൽകിയ ശമ്പളക്കുടിശ്ശിക തുക ടിയാനിൽനിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശമ്പള പരിഷ്കരണ കുടിശ്ശിക നിയമവിരുദ്ധമായി പണമായി നൽകി**

പാലക്കാട് ഡിവിഷനിൽ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ. സി. പ്രസാദ് 26-9-1998-ൽ K.S.F.E.യിലേക്ക് അസിസ്റ്റന്റായി മാറിയപ്പോൾ ടിയാന്റെ ശമ്പള പരിഷ്കരണ കുടിശ്ശികയായ 20,746 രൂപ രൊക്കം പണമായി നൽകി കാണുന്നു. 25-11-1998-ലെ ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം 31-10-1998 വരെയുള്ള കുടിശ്ശിക പി.എഫിൽ ലയിപ്പിക്കേണ്ടതാണ്. ഇത് കൂടാതെ പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക ബത്തയ്ക്കും 1-11-1998 മുതൽ മാത്രമാണ് പ്രാബല്യം. ഈ ഇനത്തിൽ 1,788 രൂപ

അധികമായി നൽകിയിട്ടുണ്ട്. ടി തുകകൾ ശ്രീ. പ്രസാദിൽ നിന്നും തിരികെ ഈടാക്കുകയോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xiii)]

37.പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**38. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂറുകൾ - അന്തിമ ക്രമപ്പെടുത്തലുകൾ നടത്തിയിട്ടില്ല**

വർഷങ്ങളായി അന്തിമ ക്രമപ്പെടുത്തലുകൾ നടത്താത്ത മുൻകൂറുകളുടെ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ക്രമപ്പെടുത്തൽ നടത്താത്ത 6,27,384 രൂപയുടെ കണക്കുകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. അടിയന്തിര നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണെന്നുള്ള വിവരം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് വർഷം | തുക |
|---|---|---|---|
| 1 | പത്തനംതിട്ട ഡിവിഷൻ | 2000-2001 | 3,82,747 |
| 2 | കണ്ണൂർ ഡിവിഷൻ | 2000-2001 | 4,567 |
| 3 | എറണാകുളം യൂണിറ്റ് ഓഫീസ് | 1997-1999 | 13,850 |
| 4 | എറണാകുളം യൂണിറ്റ് ഓഫീസ് | 1999-2000 | 8,920 |
| 5 | ഇടുക്കി ഡിവിഷൻ | 1999-2000 | 2,02,300 |
| 6 | കോട്ടയം ഡിവിഷൻ | 2000-2001 | 10,000 |
| 7 | ആലപ്പുഴ ഡിവിഷൻ | 1999-2000 | 5,000 |
| | **ആകെ** | | **6,27,384** |

1999-2000 വർഷത്തിൽ ബോർഡിന്റെ കട്ടപ്പന, കൊച്ചി ഡിവിഷനുകളിൽ യഥാക്രമം 2,10,850, 98,659 രൂപ വീതം മുൻകൂർ ഇനത്തിൽ തിരിച്ചുപിടിയ്ക്കുകയോ അന്തിമ വകയിരുത്തൽ നടത്തുകയോ ചെയ്യാതെ അവശേഷിക്കുന്നുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xiv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**40. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അകത്തേത്തറ ഭവനനിർമ്മാണ പദ്ധതി - കെട്ടിട നിർമ്മാണത്തിലെ അപാകതകളും വീഴ്ചകളും കാരണം നഷ്ടം -**

1.55 കോടി രൂപ കരാർ തുകയിൽ, എസ്റ്റിമേറ്റിനേക്കാൾ 74.75 ശതമാനം അധിക നിരക്കിൽ പണിത ടി പദ്ധതിയിൽപ്പെട്ട് 'ഡി 17' തരം ഫ്ലാറ്റുകളുടെ പണിയിൽ അടിത്തറ നിർമ്മാണത്തിനുപയോഗിച്ച സാമഗ്രികളുടെ അനുപാതത്തിലും തദ്വാരാ ഗുണമേന്മയിലും വീഴ്ച വന്നിട്ടുള്ളതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈയിനത്തിൽ മൊത്തം 96,425 രൂപ കരാറുകാരനിൽ നിന്ന് തിരിച്ചു പിടിക്കാൻ ഉത്തരവുണ്ടായിരുന്നെങ്കിലും പ്രസ്തുത തുക തിരിച്ചു പിടിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത പ്രവൃത്തിയുടെ സിമന്റുപയോഗത്തിലും ഗുണമേന്മയിലും വീഴ്ച സംഭവിച്ചു എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പണിയുടെ മേൽനോട്ടം വഹിച്ച സാങ്കേതിക ഉദ്യോഗസ്ഥർ തകരാറുകൾ ചൂണ്ടിക്കാട്ടിയെങ്കിലും ബാദ്ധ്യതാകാലം 31-3-2000-ൽ അവസാനിച്ചിട്ടും കരാറുകാരന്റെ ചെലവിൽ തകരാറുകൾ പരിഹരിക്കപ്പെട്ടിട്ടില്ല. തന്നെയുമല്ല, പണി പൂർത്തിയാക്കിയതിന് ശേഷവും കരാറുകാരന്റെ കൈവശം അവശേഷിക്കുന്ന സിമന്റിന്റെയും കമ്പിയുടെയും വിലയായ 3.75 ലക്ഷം രൂപ തിരിച്ച് പിടിച്ചിട്ടുമില്ല.

മേൽ പ്രവൃത്തിയിൽ ഭവന ബോർഡിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി, അതിനുത്തരവാദിയായവരിൽ നിന്നും വസൂലാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. അകത്തേത്തറ ഭവനനിർമ്മാണ പദ്ധതിയിലെ അപാകതകളും വീഴ്ചകളും കാരണമുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും തിരിച്ച് പിടിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് കരാറുകാരനായ ശ്രീ. ടി.എസ്. ജയപ്രകാശിന്റെ കൈയിൽ നിന്നും സ്റ്റോക്ക് മെറ്റീരിയൽസ് ഉൾപ്പെടെ 96,425 രൂപയും ശ്രീ. ബാബു വർഗ്ഗീസിന്റെ കയ്യിൽ നിന്നും 39,826 രൂപയും ഈടാക്കിയിട്ടുണ്ടെന്നും എന്നാൽ ഇത് സംബന്ധിച്ച് വിജിലൻസിൽ കേസ് നിലനിൽക്കുകയാണെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

42. കോൺട്രാക്ടറിൽ നിന്നും തുക തിരിച്ചു പിടിച്ചതിന്റെ രേഖകൾ ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ റിപ്പോർട്ട് അനുബന്ധം III ആയി ചേർക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**43. അകത്തേത്തറ ഭവനനിർമ്മാണ പദ്ധതിയിലെ കരാറുകാരനിൽ നിന്നും തുക തിരിച്ചു പിടിച്ചതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കാഞ്ഞിരപ്പള്ളി ഭവന പദ്ധതി - അനുബന്ധ കരാർവയ്ക്കാതെ സമയം നീട്ടിക്കൊടുത്തത് മൂലം നഷ്ടം - 1,20,000 രൂപ**

സമയ പരിധിയായ 4-5-1999-നകം പണി തീരാതിരുന്ന സാഹചര്യത്തിൽ മൂന്ന് പ്രാവശ്യമായി 30-7-2000 വരെ സമയം നീട്ടിക്കൊടുത്തെങ്കിലും ആദ്യത്തേതൊഴിച്ചുള്ള അവസരങ്ങളിൽ അനുബന്ധ കരാർ വയ്ക്കാതിരുന്നതിനാലും പിഴ ഈടാക്കാതിരുന്നതിനാലും

അനധികൃതമായി കാലാവധി നീട്ടിക്കൊടുത്ത 375 ദിവസത്തേക്ക് ഈയിനത്തിൽ 1,20,000 രൂപ ബോർഡിന് നഷ്ടപ്പെട്ടു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xvi)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**45. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി കാലാവധി നീട്ടിക്കൊടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആദായ നികുതിയിനത്തിൽ കേന്ദ്ര സർക്കാരിന് നഷ്ടം**

1999-2000 വർഷത്തിൽ ബോർഡിന്റെ തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ഡിവിഷനുകളിൽ നടത്തിയ വിവിധ മരാമത്തു പണികളിൽ നിന്ന് ആദായ നികുതിയും സർച്ചാർജ്ജും ഈടാക്കാതിരുന്നതുമൂലം യഥാക്രമം 23476, 4681, 3200 എന്നിങ്ങനെ മൊത്തം 31,357 രൂപയുടെ നഷ്ടം കേന്ദ്ര സർക്കാരിന് നേരിട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിനും മറ്റും ലഭിക്കേണ്ട നികുതിയുടെ വിഹിതം കൃത്യമായി ഈടാക്കിയെടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാർക്കശ്യം പാലിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക VII.V.2 (xviii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. സർച്ചാർജ്ജ് ഇനത്തിൽ മീനങ്ങാടി ഭവന പദ്ധതിയുടെ കരാറുകാരനായ ശ്രീ. മൈക്കിളിൽനിന്നും 3,200 രൂപ ഈടാക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിനു ഇതുമായി ബന്ധപ്പെട്ട അന്തിമ ബിൽ പെൻഡിംഗിലാണ് എന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

47. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**48. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4)

സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നത് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് 2001-02, 2002-03 വർഷങ്ങളിലും തുടരുന്നു. 2000-01 ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നു.

| **നിയമനം നടത്തിയ തസ്തികകളുടെ വിവരം** | | |
|---|---|---|
| | 2001-02 | 2002-03 |
| ഡെപ്യൂട്ടി സെക്രട്ടറി | 3 | - |
| അസി. സെക്രട്ടറി | 5 | 4 |
| അക്കൗണ്ട്സ് ഓഫീസർ | 10 | 9 |
| ചീഫ് പ്രോജക്റ്റ് എഞ്ചിനീയർ | 1 | - |
| അസി. എഞ്ചിനീയർ | 28 | - |
| അസി.എക്സി. എഞ്ചിനീയർ | 3 | - |

ഈയിനത്തിൽ 2001-02-ൽ ഒരു കോടിയും 2002-03-ൽ 25 ലക്ഷവും ചെലവഴിച്ചതായി കാണുന്നു.

അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10.3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. സർക്കാർ അനുമതിയില്ലാതെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സർക്കാരിന്റെ അനുമതിയില്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിലും ടി തസ്തികകൾ നിലവിൽ ഇല്ലായെന്നും സർക്കാർ അനുമതിയില്ലാതെ നിയമിച്ച 9 തസ്തികകളും ഭാവിയിൽ ഉണ്ടായ റിട്ടയർമെന്റിന്റെ ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യുകയും ടി തസ്തികകൾ ക്രമീകരിച്ചിട്ടുണ്ടെന്ന് പിന്നീട് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

50. സർക്കാരിന്റെ അനുമതിയില്ലാതെ നിയമനം നടത്തി റഗുലറൈസ് ചെയ്യുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ലായെന്ന് അഭിപ്രായപ്പെട്ട സമിതി ഇക്കാര്യം ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

51. ഭവന നിർമ്മാണ ബോർഡിൽ 243 തസ്തികകളാണ് നിലവിലുള്ളതെന്നും പേ-റിവിഷനിൽ ഉൾപ്പെട്ടിട്ടില്ലാത്ത 52 അധിക തസ്തികകൾ നിലനിൽക്കുന്നുയെന്നത് ഗുരുതരമായ കാര്യമാണെന്ന് സമിതി വിലയിരുത്തുകയും സർക്കാരിന്റെ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് ക്രമരഹിതമായ നിയമനം നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും പേ-റിവിഷനിൽ ഉൾപ്പെടാത്ത 52 തസ്തികകൾ നിലവിലുണ്ടോയെന്നും ധനകാര്യ വകുപ്പിൽ നിന്നും ഭവന നിർമ്മാണ ബോർഡിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ റിപ്പോർട്ട് അനുബന്ധം III ആയി ചേർക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**52. സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് ക്രമരഹിതമായ നിയമനം നടത്തുകയും ആയത് പിന്നീട് ക്രമവൽക്കരിക്കുകയും ചെയ്യുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യം ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫ്ലാറ്റ്/കെട്ടിട വില്പനയിൽ പുരോഗതിയില്ല**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്)

വർഷങ്ങൾക്ക് മുമ്പ് പണിതീർത്ത ഫ്ലാറ്റുകളും കെട്ടിടങ്ങളും വിൽക്കുവാനുള്ള ഭവനനിർമ്മാണ ബോർഡിന്റെ ശ്രമത്തിൽ പുരോഗതിയില്ല. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുവാൻ വേണ്ടിയാണ് ഇളവുകൾ അനുവദിച്ച് ഇവ വിറ്റഴിക്കാൻ ബോർഡ് ശ്രമം തുടങ്ങിയത്.

അശാസ്ത്രീയമായ വില നിർണ്ണയമാണ് പ്രധാന തടസ്സം. കുറഞ്ഞ വിലയ്ക്ക് കൂടുതൽ നിലവാരമുള്ള ഫ്ലാറ്റുകളും കെട്ടിടങ്ങളും വിൽക്കുന്ന സ്വകാര്യ സംരംഭകരുമായി മത്സരിച്ച് മുന്നേറുന്നതിൽ ബോർഡ് പിന്തള്ളപ്പെടുന്നു.

കെട്ടിടങ്ങളും ശരിയാക്കിയെടുത്ത പ്ലോട്ടുകളും 14 ജില്ലകളിലും വിവിധ സ്ഥലങ്ങളിൽ വില്ക്കാൻ കഴിയാത്ത അവസ്ഥയിൽ കിടപ്പാണ്. 2001-02 വർഷം ഇവയുടെ മതിപ്പ് വില 200 കോടിയാണ്. 2002-03-ൽ ഇത് 225 കോടിയായി വർദ്ധിച്ചിട്ടുണ്ട്. ഇതിനിടയിലും ബോർഡിന്റെ സഞ്ചിത നഷ്ടം പെരുകുന്നതായി കണക്കുകൾ തെളിയിക്കുന്നു. 2001-02-ൽ 153 കോടിയായിരുന്ന നഷ്ടം 2002-03-ൽ 218.8 കോടിയായി പെരുകി. 2001-02-ലെ കണക്കനുസരിച്ച് ബോർഡിന്റെ ബാധ്യത 1218 കോടിയും ആസ്തി 1340 കോടിയുമാണ്. ഈ അവസ്ഥയിൽ സാമ്പത്തിക നിയന്ത്രണം കർശനമാക്കേണ്ടതും സ്ഥാപനത്തെ കടക്കെണിയിൽ നിന്നും രക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10.3.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. ബോർഡിന്റെ കൈവശം വിറ്റഴിയാതെ കിടക്കുന്ന ഫ്ലാറ്റുകളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വെള്ളത്തിന്റെ അപര്യാപ്തത കാരണം തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് 2007 മുതൽ 53 ഫ്ലാറ്റുകൾ വിൽക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും രണ്ട് മൂന്ന് മാസത്തിനുള്ളിൽ വെള്ളത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ കഴിയുമെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

54. ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾ വിൽക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്ലോട്ടുകൾ upset price നിശ്ചയിക്കുന്നതിനുള്ള സബ് കമ്മിറ്റി

എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് വില നിശ്ചയിച്ച് പ്ലോട്ടുകൾ വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി. വെള്ളത്തിന്റെ അപര്യാപ്തതമൂലം 12 വർഷമായി 53 ഫ്ലാറ്റുകൾ ബാലരാമപുരത്ത് ഒഴിഞ്ഞ് കിടക്കുന്നത് ന്യായീകരിക്കത്തക്കതല്ല എന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത കെട്ടിടം സംരക്ഷിക്കുന്നതിന് കൈക്കൊണ്ട നടപടി സംബന്ധിച്ച് ആരാഞ്ഞതിന് പ്രസ്തുത കെട്ടിടത്തിനു നിലവിൽ കുഴപ്പമൊന്നുമില്ലായെന്നും അതിന്റെ സംരക്ഷണം തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണെന്നും സെക്രട്ടറി (ഇൻ-ചാർജ്) ഭവനനിർമ്മാണ ബോർഡ് മറുപടി നൽകി.

55. 21 കോടി രൂപയുടെ 154 ഫ്ലാറ്റുകളാണ് ബാലരാമപുരത്ത് വിഭാവനം ചെയ്തിരുന്നതെന്നും വസ്തുവിലുള്ള കിണറിലെ വെള്ളമാണ് കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും എന്നാൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിതമായാൽ മുഴുവൻ ഫ്ലാറ്റുകൾക്കും അതിൽ നിന്നും വെള്ളമെത്തിക്കാൻ സാധിക്കുമെന്നും അതിനായി വാട്ടർ അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

56. പ്രസ്തുത വിഷയം സ്ഥലം എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം കണ്ട് ഫ്ലാറ്റുകൾ താമസയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

57. സമിതി കോതമംഗലത്തെ റവന്യൂ ടവർ കെട്ടിടത്തെക്കുറിച്ച് ആരാഞ്ഞതിന് റവന്യൂ ടവറിന് തൊട്ടടുത്തായി ഒരു മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചപ്പോൾ ഏതാനും ചില സർക്കാർ സ്ഥാപനങ്ങൾ അവിടേക്ക് മാറ്റി സ്ഥാപിക്കേണ്ടി വന്നതിനെതുടർന്ന് ചില ബ്ലോക്കുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും കടമുറികൾ ലേലത്തിന് വയ്ക്കുന്നുണ്ടെങ്കിലും ആരും മുറികളെടുക്കാൻ തയ്യാറാകുന്നില്ലായെന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**58. തിരുവനന്തപുരം ബാലരാമപുരത്ത് ഭവന നിർമ്മാണ ബോർഡിന്റെ കൈവശം വിറ്റഴിയാതെ കിടക്കുന്ന 53 ഫ്ലാറ്റുകളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾക്ക് വില നിശ്ചയിച്ച് ആയത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കണക്ക് തയ്യാറാക്കാൻ സ്വകാര്യസ്ഥാപനം**

[2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 12(3),(4), 26(17)]

വാർഷിക കണക്ക് തയ്യാറാക്കാൻ ബോർഡ് സ്വകാര്യസ്ഥാപനത്തിന്റെ സഹായം തേടി. 2001-02 ലേയും 2002-03 ലേയും കണക്കുകൾ തയ്യാറാക്കാൻ ധൻ ആന്റ് കമ്പനിയെയാണ് ചുമതലപ്പെടുത്തിയത്. ഇവരുടെ വാർഷിക ഫീസ് 2.25 ലക്ഷം രൂപയാണ്. കൂടാതെ യാത്ര, ദിന ബത്തകളും നൽകണം. മുൻവർഷങ്ങളിലും ഇത്തരത്തിൽ ചെലവുണ്ട്. അതിലും കൂടിയ പ്രതിഫലമാണ് ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്നത്.

ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കിയാൽ ഒഴിവാക്കാവുന്നതാണീ ചെലവ്. സബ് ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന പ്രതിമാസ വരവ് ചെലവും ബാങ്ക് റീക്കൺസിലിയേഷൻ പത്രികകളും ഹെഡ് ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്തതിനാലാണ് കണക്ക് തയ്യാറാക്കാൻ വർഷം തോറും ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നത്. ബോർഡിന്റെ സഞ്ചിത നഷ്ടം പെരുകുമ്പോൾ ഇത്തരം അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10.3.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. ഭവന നിർമ്മാണ ബോർഡിന്റെ കണക്കുകൾ പരിശോധിക്കുന്ന ചുമതല സ്വകാര്യ സ്ഥാപനത്തിന് കൈമാറിയതിനുള്ള കാരണം സമിതി ആരാഞ്ഞതിന് അക്കൗണ്ട്സ് വിഭാഗം കണക്കുകൾ തയ്യാറാക്കിയാലും ഒരു സർട്ടിഫൈഡ് ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തണമെന്നാണ് ചട്ടമെന്നും ബോർഡ് അനുവദിച്ച വായ്പ സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് സ്വകാര്യ സ്ഥാപനത്തിന് ഇത്തരത്തിൽ ചുമതല നൽകിയതെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്), മറുപടി നൽകി.

60. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**61. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പി. എഫ്. വകമാറ്റി ചെലവഴിക്കുന്നു**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 17(1)-(4); 26(8)

ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ബോർഡ് വകമാറ്റി ചെലവഴിക്കുന്നതായി കാണുന്നു. പി. എഫിന് പ്രത്യേകം അക്കൗണ്ട് തുടങ്ങണമെന്ന നിർദ്ദേശം ബോർഡ് പാലിച്ചിട്ടില്ല.

കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിർണയിക്കുന്ന പലിശ നിരക്കും ബാധകമാക്കാറില്ല. 2002-03 ലും പലിശനിരക്ക് കുറച്ചിരുന്നെങ്കിലും കൂടിയ നിരക്കിൽ പലിശ അനുവദിക്കപ്പെട്ടതായി കാണുന്നു. പി. എഫ്. ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ച് വായ്പകൾ അനുവദിക്കപ്പെട്ടതായും കാണുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10.3.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62. ജീവനക്കാരുടെ പി. എഫ്. ബോർഡ് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2004-ലെ ബോർഡ് തീരുമാനപ്രകാരം ബോർഡിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക നിക്ഷേപിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുകയും ഉയർന്ന നിരക്കിൽ പലിശ ലഭിക്കത്തക്കവിധം സ്ഥിര നിക്ഷേപമാക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രതിമാസം 7 ലക്ഷം രൂപാ വീതം ഈ ഫണ്ടിലേക്ക് ഒടുക്കുവരുത്തുകയും, പി.എഫ്. ബാധ്യതകൾ പ്രസ്തുത ഫണ്ടിൽ നിന്നും നിറവേറ്റി വരുകയും ചെയ്യുന്നുവെന്നും എന്നാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുന്ന മാസങ്ങളിൽ ഈ ഫണ്ടിലേക്ക് തുക ഒടുക്കു വരുത്തുന്നില്ലെന്നും എന്നാൽ ബോർഡ് ജീവനക്കാരുടെ പി.എഫ്. ബാദ്ധ്യതകൾ തീർക്കുന്നതിന് ആവശ്യമായ തുക ടി അക്കൗണ്ടിൽ ഇല്ലാത്തതുകൊണ്ട് ആയത് നിറവേറ്റുന്നതിന് ബോർഡിന്റെ തനത് ഫണ്ടിനെയാണ് ആശ്രയിക്കുന്നതെന്നും ബോർഡിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്നും നിലവിൽ ബാങ്ക് സ്ഥിര നിക്ഷേപങ്ങൾക്ക് ആറേകാൽ മുതൽ ഏഴേകാൽ ശതമാനം വരെ പലിശ ലഭിക്കുന്നുണ്ടെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്), സമിതിയെ അറിയിച്ചു. പ്രസ്തുത പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**63. പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൈത്രി: നഷ്ടം നികത്താൻ നിക്ഷേപം നടത്തിയില്ല**

[2002-2003 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 20(7) ; 20(9)]

മൈത്രി ഭവന പദ്ധതി നടപ്പാക്കുന്നതിലൂടെയുണ്ടാകുന്ന നഷ്ടം നികത്താൻ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിക്ഷേപം നടത്തിയില്ല.

ബോർഡിന്റെ കണക്കുകൾ പ്രകാരം 2002-03 വരെ 344.5 കോടി രൂപ നിക്ഷേപിക്കേണ്ടതുണ്ട്. നിക്ഷേപം നടത്താത്തത് ബോർഡിന് വൻ നഷ്ടവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും സൃഷ്ടിച്ചേക്കും.

മൈത്രി ഭവന പദ്ധതിക്ക് അംഗീകാരം വാങ്ങുമ്പോൾ ഗുണഭോക്താക്കൾക്ക് വേണ്ടി സ്പോൺസർ അടയ്ക്കുന്ന ആന്വിറ്റി ഡിപ്പോസിറ്റ് മതിയായ പലിശ ലഭിക്കുന്ന തരത്തിൽ നിക്ഷേപിച്ച് നഷ്ടം നികത്തുമെന്ന് ബോർഡ് സർക്കാരിന് ഉറപ്പ് നൽകിയിരുന്നു. നിക്ഷേപം നടത്താതെ സർക്കാരിന് നൽകിയ ഉറപ്പും ബോർഡ് ലംഘിച്ചിരിക്കുകയാണ്.

മൈത്രി ഭവന പദ്ധതി ഗുണഭോക്താവിന് വേണ്ടി സ്പോൺസർ ആന്വിറ്റി ഡിപ്പോസിറ്റായി 97-98 വരെ 11,600 രൂപയും 97-98 മുതൽ 12,500 രൂപയും വീതമാണ് ബോർഡിൽ അടയ്ക്കേണ്ടത്. ഈ നിക്ഷേപത്തിന്മേൽ, ബോർഡ് ഗുണഭോക്താവിന് 28,000 രൂപയാണ് വായ്പ നൽകുന്നത്. വായ്പയിൽ 9,000 രൂപ സർക്കാർ സബ്സിഡി കിഴിച്ച് 19,000 രൂപ ഗുണഭോക്താവ് പലിശ രഹിത തവണകളായി തിരിച്ചടയ്ക്കണം.

ആന്വിറ്റി ഡിപ്പോസിറ്റും ബോർഡ് നൽകുന്ന വായ്പയും തമ്മിലുള്ള വ്യത്യാസം 6,500 രൂപയുടെ നഷ്ടം നികത്താൻ, ആന്വിറ്റി ഡിപ്പോസിറ്റ് മതിയായ പലിശ ലഭ്യമാകുന്ന തരത്തിൽ നിക്ഷേപിക്കുവാനായിരുന്നു ബോർഡിന്റെ ലക്ഷ്യം. എന്നാൽ പദ്ധതി നടപ്പാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ബോർഡ് നിക്ഷേപം നടത്തിയില്ല.

31-3-03 വരെ ലഭിച്ച 295857 അപേക്ഷകളിൽ 282024 എണ്ണത്തിന് വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ 97-98 വരെയുള്ളത് 89692-ഉം അതിന് ശേഷം ലഭിച്ച 193732 അപേക്ഷകളുമുണ്ട്.

നഷ്ടം ഒഴിവാക്കാനായി 2002-03 വരെ ലഭിച്ച ആകെ 295857 അപേക്ഷകളിൽ പദ്ധതി നിർദ്ദേശപ്രകാരം ബോർഡ് നടത്തേണ്ടിയിരുന്നത് 344.5 കോടി രൂപയുടെ നിക്ഷേപമായിരുന്നു.

നിക്ഷേപം നടത്താത്തതിനാൽ ബോർഡിന് ഉണ്ടായ നഷ്ടം അന്വേഷണം നടത്തി തിട്ടപ്പെടുത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10.3.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. 8-11-2011-ലെ സ(ഉ)നമ്പർ 34/01/ഭവനം പ്രകാരം മൈത്രീ ഭവന പദ്ധതിയിലെ വായ്പകളെല്ലാം സർക്കാർ എഴുതി തള്ളുകയുണ്ടായെന്ന് സമിതി നിരീക്ഷിച്ചു.

65. ഗൃഹശ്രീ പദ്ധതിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2013-ൽ ആരംഭിച്ച പദ്ധതിയാണ് ഇത് എന്നും 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ സ്പോൺസറിന്റെ വിഹിതവും ഒരു ലക്ഷം രൂപ ഗുണഭോക്താവിന്റേതുമടക്കം 4 ലക്ഷം രൂപയുടെ സ്കീമാണിത് എന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 4000 ത്തോളം അപേക്ഷകൾ നിലവിൽ പെന്റിംഗിലുണ്ടെന്നും ഗുണഭോക്താവിന്റെ സ്ഥലത്ത് സ്വന്തമായി വീട് നിർമ്മിച്ചു നൽകുമെന്നും ഗുണഭോക്താവാണ് സ്പോൺസറെ കണ്ടെത്തുന്നതെന്നും നിലവിൽ കുറച്ച് വീടുകൾ കൂടി പൂർത്തീകരിക്കാൻ ഉണ്ടെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

66. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം നീക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**67. പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടെലിഫോൺ: പരിധി കവിഞ്ഞുള്ള കോൾ നിരക്ക് ബോർഡ് ഫണ്ടിൽ നിന്ന്.**

[1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 27.5(എ)] (ഹെഡ് ഓഫീസ്, തിരുവനന്തപുരം)

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 23.12) (ഹെഡ് ഓഫീസ്, തിരുവനന്തപുരം)

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 44.7) (ഹെഡ് ഓഫീസ്, തിരുവനന്തപുരം)

വസതികളിൽ ഔദ്യോഗിക ടെലിഫോൺ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ 500 കോളുകൾ കവിഞ്ഞുള്ളവയുടെ ചാർജ് സ്വന്തമായി വഹിക്കണമെന്ന് 14-1-1992-ലെ ജി.ഒ.(പി)നം.453/92/ധന ഉത്തരവുപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബോർഡിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ടെലിഫോണുകളുടെ ബില്ലുകൾ പരിശോധിച്ചതിൽ സർക്കാർ അനുശാസിക്കുന്ന നിയന്ത്രണം പാലിക്കാതെ മുഴുവൻ കോളുകളുടെ നിരക്കും ബോർഡ് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതായി കാണുന്നു.

ഈയിനത്തിൽ 98,665 രൂപ ബോർഡ് ചെലവഴിച്ചിട്ടുണ്ട്. ഇത് ക്രമവിരുദ്ധവും മേൽ സർക്കാർ ഉത്തരവിന്റെ ലംഘനവും ബോർഡിന് നഷ്ടവുമായതിനാൽ അധികം നൽകിയ 98,665 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ മുൻ ചെയർമാനിൽനിന്നും പരിധി കഴിഞ്ഞുള്ള കോൾ നിരക്ക് ഈടാക്കുകയും എന്നാൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങിയ ഉദ്യോഗസ്ഥരിൽനിന്നും കിട്ടാനുള്ള 14,265 രൂപ ഈടാക്കാതിരുന്ന നടപടി ന്യായീകരിക്കത്തക്കതല്ല എന്ന് അഭിപ്രായപ്പെട്ട സമിതി ബന്ധപ്പെട്ട ഉദ്യാഗസ്ഥരിൽ നിന്നും തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**69. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ മുൻ ചെയർമാനിൽനിന്നും പരിധി കഴിഞ്ഞുള്ള കോൾ നിരക്ക് ഈടാക്കുകയും എന്നാൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങിയ ഉദ്യോഗസ്ഥരിൽനിന്നും കിട്ടാനുള്ള 14,265 രൂപ ഈടാക്കാതിരിക്കുകയും ചെയ്ത നടപടിയെ സമിതി രൂക്ഷമായി വിമർശിക്കുന്നു. പരാമർശവിധേയരായ ഉദ്യാഗസ്ഥരിൽനിന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തുക തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അംഗീകാരമില്ലാതെ മൊബൈൽഫോൺ ചാർജ്ജ് നൽകി**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 20.7) (ഹെഡ് ഓഫീസ്, തിരുവനന്തപുരം)

സർക്കാർ ഉത്തരവ്(പി) 1589/98/ധന. തീയതി 15-6-98 പ്രകാരം, സർക്കാർ അനുമതിയില്ലാതെ വകുപ്പിനോ/ബോർഡിനോ മൊബൈൽഫോൺ ഉപയോഗിക്കാൻ

പറ്റുകയില്ല. അങ്ങനെ അനുമതി ലഭിച്ച വകുപ്പുകൾ തന്നെ ഫോൺ തുടർന്ന് ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം ലഭിക്കേണ്ടതാണ്. എന്നാൽ ബോർഡ് ചെയർമാനും, സെക്രട്ടറിയും ഉപയോഗിക്കുന്ന, മൊബൈൽഫോണുകൾ മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ 1,01,376 രൂപ ബി.പി.എൽ. സെല്ലുലാർ കമ്പനിക്ക് സർവ്വീസ് ചാർജ്ജ് ഇനത്തിൽ കൊടുത്തതായി കാണുന്നു. ഓഡിറ്റിൽ ഈ ക്രമക്കേട് പലതവണ ചൂണ്ടിക്കാണിച്ചെങ്കിലും മൊബൈൽഫോൺ ഉപയോഗിക്കുന്നതിനുള്ള സർക്കാർ അംഗീകാരം ലഭിച്ച രേഖകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

70. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**71. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്രമവിരുദ്ധമായി ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയും സിറ്റികോമ്പൻസെറ്ററി അലവൻസും**

സർക്കാർ ഉത്തരവ് (പി) നമ്പർ3000/98/ധന തീയതി: 25-11-98 ഖണ്ഡിക 38(എ) പ്രകാരം പുതുക്കിയ നിരക്കിലുള്ള എച്ച്. ആർ. എ., സി. സി. എ. എന്നിവയ്ക്ക് 1-11-98 മുതൽ മാത്രമേ പ്രാബല്യം ഉള്ളൂ. ഉത്തരവു ലംഘിച്ച് തുക അധികമായി നൽകിയിട്ടുണ്ട്.

(1999-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 34B1, 35.1, 37.1, 45.1)

കൊല്ലം, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നീ ഡിവിഷൻ ഓഫീസുകളിലെ 75 ജീവനക്കാർക്ക്, മേൽ ഉത്തരവും ലംഘിച്ച് 2,21,403 രൂപ നൽകുകയുണ്ടായി. ഇത് ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കി ബോർഡ് ഫണ്ടിൽ ചേർക്കേണ്ടതാണ്.

(1999-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 28.2) (കൊല്ലം ഡിവിഷൻ)

പുതുക്കിയ നിരക്കിലുള്ള വീട്ടു വാടക ബത്ത 5/97 മുതൽ 19/98 വരെ ശ്രീ. എൻ. ശശിധരൻ, അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. മേൽ ഉത്തരവിന് വിരുദ്ധമായതിനാൽ അധികമായി നൽകിയ 3,200 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(2001-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 33.2) (കൊല്ലം ഡിവിഷൻ)

കേരള സർക്കാരിന്റെ 10-12-99-ലെ ജി.ഒ.(എം.എസ്)236/99/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റികൾ കോർപ്പറേഷന്റെ പദവിയിലേയ്ക്ക് ഉയർത്തുകയുണ്ടായി. ഇതിനനുസൃതമായി കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള ഡിവിഷൻ ഓഫീസിലെ വിവിധ തസ്തികകളിലെ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയും സിറ്റികോമ്പൻസേറ്ററി അലവൻസും അനുവദിച്ചു നൽകി. ആനുകൂല്യങ്ങൾ ഉയർന്ന നിരക്കിൽ നൽകുന്നതിന് കോർപ്പറേഷൻ പദവി അംഗീകരിച്ചുകൊണ്ടുള്ള ഭാരതസർക്കാരിന്റെ വിജ്ഞാപനം ആവശ്യമാണ്. അതിന്റെ അഭാവത്തിൽ അധികമായി അനുവദിച്ചു നൽകിയ 63,205 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(2001-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 39.2)

മേൽ സൂചിപ്പിച്ച പ്രകാരം ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും സിറ്റികോമ്പൻസേറ്ററി അലവൻസും തൃശ്ശൂർ ഡിവിഷനിലെ ജീവനക്കാർക്കും നൽകുകയുണ്ടായി. ഈ ഇനത്തിൽ അധികമായി നൽകിയ 82,562 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(2001-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 35.1)

25-11-98-ലെ ജി.ഒ.(പി) നമ്പർ 3000/98/ധന-ാം നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിലെ 11(ii) ഖണ്ഡിക പ്രകാരം വീട്ടുവാടക ബത്ത നൽകുന്നതിന് വേണ്ടി ജോലി ചെയ്യുന്ന പ്രദേശങ്ങളെ നാല് വിഭാഗമായി തിരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.എച്ച്.ബി. കോട്ടയം ഡിവിഷന്റെ കീഴിലുള്ള പൂഞ്ഞാർ, അപ്പൻചിറ ശാഖാ ഓഫീസുകൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥതിചെയ്യുന്നതിനാൽ ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 100 രൂപ നിരക്കിലാണ് വീട്ടുവാടക ബത്ത നൽകേണ്ടത്. എന്നാൽ ഈ ഓഫീസുകളിലെ ശമ്പള വൗച്ചറുകൾ പരിശോധിച്ചപ്പോൾ ജില്ലാ ആസ്ഥാനത്തെ നിരക്കിന് തുല്യമായ നിരക്കിൽ വീട്ടുവാടകബത്ത നൽകിയതായി കാണുന്നു. ഇപ്രകാരം 1-4-2001 മുതൽ 30-10-2001 വരെ അധികമായി നൽകിയ വീട്ടുവാടക ബത്ത 5,678 രൂപ തിരിച്ചു പിടിച്ച് ബോർഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(2002-2003 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 44.2)

കോതമംഗലം റവന്യു ടവറിൽ ജോലി ചെയ്യുന്ന എ. ഇ. ശ്രീ. കെ. ജോസഫ്, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. എം. പി. സദാശിവൻ എന്നിവർക്കും ഇടുക്കി ഡിവിഷൻ ഓഫീസിൽ ജോലി ചെയ്യുന്ന എ. ഇ. ശ്രീ. കെ. എം. ഷംസു എന്നിവർക്കും എറണാകുളം കോർപ്പറേഷൻ നിരക്കിലുള്ള വീട്ടുവാടക ബത്ത നൽകിയത് അനുവദനീയമല്ല. ജി.ഒ.(പി)3000/-98/ഫിൻ 25-11-98 പ്രകാരം ഇടുക്കി, കോതമംഗലം എന്നീ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ജില്ല/താലൂക്ക് തലസ്ഥാനങ്ങൾ/ബി2 സിറ്റികൾ ഒഴികെ എന്ന വിഭാഗത്തിലെ വീട്ടു വാടകബത്തയ്ക്കേ അർഹതയുള്ളൂ. ഈയിനത്തിൽ 1,600 രൂപ വീതം അധികം വാങ്ങിയ 4,800 രൂപ (1600 x 3) തിരിച്ചു പിടിക്കേണ്ടതാണ്.

(2002-2003 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 48.3) (തൃശൂർ ഡിവിഷൻ ഓഫീസ്)

തൃശൂർ ഡിവിഷൻ ഓഫീസിലെ ജീവനക്കാർക്ക് കോർപ്പറേഷൻ നിരക്കിലുള്ള സി.സി.എ.-യും വീട്ടുവാടക ബത്തയുമാണ് നൽകിയിരിക്കുന്നത്. എന്നാൽ സി ക്ലാസ്സ് സിറ്റിയുടെ വീട്ടുവാടകയ്ക്കേ അർഹതയുള്ളൂ. ആയതിനാൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് ഉയർന്ന നിരക്കിലുള്ള വീട്ടുവാടകബത്ത എന്നീ ഇനത്തിൽ അധികം നൽകിയ 22,540 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരിച്ചുപിടിക്കേണ്ടതാണ്.

(2002-2003 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 31.5) (കൊല്ലം ഡിവിഷൻ ഓഫീസ്)

അർഹതയില്ലെന്ന് മുൻ ആഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ഹൗസിംഗ് ബോർഡ് കൊല്ലം ഡിവിഷൻ ഓഫീസിലെ ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും സി.സി.എ.-യും അനുവദിച്ചതുമൂലം അധികം നൽകിയ 8,815 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**73. പരാമർശവിധേയരായ ഉദ്യോഗസ്ഥരിൽനിന്നും അധികമായി കൈപ്പറ്റിയ തുക തിരികെ പിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിടം കെ.റ്റി.ഡി.സി. സ്റ്റാഫിന് താമസിക്കുന്നതിന്; വാടക 2.3 ലക്ഷം ബോർഡ് ഫണ്ടിൽ നിന്ന്**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 31.2)

എറണാകുളത്ത് റവന്യൂ ടവറിനുവേണ്ടി കെ.റ്റി.ഡി.സിയുടെ 35 സെന്റ് സ്ഥലം ഏറ്റെടുത്തപ്പോൾ അവിടെ താമസിച്ചുകൊണ്ടിരുന്ന കെ.റ്റി. ഡി.സി. ഉദ്യോഗസ്ഥരെ മാറ്റി പാർപ്പിക്കുന്നതിലേക്കായി ഹൗസിംഗ് ബോർഡ് കെട്ടിടം വാടകയ്ക്ക് എടുത്തുകൊടുത്തു. ഹൗസിംഗ് ബോർഡ്, കെ.റ്റി.ഡി.സി. ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിന് വേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുക്കുവാൻ സർക്കാർ ഉത്തരവുകളൊന്നും നിഷ്കർഷിക്കുന്നില്ല. എന്നാൽ പ്രോജക്ട് മാനേജരും ജില്ലാ കളക്ടറും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരമാണ് കെട്ടിടം വാടകയ്ക്ക് എടുത്തുകൊടുക്കാമെന്ന് സമ്മതിച്ചതായി ഓഡിറ്റിനെ അറിയിച്ചുവെങ്കിലും ഇത് സംബന്ധിച്ച യാതൊരു കരാറും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. കെ.റ്റി.ഡി.സി. സ്റ്റാഫിന് താമസിക്കുന്നതിനു വേണ്ടിയുള്ള കെട്ടിടം വാടകയ്ക്ക് എടുത്തു കൊടുത്ത കാലയളവിലുള്ള വൈദ്യുതി നിരക്കും ബോർഡ് നൽകിയതായും കരുതുന്നു.

അനധികൃതമായി ബോർഡ് ചെലവഴിച്ച 2,03,790 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**75. എറണാകുളത്തെ റവന്യൂ ടവറിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും പ്രസ്തുത ടവർ എങ്ങനെ ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ചും ഹൗസിംഗ് ബോർഡ് തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**76. കെ.റ്റി.ഡി.സി. സ്റ്റാഫിന് താമസിക്കുന്നതിനു വേണ്ടി ഹൗസിംഗ് ബോർഡ് ചെലവാക്കിയ തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രസീത്: അടവിൽ കുറവ്**

[1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 34.1(എ)] (കൊല്ലം ഡിവിഷൻ ഓഫീസ്)

8-12-99 മുതൽ 9-3-2000 വരെയുള്ള കാലയളവിൽ കൊല്ലം ഡിവിഷൻ ആഫീസിൽ രസീതുപ്രകാരം ഈടാക്കിയ തുക ഡേ ബുക്കിൽ ചേർത്ത് അടച്ചപ്പോൾ 50,330 രൂപ കുറച്ച് അടച്ചിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. കൊല്ലം ഡിവിഷൻ ഓഫീസിൽ പണം അപഹരിച്ച ഉദ്യോഗസ്ഥരായ ശ്രീ. തുളസീധരൻ, ശ്രീമതി എം. ആർ. രാധാമണി എന്നിവരെ ബോർഡ് നടത്തിയ വിജിലൻസ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പ്രസ്തുത ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും പിന്നിട് ടി രണ്ട് ഉദ്യോഗസ്ഥരും സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ടെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

78.പ്രസ്തുത സംഭവത്തിൽ ഹൗസിംഗ് ബോർഡ് കുറ്റക്കാരെ സംരക്ഷിച്ച നടപടി ശരിയല്ലായെന്ന് സമിതി നിരീക്ഷിച്ചു. തുടർന്ന് ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**79. പണാപഹരണം നടത്തിയ ഉദ്യോഗസ്ഥരെ ബോർഡ് നടത്തിയ വിജിലൻസ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ച് സർവ്വീസിൽ തിരിച്ചു പ്രവേശിപ്പിക്കുകയും ചെയ്തുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സംഭവത്തിൽ ഹൗസിംഗ് ബോർഡ് കുറ്റക്കാരെ**

**സംരക്ഷിച്ച നടപടി ശരിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികുതികളും കെട്ടിട നിർമ്മാണ തൊഴിലാളിവിഹിതവും ഈടാക്കിയില്ല**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 37.6, 38.5, 39.4)

(കോട്ടയം, ഇടുക്കി, എറണാകുളം, തിരുവനന്തപുരം)

താഴെ പറയുന്ന വർക്കുകളിൽ നിന്നും ആദായനികുതി, വില്പനനികുതി, തൊഴിലാളിക്ഷേമ നിധിവിഹിതം എന്നിവ ഈടാക്കിയിട്ടില്ല. ഈയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി അതാത് വകുപ്പിലേക്ക് അടയ്ക്കേണ്ടതാണ്.

| ഡിവിഷൻ | വൗച്ചർ | ആദായ നികുതി | വില്പന നികുതി | കെട്ടിട നിർവ്വഹണ തൊഴിലാളി ക്ഷേമനിധി |
|---|---|---|---|---|
| കോട്ടയം | 2-8-99 മുതൽ 11-11-99 വരെ | 53,284 | 48,439 | 24,219 |
| ഇടുക്കി | 17-4-99 മുതൽ 4-11-99 വരെ | 5,311 | - | 16,499 |
| എറണാകുളം | 13-6-99 മുതൽ 29-3-00 വരെ | 33,161 | - | - |
| തിരുവനന്തപുരം | 1-10-99 മുതൽ 13-1-00 വരെ | 23,476 | - | - |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**81. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സിന് അനധികൃതമായി കൺസൾട്ടൻസി ചാർജ്ജ് നൽകി**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 38.6) (ഇടുക്കി ഡിവിഷൻ)

കട്ടപ്പന ഷോപ്പിംഗ് കോംപ്ലക്സിന് കൺസൾട്ടൻസി ചാർജ്ജായി 0.2% നിരക്കിൽ 21,235 രൂപ ശ്രീ.കെ.സി. അലക്സാണ്ടർക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ബോർഡ് തീരുമാനമെടുക്കുന്നത് 1-8-1999 ലാണ്. എന്നാൽ 7-2-1999-ൽ തന്നെ ശ്രീ.കെ.സി. അലക്സാണ്ടർക്ക് തുക നൽകുകയുണ്ടായി. ഇതിൽ നിന്നും അനധികൃതമായാണ് തുക നൽകിയതെന്ന് വ്യക്തമാണ്, ആയതിനാൽ ഈയിനത്തിൽ നൽകിയ 21,235 രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. ഷോപ്പിംഗ് കോംപ്ലക്സിന് അനധികൃതമായി കൺസൾട്ടൻസി ചാർജ് നൽകിയെന്ന ഓഡിറ്റ് പരാമർശം ബോർഡ് അഡീഷണൽ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയതിനുള്ള കാരണം സമിതി ആരാഞ്ഞതിന് കൺസൾട്ടൻസിക്ക് കൊടുക്കുന്ന ഫീസിന്റെ കാര്യം ബോർഡ് ആദ്യം പരിഗണിച്ചിരുന്നില്ലായെന്നും വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിച്ചാണ് കൺസൾട്ടൻസിയെ നിയമിക്കുന്നതെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

83. എറണാകുളം, കട്ടപ്പന ഷോപ്പിംഗ് കോംപ്ലക്സുകളുടെ ആർക്കിടെക്ചറൽ ഡിസൈനുകളും സ്ട്രക്ചറൽ ഡിസൈനുകളും തയ്യാറാക്കിയത് പ്രൈവറ്റ് ആർക്കിടെക്ടുകളായിരുന്നെന്നും എന്നാൽ, നിലവിൽ പത്രപ്പരസ്യം നൽകി, സാങ്കേതിക യോഗ്യതകൾ പരിശോധിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്നവരെയാണ് നിയമിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മറുപടി നൽകി.

84. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

85.**പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഹഡ്കോ വായ്പ വകമാറ്റുവാൻ ബാങ്കുകളിൽ നിക്ഷേപിച്ചു**

[2000-01 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 16.9(4) (ഹെഡ് ഓഫീസ് തിരുവനന്തപുരം]

സാമ്പത്തികമായി പിന്നോക്കമുള്ളവരുടെ ഭവന നിർമ്മാണത്തിന് വിനിയോഗിക്കുന്നതിലേയ്ക്ക് 2000-01 -ൽ ഹഡ്കോ വായ്പയായി ലഭിച്ച 145.33 കോടി രൂപയിൽ 125 കോടി രൂപ ബോർഡ് വിവിധ ബാങ്കുകളിൽ മറ്റ് വായ്പയുടെ തിരിച്ചടവിനായി നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്നുള്ള വായ്പയുടെ തിരിച്ചടവിനും ഈ തുക വിനിയോഗിച്ചിട്ടുണ്ട്. ഈ നടപടിക്ക് 18-4-2000-ലെ ബോർഡ് മീറ്റിംഗിലെ മിനിറ്റ്സിൽ 'മറ്റ് ഇനങ്ങൾ' എന്നപേരിൽ അംഗീകാരം നൽകിയിട്ടുണ്ട്. സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്ക് ലഭിക്കേണ്ട തുക വകമാറ്റി ബാങ്കുകളിൽ മറ്റാവശ്യങ്ങൾക്കായി നിക്ഷേപിച്ചത് ഹഡ്കോയുടെ ഉദ്ദേശലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനമാണ്. ഹഡ്കോയിൽ പ്രത്യേക പദ്ധതികൾക്കായി നീക്കി വച്ചിട്ടുള്ള കോടി കണക്കിനുള്ള തുക ബാദ്ധ്യത തീർക്കാൻ വേണ്ടി ബോർഡ് വിനിയോഗിക്കുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. പ്രയോജനമുള്ള പദ്ധതികൾക്ക് ഫലപ്രദമായി ചെലവാക്കേണ്ടതുക ചെറിയ കാലയളവുകളിലേയ്ക്ക് സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ച ശേഷം ബോർഡിന്റെ ബാദ്ധ്യത തീർക്കാൻ ഉപയോഗിക്കുന്ന രീതി സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86.ഹഡ്കോയുടെ വായ്പ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സാമ്പത്തികമായി പിന്നോക്കമുള്ളവരുടെ ഭവന നിർമ്മാണത്തിന് വിനിയോഗിക്കുന്നതിലേയ്ക്ക് 2000-2001-ൽ ഹഡ്കോ വായ്പയായി ലഭിച്ച 145.33 കോടി രൂപയിൽ 125 കോടി ബോർഡ് വിവിധ ന്യൂജനറേഷൻ ബാങ്കുകളിൽ മറ്റ് വായ്പയുടെ തിരിച്ചടവിനായി ബോർഡ് തീരുമാനമനുസരിച്ച് നിക്ഷേപിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) (അഡീഷണൽ സെക്രട്ടറി) മറുപടി നൽകി.

87.ഇതേ തുടർന്ന് സമിതി സ്വകാര്യ ബാങ്കുകളിൽ വായ്പാ തുക നിക്ഷേപിച്ചതിനുള്ള കാരണം ആരാഞ്ഞതിന് പലിശ കൂടുതൽ കിട്ടുന്ന ബാങ്കുകളിൽ നിക്ഷേപിക്കാമെന്ന ബോർഡ് തീരുമാനപ്രകാരമാണ് സ്വകാര്യ ബാങ്കുകളിൽ വായ്പാ തുക നിക്ഷേപിച്ചത് എന്നും എന്നാൽ ഇപ്പോൾ ബോർഡ് എസ്.ബി.ഐ., ഫെഡറൽ ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ മൂന്ന് ബാങ്കുകളിൽ മാത്രമേ ഓപ്പറേറ്റ് ചെയ്യുന്നുള്ളൂയെന്നും നിലവിൽ അങ്ങനെയുള്ള നിക്ഷേപങ്ങളൊന്നുമില്ലായെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

88.ഭവന നിർമ്മാണ ബോർഡ് ഹഡ്കോ വായ്പ ആവശ്യാനുസരണം പിൻവലിക്കേണ്ടതായിരുന്നുയെന്നും അതിനുപകരം മുഴുവൻ വായ്പാ തുകയും പിൻവലിച്ച് സ്വകാര്യ ബാങ്കിലേയ്ക്ക് മാറ്റിയ നടപടി തെറ്റാണെന്നും 2012-ൽ ഗവൺമെന്റാണ് 239.56 കോടി രൂപ പലിശ സഹിതം പൂർണമായും തിരിച്ചടച്ചതെന്നും അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ് സമിതിയെ ബോധിപ്പിച്ചു.

89.സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന നിർമ്മാണത്തിനായുള്ള 225 കോടി രൂപയുടെ വായ്പയിൽ 125 കോടി രൂപ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ച നടപടി ചട്ടവിരുദ്ധമായ കാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**90. സാമ്പത്തികമായി പിന്നോക്കമുള്ളവരുടെ ഭവന നിർമ്മാണത്തിന് വിനിയോഗിക്കുന്നതിലേയ്ക്ക് 2000-01 -ൽ ഹഡ്കോ വായ്പയായി ലഭിച്ച തുക പ്രയോജനമുള്ള പദ്ധതികൾക്ക് ചെലവാക്കാതെ ബോർഡ് വിവിധ ബാങ്കുകളിൽ മറ്റ് വായ്പകളുടെ തിരിച്ചടവിനായി നിക്ഷേപിച്ച നടപടി തികച്ചും ചട്ടവിരുദ്ധമായ കാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**91. പരാമർശവിധേയമായ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട് എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബോർഡ് അംഗങ്ങൾക്ക് യാത്രാബത്ത: 1.3 ലക്ഷം അധികം**

(2000-01 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 20.2) (ഹെഡ് ഓഫീസ് തിരുവനന്തപുരം)

കെ.എസ്.ആർ.ഭാഗം II ചട്ടം (III) ചട്ടം (II) ചട്ടം (III) എന്നിവ പ്രകാരം I ക്ലാസ് കമ്മിറ്റിയിലും ബോർഡിലും ഉൾപ്പെടുന്ന അനുദ്യോഗസ്ഥർക്ക് ഗ്രേഡ് I ഉദ്യോഗസ്ഥരുടെ യാത്രാബത്തയേ കൊടുക്കാൻ പാടുള്ളൂ. 25-10-1995-ലെ സർക്കാർ

ഉത്തരവ് (പി) നമ്പർ 707/95/ധന. പ്രകാരം 1-4-1997 മുതൽ ഉദ്യോഗസ്ഥരുടെ യാത്രാബത്തയുടെ മാസ പരിധി 1500 രൂപയിൽ കവിയാൻ പാടില്ല. ഈ നിയമം ബോർഡിലെ മെമ്പർമാർക്കും ബാധകമായതിനാൽ മാസപരിധിയിൽ കവിഞ്ഞുവന്ന 1,33,555 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. സീലിംഗ് പരിധി ഉയർത്താതെ ഭവന നിർമ്മാണ ബോർഡ് അംഗങ്ങൾക്ക് നിയമവിരുദ്ധമായി യാത്രാബത്ത നൽകിയത് തെറ്റാണെന്ന് സമിതി നിരീക്ഷിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**93. സീലിംഗ് പരിധി ഉയർത്താതെ ഭവന നിർമ്മാണ ബോർഡ് അംഗങ്ങൾക്ക് നിയമവിരുദ്ധമായി യാത്രാബത്ത നൽകിയ നടപടി തെറ്റാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചങ്ങനാശ്ശേരി റവന്യൂ ടവർ; ഒരേ ജോലിക്ക് രണ്ട് നിരക്ക്**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 4.3) (പ്രൊ ടവർ ചങ്ങനാശ്ശേരി)

ഫൗണ്ടേഷന് ചുറ്റും മണ്ണ് ഇടിയാതിരിക്കാനാണ് ചാക്കിൽ മണ്ണ് നിറച്ച് ഇടാനുള്ള ജോലി എക്സ്ട്രാ ഐറ്റം എ പ്രകാരം നിശ്ചയിച്ചിരുന്നത്. ചീഫ് എഞ്ചിനീയറുടെ 22-11-1997-ലെ കത്ത് പ്രകാരം ഇതിന്റെ നിരക്ക് 404.01/എം.എസ്.ആയി നിശ്ചയിച്ചിരുന്നു. എന്നാൽ ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ പണിയ്ക്ക് ഇതേ ജോലിയുടെ നിരക്ക് ചീഫ് എഞ്ചിനീയറുടെ 28-8-1997-ലെ കത്ത് പ്രകാരം 390.85 എം$^3$ ആയിരുന്നു. ഒരേ തരത്തിലുള്ള ജോലിക്ക് രണ്ട് നിരക്ക് കൊടുത്തിരിക്കുന്നതിനാൽ അധിക വേതന ഇനത്തിൽ ചെലവായ 25,495 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.10]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**95. ഒരേ തരത്തിലുള്ള ജോലിയ്ക്ക് രണ്ട് നിരക്ക് കൊടുത്തതിനാൽ അധിക വേതന ഇനത്തിൽ ചെലവായ 25,495 രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൈത്രീഭവനം: ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച 16.24 ലക്ഷം രൂപ ഫലപ്രദമായി വിനിയോഗിച്ചില്ല**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 28.11) (കൊല്ലം ഡിവിഷൻ)

മൈത്രി പദ്ധതിയിൽ ഒറ്റത്തവണ ആന്യുയറ്റി നിക്ഷേപപ്രകാരം ഒരു ഗുണഭോക്താവിന് 12,500 രൂപ നിരക്കിൽ കൊല്ലം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 1.68 കോടി രൂപ കിട്ടിയതായി കാണുന്നു. ഇതിൽ 13.99 ലക്ഷം രൂപ വിനിയോഗിച്ചതായി കാണുന്നില്ല. കൂടാതെ 1998-99-ൽ മൈത്രി ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചെങ്കിലും ചില അപേക്ഷകൾ ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരം പരിഗണിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ വരുന്ന ആന്യുയിറ്റി നിക്ഷേപമായ 2,25,000 രൂപ പഞ്ചായത്തുകളിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റ് തുകയാണിതെന്നും 1998-99-ൽ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽനിന്നും അപേക്ഷ സ്വീകരിച്ചുവെങ്കിലും വായ്പ നൽകാൻ സാധിച്ചില്ലായെന്നും ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾക്ക് ഏകദേശം 22.5 കോടി രൂപ തിരിച്ച് നൽകാനുണ്ടെന്നും ഭീമമായ ഈ തുക ഭവന

നിർമ്മാണ ബോർഡിന് നൽകാൻ സാധിക്കാത്തതിനാൽ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടെന്നും ടി തുക പഞ്ചായത്തുകളുടെ അക്കൗണ്ടിൽ ചെലവായതുകാരണം തിരിച്ചടയ്ക്കേണ്ടതില്ലെന്ന ഭവന നിർമ്മാണ ബോർഡ്, ധനകാര്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്ത യോഗ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

97. പ്രസ്തുത സർക്കാർ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുവാൻ ശിപാർശ ചെയ്യുന്നതോടൊപ്പം സമിതി ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**98. മൈത്രി ആന്വറ്റി ഡെപ്പോസിറ്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ ബോർഡിൽ ഒടുക്കിയ തുകയിൽ, വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക, മടക്കി നൽകുന്നതുമായി ബന്ധപ്പെട്ട് 3-5-2016-ൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തരമായി അന്തിമ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കട്ടപ്പന വില്ലേജ് ഓഫീസ് കെട്ടിടത്തിന് വാടക നൽകിയത്- നഷ്ടം 81000 രൂപ**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 33.12) (ഇടുക്കി ഡിവിഷൻ)

കട്ടപ്പന വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ബോർഡ് ഓഫീസ് സമുച്ചയം പണിയുന്നതിനാൽ 28 ഡിസംബർ 1998-ൽ ഈ ഓഫീസ് ശ്രീമതി ഫിലോമിന കുരുവിളയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് 1000 രൂപ മാസ വാടകയ്ക്ക് മാറ്റി സ്ഥാപിച്ചു. ഈ കെട്ടിടത്തിൽ തന്നെയായിരുന്ന കട്ടപ്പന കെ.എസ്.എച്ച്.ബി. ബ്രാഞ്ചും പ്രവർത്തിച്ചിരുന്നത്. 1-2-1996-ൽ ഡിവിഷനും ബ്രാഞ്ചും സംയോജിപ്പിച്ച് പുതിയ കെട്ടിടമായ എച്ച്.എ.എസ്സ്. നമ്പർ 1-ലേക്ക് മാറ്റിയിരുന്നു. 1998 വരെ പുതിയ കെട്ടിടത്തിൽ സ്ഥലം ഒഴിഞ്ഞ് കിടന്നിട്ടും വില്ലേജ് ഓഫീസ് വാടക കെട്ടിടത്തിൽ തന്നെയായിരുന്നു പ്രവർത്തിപ്പിച്ചിരുന്നത്. ബോർഡിന്റെ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയപ്പോൾ തന്നെ വില്ലേജ് ഓഫീസും മാറ്റിയിരുന്നെങ്കിൽ ഈ കാലയളവിലെ വാടക നഷ്ടം ഒഴിവാക്കാമായിരുന്നു.

13-4-2000-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി.ബി. 491/98 കത്ത് മുഖേന വില്ലേജ് ഓഫിസർക്ക് ഓഫീസ് എച്ച്.എ.എസ്സ്. കെട്ടിടത്തിലേക്ക് മാറ്റുന്നതിന് അറിയിപ്പ് നൽകി എന്നാൽ 27-9-2000-വരെ യാതൊരു നടപടിയും എടുത്തിട്ടില്ല. ഇതേകാര്യം ഇ 202/27.9.2000 കത്ത് മുഖേന ജില്ലാ കളക്ടർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട് . ഓഡിറ്റ് സമയത്തും ഓഫീസ് വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്-കെട്ടിടത്തിന് വാടക ഇപ്പോഴും കൊടുക്കുന്നത് കെ.എസ്.എച്ച്.ബി.-യാണ് വാടക 1,000 രൂപയിൽ നിന്നും 3,000 രൂപയാക്കി വർദ്ധിപ്പിച്ചു. യഥാസമയം വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിരുന്നെങ്കിൽ വാടകയിനത്തിൽ കെ.എസ്.എച്ച്.ബി.-യ്ക്ക് ഭീമമായ നഷ്ടം വരില്ലായിരുന്നു. ആയതിനാൽ പുതിയ കെട്ടിടത്തിലേയ്ക്ക് വില്ലേജ് ഓഫീസ് മാറ്റാതിരിന്നിട്ടും എന്തുകൊണ്ട് കെ.എസ്.എച്ച്.ബി. വാടക കൊടുത്തു എന്ന കാര്യം വ്യക്തമാക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ വാടക നൽകിയ തുക 81,000 രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം കട്ടപ്പന കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കിയ ശേഷവും യഥാസമയം വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറാതിരുന്നത് സംബന്ധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**100. കട്ടപ്പന കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കിയ ശേഷവും യഥാക്രമം വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറാതിരുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രസീത് പിരിവിൽ പണാപഹരണം**

(2001-02 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 58.3 ) (മണ്ണാർക്കാട് ശാഖ)

2-3-2002-ലെ രസീത് 818735 പ്രകാരം ശ്രീരാമചന്ദ്രൻ (വായ്പ നമ്പർ വി.എൽ 1016) 6,500 രൂപ ബോർഡിൽ അടച്ചു. ഒർജിനൽ രസീതിൽ തുക രേഖപ്പെടുത്തിയെങ്കിലും ഡ്യൂപ്ലിക്കേറ്റ് രസീതിൽ മാരുതി (വായ്പ നം.എം.എച്ച്.എസ്. 678/96) എന്ന പേരിൽ 260 രൂപ എന്ന് രേഖപ്പെടുത്തി 6,240 രൂപയുടെ പണാപഹരണം നടത്തുകയുണ്ടായി. വിശദമായ പരിശോധനയിൽ ഈ കാലയളവിൽ ക്യാഷ് കളക്ഷന്റെ ചുമതല ശ്രീ. റ്റി. ദാസൻ എൽ.ഡി. ക്ലാർക്കിനാണെന്നും മാരുതി ഇയാളുടെ അമ്മയാണെന്നും ബോദ്ധ്യപ്പെട്ടു. തുടർന്നുള്ള അന്വേഷണത്തിൽ 2002-03-ൽ പലരുടെയും പേരിൽ ലഭിച്ച പണം മാരുതി ഉൾപ്പെടെയുള്ള മറ്റുപലരുടെയും വായ്പാ അക്കൗണ്ടിൽ തുകകുറച്ച് രേഖപ്പെടുത്തി ആകെ 1,05,354 രൂപയുടെ നഷ്ടം ബോർഡിനുണ്ടായിട്ടുണ്ട്. ബോർഡ് സെക്രട്ടറിയുടെ 20-10-2002-ലെ എച്ച്.ബി.ഒ.നം. 558/02 ഉത്തരവ് പ്രകാരം ശ്രീ. റ്റി. ദാസൻ എൽ.ഡി.സി.-യെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. കേസ് ഇപ്പോൾ വിജിലൻസിന്റെ അന്വേഷണത്തിലാണെന്ന് അറിയുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. രസീതിൽ തിരിമറി നടത്തി പണാപഹരണം നടത്തിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് രസീതിൽ എഴുതിയ പേരിൽ തിരുത്തൽ വരുത്തുകയാണ് ചെയ്തിരുന്നതെന്നും ഇത് സംബന്ധിച്ച് പണാപഹരണത്തിന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നുവെന്നും പ്രസ്തുത കേസിന്റെ വിധി വന്നുവെന്നും എന്നാൽ എതിർ കക്ഷി ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണെന്നും ബോർഡിന്റെ നഷ്ടം തിരിച്ചുപിടിക്കണമെന്നായിരുന്നു വിധിയെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

102. പണാപഹരണ കേസുകളിൽ ബോർഡ് വ്യത്യസ്ത നിലപാടുകളാണ് സ്വീകരിക്കുന്നതെന്നും ചില കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും മറ്റ് ചില കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാതെ നഷ്ടമായ തുക തിരിച്ചുപിടിച്ച് പ്രശ്നം ഒതുക്കിത്തീർക്കുകയാണ് ചെയ്യുന്നത് എന്നും സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിഷയത്തിൽ കോടതിയിൽ നിന്ന് അന്തിമവിധി വരുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ റിപ്പോർട്ട് അനുബന്ധം III ആയി ചേർക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**103. പണാപഹരണ കേസുകളിൽ ബോർഡ് വ്യത്യസ്ത നിലപാടുകളാണ് സ്വീകരിക്കുന്നതെന്നും ചില കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും മറ്റ് ചില കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാതെ നഷ്ടമായ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിച്ച് ഒതുക്കിത്തീർക്കുകയാണ് ചെയ്യുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.**

**104. പരാമർശ വിഷയത്തിൽ കോടതിയിൽ നിന്ന് അന്തിമവിധി വരുന്ന മുറയ്ക്ക് ആയതിൻ പ്രകാരം തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബോർഡ് അംഗങ്ങൾ അധികം യാത്രാബത്ത കൈപ്പറ്റി**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 26.11.1)

ഒന്നാം ഗ്രേഡ് ഓഫീസർമാർക്ക് സർക്കാർ അനുവദിച്ച പ്രതിമാസ യാത്രാബത്ത പരിധി 1,500 രൂപ ബോർഡ് മെമ്പർമാർക്കും ബാധകമായിരിക്കെ ഈയിനത്തിൽ പരിധി കവിഞ്ഞ് കൈപ്പറ്റിയ 77,564 രൂപ ഇവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

105. ബോർഡ് അംഗങ്ങൾക്ക് നിയമവിരുദ്ധമായി യാത്രാബത്ത അനുവദിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബോർഡിന്റെ ആവശ്യത്തിന് യാത്ര ചെയ്യുമ്പോൾ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യമാണിതെന്നും എന്നാൽ സീലിംഗ് ലിമിറ്റിന്റെ ചില വിഷയങ്ങൾ ഇതിൽ ഉണ്ടെന്നും സർക്കാരിന്റെ ടി. എ. നിയമത്തിന് അനുസൃതമായിട്ടാണ് യാത്രാബത്ത അനുവദിക്കുന്നതെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

106. യാത്രാബത്ത സംബന്ധിച്ച നിയമം കാലാനുസൃതമായി മാറ്റേണ്ടതുണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**107. യാത്രാബത്ത സംബന്ധിച്ച നിയമം കാലാനുസൃതമായി മാറ്റേണ്ടതുണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്വകാര്യ സ്ഥാപനത്തിന് യാത്രാ/അനുബന്ധ ചെലവുകൾ ബോർഡ് ഫണ്ടിൽ നിന്ന്**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 26.14)

ഹൗസിംഗ് ബോർഡ് വയനാട് ഡിവിഷനിൽ നിന്ന് വായ്പ അനുവദിച്ചതിലുള്ള ക്രമക്കേട് അന്വേഷിക്കുന്നതിന് സ്വകാര്യസ്ഥാപനമായ ധൻ ആൻ കമ്പനിക്ക് (11-12-2001 മുതൽ 13-12-2001 വരെ) 8-5-2002-ലെ എച്ച്2/2-11869/00 വൗച്ചർ പ്രകാരം 14,140 രൂപ സർക്കാർ അനുമതിയില്ലാതെ നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.15)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

108. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**109. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി ഭവന വായ്പ**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 31.12)

4,25,000 രൂപ എസ്റ്റിമേറ്റ് അംഗീകരിച്ച് ക്യൂ 540/എം.ഐ.ജി./00 പ്രകാരം ശ്രീ. സി. ബാബു, എല്ലുവിളവീട്, മുഖത്തല പി.ഒ. കൊല്ലം)-ന് മൂന്ന് ഗഡുക്കളായി ശ്രീ. കെ.ജി. ബാബു, എ.ഇ.-യുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപ എം.ഐ.ജി. സ്കീമിൽ വായ്പയായി നൽകി. വായ്പാ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന്

3,86,714 രൂപ 68 പൈസയ്ക്ക് ആർ.ആർ. നടപടികൾക്കായി കൊല്ലം കളക്ടർക്ക് അയച്ചു. 1,48,450 രൂപ മൂല്യമുള്ള വീടുമാത്രമേ വച്ചിട്ടുള്ളൂ എന്നാണ് കളക്ടർ അറിയിച്ചത്. തെറ്റായ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകി വായ്പ അനുവദിച്ചതുമൂലം ബോർഡിന് നഷ്ടമുണ്ടായതിൽ ശ്രീ. കെ.ജി. ബാബുവിന്റെ പങ്കിനെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

110. വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി ഭവന വായ്പ അനുവദിച്ചു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞതിന് വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കി വായ്പ എടുക്കുകയും കുടിശ്ശിക വരുത്തുകയും ചെയ്തയാൾ പിന്നീട് ഒറ്റത്തവണ തീർപ്പാക്കലിലൂടെ അടച്ച് തീർക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ കുടിശ്ശികയിനത്തിൽ ഭവന നിർമ്മാണ ബോർഡിന് ലഭിക്കേണ്ടിയിരുന്ന തുകയിൽ നഷ്ടം വന്നതിനാൽ വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ വകുപ്പുതല നടപടിയുടെ ഭാഗമായി അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. തടഞ്ഞുവയ്ക്കുകയാണുണ്ടായതെന്നും ടിയാൻ മരണപ്പെട്ടുപോയതിനാൽ അച്ചടക്ക നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും തടഞ്ഞുവച്ച ഡി.സി.ആർ.ജി. അഫിഡവിറ്റ് സമർപ്പിച്ചതനുസരിച്ച് താല്ക്കാലികമായി റിലീസ് ചെയ്യുകയും ടിയാന്റെ ഭാര്യയ്ക്ക് ആശ്രിത നിയമനം നൽകുകയുണ്ടായെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

111. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

112. **പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**രസീതുബുക്കുകൾ ഹാജരാക്കിയില്ല**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 36.2) (നെടുമങ്ങാട് ബ്രാഞ്ച്)

8651, 8652, 8662, 8672, 8676, 8681, 8682, 8686, 8687, 8690 എന്നീ നമ്പറിലുള്ള 12 രസീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ രസീത് നഷ്ടപ്പെട്ടു എന്നെഴുതിയിട്ടുണ്ട് തുകയൊന്നും കാണിച്ചിട്ടില്ല.

അന്വേഷണത്തിൽ പണാപഹരണം നടന്നിട്ടുണ്ടെന്ന നെടുമങ്ങാട് ബ്രാഞ്ച് അസിസ്റ്റന്റ് സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് വിജിലൻസ് ഡിപ്പാർട്ടുമെന്റും ഹൗസിംഗ് ബോർഡ് വിജിലൻസ് വിഭാഗവും അന്വേഷണം നടത്തുകയും ചെയ്തു. 8681, 8682, 8662, 8666, 8687, 8690 എന്നീ ബുക്കുകൾ വിജിലൻസ് ഇൻസ്പെക്ടർ ശ്രീ. ബി. ബാലകൃഷ്ണകുമാറിന്റെയും 8651, 8652, 8662, 8666, 8672, 8676 എന്നീ ബുക്കുകൾ ഹൗസിംഗ് ബോർഡ് വിജിലൻസ് വിഭാഗം ഓഫീസർ ശ്രീ. ഭാനുവിക്രമന്റെയും കയ്യിലാണ്. ഓഫീസ് സ്റ്റോക്കിലുണ്ടായിരുന്ന രസീത് മോഷ്ടിച്ച് അതുപയോഗിച്ചാണ് പണംപിരിച്ച് ദുരുപയോഗം നടത്തിയത്. അസിസ്റ്റന്റ് സെക്രട്ടറിയുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്നയാളുടേയോ അധീനതയിലാണ് രസീതുബുക്കുകൾ സൂക്ഷിക്കുന്നത്. രസീതുബുക്കുകളുടെ വിതരണവും അതുമൂലം ബോർഡിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയതിനെ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.17)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. ഭവന നിർമ്മാണ ബോർഡിന്റെ നെടുമങ്ങാട് ബ്രാഞ്ചിൽ 12 രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാതെ അപഹരണം നടത്തിയ തുക പലിശ സഹിതം ഈടാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 15 രസീതുകൾ ഓഡിറ്റിംഗിനായി ഹാജരാക്കാൻ സാധിക്കാതിരിക്കുകയും പിന്നീട് അവ ഹാജരാക്കിയതിനെ തുടർന്ന് ടിയാന്റെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ജൂനിയറായി തരംതാഴ്ത്തുകയും ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

114. സമാനമായ മറ്റ് പണാപഹരണ കേസുകളിൽ ബോർഡ് എതിർകക്ഷികളോടൊപ്പം നിൽക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നുവെന്നും അത്തരം കേസുകളിൽ വിജിലൻസ് അന്വേഷണം നടത്താറില്ലെന്നും ഇത് അംഗീകരിക്കാൻ സാധിക്കില്ലായെന്ന കാര്യം സമിതിയുടെ റിപ്പോർട്ടിൽ പ്രത്യേകം പരാമർശിക്കേണ്ടതാണെന്ന് സമിതി ആവർത്തിച്ച് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**115. രസീത് ബുക്കിൽ തിരിമറി നടത്തി പണാപഹരണം നടത്തിയ ജീവനക്കാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും അപഹരിച്ച തുക പലിശ സഹിതം ഈടാക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു.**

**116. എന്നാൽ സമാനമായ മറ്റ് പണാപഹരണ കേസുകളിൽ ബോർഡ് എതിർ കക്ഷികൾക്ക് അനുകൂലമായ നടപടി കൈക്കൊണ്ടതായി സമിതി നിരീക്ഷിക്കുന്നു. അത്തരം കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാതിരുന്ന നടപടിയിൽ അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് പുറമെ വിജിലൻസ് നടപടിയും സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റവന്യൂ ടവർ വൈദ്യുതീകരണം കരാറുകാരിൽ നിന്ന് ക്ഷേമനിധിവിഹിതം പിടിച്ചില്ല**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 44.12)

കോതമംഗലം റവന്യൂ ടവറിന്റെ 6,09,105 രൂപയുടെ വൈദ്യുതീകരണ പ്രവൃത്തിയുടെ 1% തുകയായ 60,910 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതമായി ശ്രീ. സുബ്രമണ്യൻ കേയാസ് ഇലക്ട്രിക്കൽസിൽ നിന്നും പിടിച്ചിട്ടില്ല. ആയത് ഈടാക്കി നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

117. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**118. കരാറുകാരിൽ നിന്നും ക്ഷേമനിധിവിഹിതമായ 60,910 രൂപ ഈടാക്കി 14-12-2006-ൽ KCWWFB-യിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റിൽ മൈത്രിഭവന വായ്പ**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 47.19.3)

കൊച്ചി റീജിയണൽ ഐ.എ.സി. ഇൻസ്പെക്ഷൻവിംഗ് ഇടുക്കി ഡിവിഷൻ ഓഫീസിലെ 9 ലോൺ രേഖകൾ പരിശോധിച്ചപ്പോൾ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. വി. ശിവദാസൻ തെറ്റായ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകി വീട് പൂർത്തിയാക്കാത്തവർക്ക്

അവസാന ഗഡു നൽകിയതായി കണ്ടു. എല്ലാ വീടുകളും പൂർത്തിയാക്കിയ തീയതിയും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഒന്നുപോലും അവസാന ഗഡു വാങ്ങുവാൻ അർഹതയില്ലെന്ന് ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തി. ശ്രീ. ശിവദാസൻ ബോർഡ് പണം ദുരുപയോഗം ചെയ്യുന്നതിനു കൂട്ടുനിൽക്കുകയും അർഹതയില്ലാത്തവർക്ക് ലോൺ അനുവദിക്കുകയും ചെയ്തതുമൂലം മൈത്രിഭവന നിർമ്മാണ പദ്ധതിയുടെ ഉദ്ദേശശുദ്ധിയെയും ലംഘിച്ചിരിക്കുകയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.19)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

119. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

120. **നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥൻ 2005-ൽ മരണപ്പെട്ടു എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഐ.സി.ഐ.സി.ഐ. ബാങ്കിലെ സ്ഥിരനിക്ഷേപം ബോർഡിന് പലിശ നഷ്ടം**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 15)

സർക്കാർ അനുമതികൂടാതെ കോടിക്കണക്കിന് രൂപ ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ അക്കൗണ്ടിലേക്ക് ബോർഡ് വകമാറ്റി. 7-2-2002-ൽ കൂടിയ ബോർഡ് യോഗമാണ് കറണ്ട് അക്കൗണ്ടുകളിൽ നിലവിലുള്ള തുകകൾക്ക് പലിശ ലഭിക്കുന്നില്ലെന്നും ഐ.സി.ഐ.സി.ഐ. ബാങ്ക് അധികാരികൾ സ്ഥിര നിക്ഷേപം നിരക്കിൽ നിക്ഷേപത്തിന്റെ കാലയളവ് കണക്കാക്കി പലിശ വാഗ്ദാനം ചെയ്തത് പരിഗണിച്ചും തുകകൾ വകമാറ്റുവാൻ തീരുമാനിച്ചത്. എന്നാൽ തുകകൾ സ്ഥിരനിക്ഷേപമാക്കിയതിനുള്ള സർട്ടിഫിക്കറ്റുകളോ എത്ര കാലയളവിലേക്കാണ് നിക്ഷേപം നടത്തിയിട്ടുള്ളത് എന്നതിന് രേഖകളോ ബാങ്ക് ബോർഡിന് നൽകിയിട്ടില്ല. ഈ വിഷയത്തിൽ ബാങ്കിന്റെ തീരുമാനം തികച്ചും ഏകപക്ഷീയമായിരുന്നു. ബോർഡിന്റെ 5 കോടി രൂപയ്ക്കുള്ള സ്ഥിരനിക്ഷേപം നം. 626215019317-ഉം 6.37 കോടി തുകയ്ക്കുള്ള സ്ഥിരനിക്ഷേപം നം. 626215021279-ഉം 18-9-2002-ന് പിൻവലിച്ചിരുന്നു. എന്നാൽ

ഇതിന്മേൽ ലഭിക്കേണ്ടിയിരുന്ന പലിശ ബോർഡിന് ലഭിച്ചിരുന്നില്ല. 4-9-2004-ന് എൽ.എഫ്.എഫ്. ബി.എ.7/576/04 കത്ത് മുഖേന ഓഡിറ്റിൽ ഈ വസ്തുത ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 28-9-2004-ന് ബാങ്ക് 205987/10 രൂപ പലിശ ഇനത്തിൽ അക്കൗണ്ടിൽ വരവ് വച്ചു. 18-9-2002 മുതൽ 28-9-2004-വരെ പലിശയിനത്തിൽ നഷ്ടമായ തുക കൂടി ബാങ്കിൽ നിന്നും ലഭിക്കേണ്ടതായുണ്ട്.

ബോർഡിന്റെ തുകകൾ കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ടവർ അശ്രദ്ധ കാണിച്ചിട്ടുണ്ട്. ബോർഡിന്റെ എല്ലാ സ്ഥിര നിക്ഷേപങ്ങളും പരിശോധിച്ച് പലിശ കൃത്യമായി വരവ് വച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും ഷെഡ്യൂൾഡ് ബാങ്കിലെ സ്ഥിരനിക്ഷേപങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.20)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

121. ഐ.സി.ഐ.സി.ഐ. ബാങ്ക് തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട് രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**122. ഐ.സി.ഐ.സി.ഐ. ബാങ്ക് തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകളും ഷെഡ്യൂൾഡ് ബാങ്കിലെ സ്ഥിരനിക്ഷേപങ്ങൾക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കിയത് സംബന്ധിച്ച രേഖകളും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വായ്പ കുടിശ്ശിക തീർക്കാതെ ഈട് വസ്തു മറിച്ചുവിറ്റു**

(2002-03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 54.5)

കാളിയാർ മാട്ടുപുരയിൽ എം.ജി. ഷൈലജാമോൾ ഹൗസിംഗ് ബോർഡ് ഇടുക്കി ജില്ലാ (തൊടുപുഴ) ഓഫീസിൽ നിന്ന് തന്റെ 1478/ഐ.എ. സർവ്വേനമ്പരിലുള്ള 13 സെന്റ് സ്ഥലം ഈടുവച്ച് 3,50,000 രൂപ വായ്പ വാങ്ങി. ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. വി. കെ. സുലൈമാൻ റാവുത്തർ 3 തവണയായി നൽകിയ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ 16-1-2001 മുതൽ 2-2-2001 വരെയുള്ള 19 ദിവസങ്ങൾക്കുള്ളിലാണ് 3,50,000 രൂപ 3 ഗഡുക്കളായി വായ്പ നൽകിയത്.

അവസാന ഗഡുവായ 1,40,000 രൂപ 3-2-2001-ലാണ് നൽകിയത്. ലോൺ കൈപ്പറ്റിയെങ്കിലും തുകയൊന്നും തിരിച്ചടച്ചില്ല. അതിനാൽ പലിശയും പിഴപ്പലിശയുമുൾപ്പെടെ 4,03,762 രൂപയുള്ള റവന്യൂ റിക്കവറിക്ക് ഇടുക്കി ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ അയച്ചു. പരിശോധനയിൽ ഈട് വസ്തു മറ്റൊരാൾക്ക് മറിച്ചുവിറ്റതായും 2-6-2001-ൽ പോക്കുവരവ് ചെയ്തിട്ടുള്ളതായും തൊടുപുഴ തഹസിൽദാർ 28-9-2003-ൽ റിപ്പോർട്ട് നൽകി. എങ്കിലും നാളിതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

12-1-2000-ൽ വണ്ണപ്പുരം വില്ലേജ് ഓഫീസർ ഇൻചാർജ്ജ് മുരളിയമ്മ നൽകിയ ഫൗണ്ടേഷൻ ലവൽ സ്റ്റേജ് സർട്ടിഫിക്കറ്റിൽ ഓഫീസ് സീൽ പോലുമില്ല. പ്ലാനും എസ്റ്റിമേറ്റും ഒരു കോപ്പി മാത്രമേയുള്ളൂ. അതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യമായ രേഖകൾ സഹിതം സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ശ്രീമതി ഷൈലജാമോൾ ഈട് വസ്തുവിൽ വീട് വച്ചിട്ടില്ലെന്ന് 31-10-2003-ൽ ഇടുക്കി ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കട്ടപ്പന ഡിവിഷൻ ഓഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ബോർഡിന് നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് തുക ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8.1.21)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. വായ്പ തുക ഈടാക്കാതെ ഈട് വസ്തു രേഖകളില്ലാതെ മറിച്ചുവിറ്റത് എങ്ങനെയെന്ന സമിതി ചോദ്യത്തിന് രേഖകൾ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമാണുള്ളതെന്നും അവയുടെ കളർ ഫോട്ടോകോപ്പി എടുത്തും മോട്ട്ഗേജ് വിവരങ്ങൾ മറച്ചുവച്ചുമാണ് വസ്തു വിറ്റതെന്നും രജിസ്ട്രേഷന് പകർപ്പ് ഉപയോഗിക്കാമെന്നതിനാൽ പ്രസ്തുത വസ്തു മറ്റൊരാൾക്ക് മറിച്ചുവിറ്റതായും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

124. ആരോപണവിധേയയായ ഉദ്യോഗസ്ഥ 6,63,150 രൂപ അടച്ച് വായ്പാ അക്കൗണ്ട് തീർപ്പാക്കിയിട്ടുണ്ടെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം തുടർന്ന് വരികയാണെന്നും ഉള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**125. ആരോപണവിധേയയായ ഉദ്യോഗസ്ഥ 6,63,150 രൂപ അടച്ച് വായ്പാ അക്കൗണ്ട് തീർപ്പാക്കിയിട്ടുണ്ടെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം തുടർന്ന് വരികയാണെന്നുമുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022, ഫെബ്രുവരി 24.

# അനുബന്ധം- I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | ഭവനനിർമ്മാണം | പരാമർശവിധേയനായ ഉദ്യോഗസ്ഥന് പ്രയോജന കരമെന്നു കണ്ട് ആദ്യം നൽകിയിരുന്ന ഓപ്ഷൻ മാറ്റി 1-10-1998 വച്ച് പുനഃക്രമീകരിച്ചപ്പോൾ 10/98-ലെ കുടിശ്ശിക തുകയായ 213 രൂപ മാത്രം പി.എഫ്. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും മുൻപ് വരവ് വച്ചിരുന്ന 5315 രൂപ പി.എഫ്. അക്കൗണ്ടിൽ നിന്നും Reverse Entry വഴി നീക്കം ചെയ്തതിനാൽ പരാമർശവിധേയമായ 14,537 രൂപ ഈടാക്കേണ്ടതില്ലെന്ന് സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 5, 6 | ,, | ഹൗസിംഗ് ബോർഡിന്റെ അക്കൗണ്ട്സ് സിസ്റ്റം ഫലപ്രദമല്ലെന്ന് സമിതി നിരീക്ഷിക്കുകയും ഇത്തരം കാര്യങ്ങളിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും കമ്പ്യൂട്ടർ സിസ്റ്റം എല്ലാ ഡിവിഷണൽ ഓഫീസുകളിലും ഉപയോഗ പ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>ചട്ടങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ യാത്രാപ്പടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 12, 13 | ഭവനനിർമ്മാണം | പരാമർശ വിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട കേസിൽ തിരുവനന്തപുരം സി.ഡി.ആർ.സി.യിൽ അപ്പീൽ നൽകുകയും അനുകൂല വിധി ഉണ്ടാകാത്തതിനാൽ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ റിവിഷൻ പെറ്റീഷൻ നൽകിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>ഹൗസിംഗ് ബോർഡുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പെന്റിംഗുണ്ടെന്നും വക്കീലന്മാർ കൃത്യമായും കേസ്സിന് ഹാജരാകുന്നുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. |
| 4 | 15 | ,, | ഭവന നിർമ്മാണ ബോർഡ് നഷ്ട പരിഹാരം നൽകിയ ഇനത്തിൽ ചെലവായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ പിടിച്ചിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 17 | ,, | എം.എൽ.എ./എം.പി.മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം വായ്പ എടുത്ത് കുടിശ്ശിക വരുത്തിയ എല്ലാ ജനപ്രതിനിധികളിൽ നിന്നും കുടിശ്ശിക തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 21 | ഭവനനിർമ്മാണം | തിരുവനന്തപുരം ശാന്തിനഗർ ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറിയുടെ വാടകയിൽ കുടിശ്ശിക വരുത്തിയ വ്യക്തിയെ ഒഴിവാക്കി പുതിയ ആളിന് കടമുറി നൽകിയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | 24 | ,, | ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 27 | ,, | അനർഹമായി നൽകിയ വീട്ടുവാടക, നഗരബത്ത എന്നിവ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചു പിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | 30 | ,, | ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിൽ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 32 | ,, | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 34 | ഭവനനിർമ്മാണം | അനർഹമായി കൈപ്പറ്റിയ അലൻസ് തുക പരാമർശവിധേയരായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 36 | ,, | പരാമർശവിധേയനായ ഉദ്യോഗസ്ഥന് നിയമവിരുദ്ധമായി നൽകിയ ശമ്പളക്കുടിശ്ശിക തുക ടിയാനിൽനിന്നും തിരിച്ചു പിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 38, 40 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | 43 | ,, | അകത്തേത്തറ ഭവനനിർമ്മാണ പദ്ധതിയിലെ കരാറുകാരനിൽ നിന്നും തുക തിരിച്ചു പിടിച്ചതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | 45 | ഭവനനിർമ്മാണം | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി കാലാവധി നീട്ടിക്കൊടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 16 | 48 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 52 | ,, | സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് ക്രമരഹിതമായ നിയമനം നടത്തുകയും ആയത് പിന്നീട് ക്രമവൽക്കരിക്കുകയും ചെയ്യുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യം ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18 | 58 | ,, | തിരുവനന്തപുരം ബാലരാമപുരത്ത് ഭവന നിർമ്മാണ ബോർഡിന്റെ കൈവശം വിറ്റഴിയാതെ കിടക്കുന്ന 53 ഫ്ലാറ്റുകളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾക്ക് വില നിശ്ചയിച്ച് ആയത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | 61, 63,67 | ഭവനനിർമ്മാണം | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 69 | ,, | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ മുൻ ചെയർമാനിൽനിന്നും പരിധി കഴിഞ്ഞുള്ള കോൾ നിരക്ക് ഈടാക്കുകയും എന്നാൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങിയ ഉദ്യോഗസ്ഥരിൽ നിന്നും കിട്ടാനുള്ള 14,265 രൂപ ഈടാക്കാതിരിക്കുകയും ചെയ്ത നടപടിയെ സമിതി രൂക്ഷമായി വിമർശിക്കുന്നു. പരാമർശവിധേയരായ ഉദ്യാഗസ്ഥരിൽ നിന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തുക തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 71 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 73 | ഭവനനിർമ്മാണം | പരാമർശവിധേയരായ ഉദ്യോഗസ്ഥരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരികെ പിടിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 75, 76 | ,, | എറണാകുളത്തെ റവന്യൂ ടവറിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തു ന്നതിനും പ്രസ്തുത ടവർ എങ്ങനെ ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ചും ഹൗസിംഗ് ബോർഡ് തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>കെ.റ്റി.ഡി.സി. സ്റ്റാഫിന് താമസിക്കു ന്നതിനു വേണ്ടി ഹൗസിംഗ് ബോർഡ് ചെലവാക്കിയ തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 79 | ,, | പണാപഹരണം നടത്തിയ ഉദ്യോഗസ്ഥരെ ബോർഡ് നടത്തിയ വിജിലൻസ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ച് സർവ്വീസിൽ തിരിച്ചു പ്രവേശിപ്പിക്കുകയും ചെയ്തുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സംഭവത്തിൽ ഹൗസിംഗ് ബോർഡ് കുറ്റക്കാരെ സംരക്ഷിച്ച നടപടി ശരിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 25 | 81, 85, | ഭവനനിർമ്മാണം | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു |
| 26 | 90, 91 | ഭവനനിർമ്മാണം | സാമ്പത്തികമായി പിന്നോക്കമുള്ളവരുടെ ഭവന നിർമ്മാണത്തിന് വിനിയോഗി ക്കുന്നതിലേയ്ക്ക് 2000-01-ൽ ഹഡ്കോ വായ്പയായി ലഭിച്ച തുക പ്രയോജനമുള്ള പദ്ധതികൾക്ക് ചെലവാക്കാതെ ബോർഡ് വിവിധ ബാങ്കുകളിൽ മറ്റ് വായ്പകളുടെ തിരിച്ചടവിനായി നിക്ഷേപിച്ച നടപടി തികച്ചും ചട്ടവിരുദ്ധമായ കാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br><br>പരാമർശവിധേയമായ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട് എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 93 | ,, | സീലിംഗ് പരിധി ഉയർത്താതെ ഭവന നിർമ്മാണ ബോർഡ് അംഗങ്ങൾക്ക് നിയമവിരുദ്ധമായി യാത്രാബത്ത നൽകിയ നടപടി തെറ്റാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 28 | 95 | ,, | ഒരേ തരത്തിലുള്ള ജോലിയ്ക്ക് രണ്ട് നിരക്ക് കൊടുത്തതിനാൽ അധിക വേതന ഇനത്തിൽ ചെലവായ 25,495 രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 98 | ഭവനനിർമ്മാണം | മൈത്രി ആന്വറ്റി ഡെപ്പോസിറ്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ ബോർഡിൽ ഒടുക്കിയ തുകയിൽ, വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക, മടക്കി നൽകുന്നതുമായി ബന്ധപ്പെട്ട് 3-5-2016-ൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തരമായി അന്തിമ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 30 | 100 | ,, | കട്ടപ്പന കൊമേഴസ്യൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കിയ ശേഷവും യഥാക്രമം വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറാതിരുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 31 | 103, 104 | ,, | പണാപഹരണ കേസുകളിൽ ബോർഡ് വ്യത്യസ്ത നിലപാടുകളാണ് സ്വീകരിക്കുന്നതെന്നും ചില കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും മറ്റ് ചില കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാതെ നഷ്ടമായ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ച് പിടിച്ച് ഒതുക്കിത്തീർക്കുകയാണ് ചെയ്യുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.<br><br>പരാമർശ വിഷയത്തിൽ കോടതിയിൽ നിന്ന് അന്തിമവിധി വരുന്ന മുറയ്ക്ക് ആയതിൻ പ്രകാരം തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | 107, | ഭവനനിർമ്മാണം | യാത്രബത്ത സംബന്ധിച്ച നിയമം കാലാനുസൃതമായി മാറ്റേണ്ടതുണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 109 | ,, | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 112 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 35 | 115, 116 | ,, | രസീത് ബുക്കിൽ തിരിമറി നടത്തി പണാപഹരണം നടത്തിയ ജീവനക്കാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും അപഹരിച്ച തുക പലിശ സഹിതം ഈടാക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു.<br>എന്നാൽ സമാനമായ മറ്റ് പണാപഹരണ കേസുകളിൽ ബോർഡ് എതിർ കക്ഷികൾക്ക് അനുകൂലമായ നടപടി കൈക്കൊണ്ടതായി സമിതി നിരീക്ഷിക്കുന്നു. അത്തരം കേസുകളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാതിരുന്ന നടപടിയിൽ അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് പുറമെ വിജിലൻസ് നടപടിയും സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 118 | ഭവനനിർമ്മാണം | കരാറുകാരിൽ നിന്നും ക്ഷേമനിധി വിഹിതമായ 60,910 രൂപ ഈടാക്കി 14-12-2006-ൽ KCWWFB യിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 120 | ,, | നഷ്ടത്തിനുത്തരവദിയായ ഉദ്യോഗസ്ഥൻ 2005-ൽ മരണപ്പെട്ടു എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 38 | 122 | ,, | ഐ.സി.ഐ.സി.ഐ. ബാങ്ക് തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകളും ഷെഡ്യൂൾഡ് ബാങ്കിലെ സ്ഥിരനിക്ഷേപങ്ങൾക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കിയത് സംബന്ധിച്ച രേഖകളും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 125 | ,, | ആരോപണവിധേയയായ ഉദ്യോഗസ്ഥ 6,63,150 രൂപ അടച്ച് വായ്പാ അക്കൗണ്ട് തീർപ്പാക്കിയിട്ടുണ്ടെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം തുടർന്ന് വരികയാണെന്നുമുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 38 | 122 | ,, | ഐ.സി.ഐ.സി.ഐ. ബാങ്ക് തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകളും ഷെഡ്യൂൾഡ് ബാങ്കിലെ സ്ഥിരനിക്ഷേപങ്ങൾക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കിയത് സംബന്ധിച്ച രേഖകളും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 125 | ,, | ആരോപണവിധേയയായ ഉദ്യോഗസ്ഥ 6,63,150 രൂപ അടച്ച് വായ്പാ അക്കൗണ്ട് തീർപ്പാക്കിയിട്ടുണ്ടെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം തുടർന്ന് വരികയാണെന്നുമുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്നു. |

## വകുപ്പ് : കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

| ക്രമനം. | സമാഹൃത ആഡിറ്റ് വർഷം | ആഡിറ്റ് റിപ്പോർട്ട് വർഷവും ഖണ്ഡിക നമ്പരും | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 5:2 (1) | റി ഓപ്ഷൻ പ്രകാരമുള്ള തുക തിരിച്ചടച്ചിട്ടില്ല. | പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ശ്രീ.എൻ.രഘുനാഥൻ നായർ A.O, 1.3.97 തീയതി വച്ച് ഓപ്ഷൻ നൽകിയപ്പോഴാണ് അദ്ദേഹത്തിന് 3/97 മുതൽ 10/98 വരെയുള്ള പി.എഫിൽ പോകേണ്ടതായ കടിശ്ശിക തുക 5315 രൂപ വന്നത്. പ്രസ്തുത തുക 10/98 ലെ Monthly Account ൽ ഉൾക്കൊള്ളിച്ച് അദ്ദേഹത്തിന്റെ പി.എഫ്. അക്കൗണ്ടിൽ വരവ് വച്ചിരുന്നു. എന്നാൽ കൂടുതൽ പ്രയോജനകരമാണെന്ന് കണ്ട് ആദ്യം നൽകിയിരുന്ന ഓപ്ഷൻ മാറ്റി 1.10.98 വച്ച് പുനക്രമീകരിച്ചപ്പോൾ 10/98 ലെ കടിശ്ശിക തുകയായ 213 രൂപ മാത്രം പി.എഫ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും മുൻപ് വരവ് വച്ചിരുന്ന 5315 രൂപ പി.എഫ്. അക്കൗണ്ടിൽ നിന്നും ഒരു Reverse entry വഴി നീക്കം ചെയ്യുകയും ചെയ്തു. ആയതിനാൽ ഓഡിറ്റിൽ സൂചിപ്പിച്ചിരുന്നപോലെ 14,537/-രൂപ തിരിച്ച് നൽകേണ്ട ആവശ്യം വരുന്നില്ല. ടി വിവരം 24.2.2004 ലെ കത്ത് മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. |
| 2 | 2002-03 | 5:2 (2) | ചട്ടങ്ങൾക്ക് വിരുദ്ധമായി യാത്രാപ്പടി അധികം നൽകി<br>1. പാലക്കാട് - 4730 രൂപ<br>2. കൊച്ചി - 3707 രൂപ | ശ്രീ.ജയകുമാർ, ജൂനിയർ സൂപ്രണ്ട്(റിട്ട.) അധികം കൈപ്പറ്റിയ 2258/-രൂപ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന അവസരത്തിൽ തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2202/-രൂപ ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തിരികെ പിടിച്ചിട്ടുണ്ട്.<br><br>1999-2000 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 3447/-രൂപയാണ് തൃശ്ശൂർ ഡിവിഷനിൽ യാത്രാപ്പടിയിനത്തിൽ അധികം നൽകിയതായി കാണുന്നത്. ഇതിൽ ശ്രീ.ഡി.ജയറാം അധികമായി കൈപ്പറ്റിയ 2510/-രൂപയുടെ പരാമർശം 29.3.2005-ലെ LF HBA 7/135/2005 പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. ശാരി ലോനപ്പൻ, അസിസ്റ്റന്റ് എൻജിനീയർ കൈപ്പറ്റിയ 937/- രൂപ 18.08.2007 ലെ രസീത് നമ്പർ 208491 പ്രകാരം തൃശ്ശൂർ ഡിവിഷനിൽ തിരിച്ചടച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | 3. തൃശ്ശൂർ - 2253 രൂപ | 1999-2000 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2064/-രൂപയാണ് തൃശ്ശൂർ ഡിവിഷനിൽ യാത്രാപ്പടിയിനത്തിൽ അധികം നൽകിയതായി കാണുന്നത്. ഇതിൽ ശ്രീമതി പി.പി.അൽഫോൺസ്, AEE 562/-രൂപ , ശ്രീ.ഷാജഹാൻ LDC 215/-രൂപ, ശ്രീമതി പി.ബി.വിജയകുമാരി DS (റിട്ട.)298/-രൂപ, ശ്രീ.ബഷീർ അഹമ്മദ് AEE (റിട്ട.)280/-രൂപ, ശ്രീമതി ഐ.കെ.ലളിത LDC 373/-രൂപ എന്നിവർ കൈപ്പറ്റിയ 2064/-രൂപ തിരിച്ചടച്ചിട്ടുള്ളതും ഈ പരാമർശം 26.11.2005 ലെ LG HBA 7/562/2005 കത്ത് മുഖേന ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുള്ളതുമാകുന്നു. |
| | | | 4. വയനാട് - 4157/-രൂപ | ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വയനാട് ഡിവിഷനിൽ 2443 രൂപയാണ് യാത്രപ്പടിയിനത്തിൽ അധികമായി നൽകിയത്. ശ്രീ.രവീന്ദ്രൻ പിള്ളയിൽ നിന്നും 490 രൂപ 26.10.2006 ൽ 43387 രസീത് നമ്പർ പ്രകാരം കൊല്ലം ഡിവിഷൻ ഓഫീസിൽ തിരികെ പിടിച്ചിട്ടുണ്ട്. ശ്രീ.ഈപ്പൻ വർഗ്ഗീസിൽ നിന്നും 414/- രൂപ 01.06.2012 ലെ Vr No.144 പ്രകാരം തിരിച്ചുപിടിച്ചിട്ടുണ്ട്. ശ്രീ.കുറുപ്പച്ചാമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും 560/-രൂപ 01.12.2006 ലെ Vr.No.290 പ്രകാരം തിരിച്ചുപിടിച്ചിട്ടുണ്ട്. ശ്രീ.വത്സകുമാർ, EE (റിട്ട.) ന്റെ ഗ്രാറ്റുവിറ്റി തടഞ്ഞുവച്ചിട്ടുള്ളതും ടിയാൻ യാത്രാപ്പടിയിനത്തിൽ അധികമായി കൈപ്പറ്റിയിട്ടുള്ള 259/-രൂപ ടി തുക നൽകുമ്പോൾ തിരിച്ചു പിടിച്ചിട്ടുണ്ട്. ശ്രീ.പി.കെ.മനോജ്കുമാർ, അസിസ്റ്റന്റ് എൻജിനീയറെ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുള്ളതും ഇക്കാരണത്താൽ ടിയാനിൽ നിന്നും ഈടാക്കാനുള്ള 720 രൂപ ബോർഡ് ആനുകൂല്യങ്ങൾ അനുവദിക്കുന്ന മുറയ്ക്ക് തിരികെ പിടിക്കുന്നതാണ്. |
| | | | 5. തിരുവനന്തപുരം-320 രൂപ | ശ്രീ.ശശീന്ദ്രൻ, ഡ്രൈവർ (റിട്ട) അധികം കൈപ്പറ്റിയ 320/-രൂപ തിരിച്ചടച്ചിട്ടുള്ളതും ഈ പരാമർശം 26.11.2005 ലെ LF-HBA 7/562/2005 കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുള്ളതുമാണ്. |
| | | | 6. പത്തനംതിട്ട - 661 രൂപ | ശ്രീ.കെ.എസ്.രാജൻ, A.O.(Retd.) അധികമായി നൽകിയ 661 രൂപ 1.6.2002-ലെ രസീത് നമ്പർ 829/-പ്രകാരം തിരികെ പിടിച്ച് ബോർഡ് അക്കൗണ്ടിൽ വകകൊള്ളിച്ചിട്ടുണ്ട്. |
| 3 | 2002-03 | 5:2(3) | ബോർഡ് അധികാരികളുടെ നിഷ്ക്രിയത്വം | ബോർഡ് നടപ്പാക്കിയ പത്തനംതിട്ട ഭവന പദ്ധതി പ്രകാരം പ്ലോട്ട് അനുവദിച്ചു താൽക്കാലിക വില അടച്ച് കരാറിൽ ഒപ്പുവച്ച 2 വ്യക്തികൾ കൂടുതൽ തുക അടയ്ക്കുവാൻ ആവശ്യപ്പെട്ടപ്പോൾ തുക കുറവു ചെയ്യണമെന്ന ആവശ്യം ബോർഡ് പരിഗണിക്കാത്തതിനാൽ അലോട്ടികൾ കൺസ്യൂമർ ഫോറത്തിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാർക്ക് 50000/-രൂപ വീതം നഷ്ടപരിഹാരവും കോടതി ചെലവും നൽകുമെന്ന വിധിയിന്മേൽ ബോർഡ് കമ്മീഷനിൽ അപ്പീൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 16.2.2008 ൽ കമ്മീഷൻ ഫോറത്തിനോട് വിശദമായി കേസ് പരിശോധിച്ച് വിധി പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടു. 25.10.2010-ൽ പത്തനംതിട്ട കൺസ്യൂമർ ഫോറം പുറപ്പെടുവിച്ച Settlement Formula (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) അലോട്ടികളും ബോർഡുമായി ഒപ്പുവച്ച കരാറുമായി ഒട്ടും യോജിക്കാത്തതരത്തിലുള്ള ഒന്നായിരുന്നു. കൂടാതെ ടി ഫോർമുല ബോർഡ് അംഗീകരിക്കുകയാണെങ്കിൽ ബോർഡിന്റെ എല്ലാ ഭവന പദ്ധതികളെയും സാരമായി ബാധിക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ ഈ ഉത്തരവിനെതിരെ ബോർഡ് |

| | | | | |
|---|---|---|---|---|
| | | | | തിരുവനന്തപുരം CDRC ൽ അപ്പീൽ സമർപ്പിക്കുകയും വീണ്ടും ബോർഡിന് അനുകൂലമായ വിധി ഉണ്ടാകാത്തതിനാൽ National Consumer Disputes Reddresal Commission, Delhi ക്ക് ബോർഡ് റിവിഷൻ പെറ്റീഷൻ നൽകിയിട്ടുമുണ്ട്. പത്തനംതിട്ട ഭവന പദ്ധതിയിൽ മുഴുവൻ യൂണിറ്റുകളും അലോട്ടുചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കേസ് നിലനിൽക്കുന്നതിനാൽ 2 യൂണിറ്റുകൾക്ക് വിലയാധാരം നൽകാനുണ്ട്. |
| 4 | 2002-03 | 5:2(4) | നഷ്ടപരിഹാരം നൽകേണ്ടി വന്നതുമൂലമുള്ള നഷ്ടം<br>1. തൃശ്ശൂർ - 10512 രൂപ | OP No.862/97, Vr.No.708/3/2000 പ്രകാരം ബോർഡിനുണ്ടായ നഷ്ടപരിഹാരം നൽകിയ ഇനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും 4762 രൂപ തിരികെ പിടിച്ചിട്ടുണ്ട്. OP 293/98 പ്രകാരം ചെലവായ 5750 രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്. |
| | | | 2. കട്ടപ്പന - 41121 രൂപ | ഈ പരാമർശം 26.11.2005-ലെ LF HBA 7/562/2005 കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| 5 | 2002-03 | 5:2(5) | MLA/MP-മാർക്കുള്ള നിർമ്മാണ പദ്ധതി - വൻതുക കുടിശ്ശിക | ഈ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എല്ലാവരും കുടിശ്ശിക അടച്ചുതീർത്തിട്ടുണ്ട്. |
| 6 | 2002-03 | 5:2(6) | വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ ഭീമമായ നഷ്ടം<br>1. എറണാകുളം യൂണിറ്റ്- 300898, 326695 | ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പനമ്പിള്ളി നഗർ ഓഫീസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന. P&T വകുപ്പ്, Indian Oil Corporation, Director, Southern Communication എന്നീ വകുപ്പുകൾ കുടിശ്ശിക പൂർണ്ണമായും അടച്ചുതീർത്തിട്ടുള്ളതാകുന്നു. KEL ഡിസംബർ 2005 വരെയുള്ള കുടിശ്ശിക അടച്ചു തീർത്തിട്ടുണ്ട്. 10.6.2004-ലെ ബോർഡ് തീരുമാന പ്രകാരം BSNL നെ വാടക കുടിശ്ശികയ്ക്ക് പലിശ അടയ്ക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| | | | 2. തിരുവനന്തപുരം - 249915 + 1839 | 2001-01 ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള കുടിശ്ശികയിൽ ശ്രീരാമകൃഷ്ണ ഹോട്ടൽ, നടത്തിയിരുന്ന ഗോപിനാഥ പിള്ളയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിന് നിർബന്ധിത നടപടി സ്വീകരിച്ചപ്പോൾ ബോർഡിനെതിരായി കേസ് ഫയൽ ചെയ്യുകയും സർക്കാരിൽ നിന്നും ബോർഡ് നടപടിക്കെതിരെ സ്റ്റേ വാങ്ങുകയും ചെയ്തിട്ടുണ്ട്. Tandum, Plaza, KSIE എന്നീ സ്ഥാപനങ്ങൾ കുടിശ്ശിക തുക മുഴുവനും അടച്ചിട്ടുണ്ട്. |
| | | | 3. തൃശ്ശൂർ ഡിവിഷൻ - 44890 രൂപ | ഈ പരാമർശം 18.12.2003 ലെ LF HBA 10/170/2003 കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| 7 | 2002-03 | 5:2(7) | ആദായനികുതി ഒടുക്കാത്തത് സംബന്ധിച്ച്<br>1. ഇടുക്കി ഡിവിഷൻ- 5311 രൂപ | തൊടുപുഴ മുട്ടം വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർക്ക് നൽകിയ 8.10.1999-ലെയും 04.11.1999-ലെയും ബില്ലുകൾപ്രകാരം യഥാക്രമം 2637 രൂപയും 2674 രൂപയും (ആകെ 5311/-രൂപ) ആദായ നികുതി ഇനത്തിൽ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടച്ചില്ല എന്നതാണ് ഓഡിറ്റ് പരാമർശം. കോൺട്രാക്ടറുടെ ബില്ലിൽ നിന്ന് ആദായ നികുതി ഈടാക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ, കോൺട്രാക്ടർ തൻവർഷത്തെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ, അത് പരിശോധിച്ച ആദായ നികുതി വകുപ്പ്, ആദായ നികുതി ഈടാക്കുന്നതാണ്. എന്നാൽ ഈ കേസിൽ ആദായ നികുതി വകുപ്പിൽ നിന്നും ഇതുവരെയായി യാതൊരു വിധ നോട്ടീസുകളും |

346/2022.

| | | | | |
|---|---|---|---|---|
| | | | | ബോർഡിന് ലഭിച്ചിട്ടില്ല. തന്നെയുമല്ല ടി ജോലിയുമായി ബന്ധപ്പെട്ട കണക്കുകൾ കൈകാര്യം ചെയ്തിരുന്ന അക്കൗണ്ട്സ് ഓഫീസർ ശ്രീ.വി.ശ്രീകുമാർ 1999 ൽ മരിച്ചുപോയിട്ടുള്ളതും അന്നത്തെ എക്സിക്യൂട്ടീവ് എൻജിനീയർ ബോർഡ് സർവ്വീസിൽ നിന്ന് പെൻഷനായിട്ടുള്ളതുമാണ്. ഏകദേശം 15 വർഷം പഴക്കമുള്ള വിഷയമായതിനാലും ആദായ നികുതി വകുപ്പിൽ നിന്ന് ഇത് സംബന്ധിച്ച നോട്ടീസുകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാലും ഈ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| | | | 2. പാലക്കാട് - 2446+11781 രൂപ | ആദായ നികുതി സർചാർജ്ജ് ഇനത്തിൽ 2446 രൂപ കോൺട്രാക്ടറുടെ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കുകയും ഈ വിവരം ലോക്കൽ ഫണ്ട് ആഡിറ്റിനെ അറിയിച്ചതു പ്രകാരം 2.8.2005 ലെ കത്ത് മുഖേന ടി തുക സംബന്ധിച്ച പരാമർശം ഒഴിവാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ സപ്ലൈ ചെയ്ത വകയിൽ 11781 രൂപ നികുതി ഈടാക്കേണ്ടതില്ലെന്ന് Wipro Info Tech Company അവരുടെ 25.5.2000 തീയതിയിലെ കത്തിൽ പറഞ്ഞിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റിനെ അറിയിച്ചതു പ്രകാരം 2.3.2005 ലെ LF HBA 11/301/2005 നമ്പർ കത്ത് മുഖേന പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| 8 | 2002-03 | 5:2(8) | 1. വയനാട് -18815 രൂപ | 1999-2000 വർഷത്തിൽ വീട്ടുവാടക, നഗരബത്ത എന്നീ ഇനങ്ങളിൽ അനർഹമായി അനുവദിച്ച 16295 രൂപ ബന്ധപ്പെട്ട ജീവനക്കാരായ ശ്രീകുറുപ്പച്ചാമി EE, എം.വർഗ്ഗീസ് AO, പി.കെ.മനോജ്കുമാർ AEE, അബൂബേക്കർ AE, ഈപ്പൻ വർഗ്ഗീസ് JS, എന്നിവരിൽ നിന്നും തിരിച്ചുപിടിച്ച് ബോർഡ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ട്. |
| | | | 2. കോട്ടയം - 5684 രൂപ | കോട്ടയം ഓഫീസിനെ സംബന്ധിക്കുന്ന പരാമർശം 26.11.2005-ലെ LF HBA 11/301/2005 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| | | | 3. പാലക്കാട് - 3837 രൂപ | അനർഹമായി നൽകിയ വീട്ടുവാടക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. |
| 9 | 2002-03 | 5:2(9) | മുളംകുന്നത്ത് കാവ് ഭവന പദ്ധതി നിർമ്മാണത്തിലെ തകരാറുകൾ | ഈ ഖണ്ഡികയിലുള്ള പരാമർശം 1.7.2005-ലെ LF HBA 10/320/2005 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| 10 | 2002-03 | 5:2(10) | നിയമവിരുദ്ധമായി HRA യും CCA യും കോർപ്പറേഷൻ നിരക്കിൽ നൽകി | തൃശ്ശൂർ ഡിവിഷനെ സംബന്ധിച്ചുള്ള ഈ പരാമർശത്തിന് വിശദമായ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.12.2003-ലെ LF HBA 10/120/2003 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| 11 | 2002-03 | 5:2(11) | പണം കൈകാര്യം ചെയ്യുന്നവർക്കുള്ള അലവൻസ് പലർക്ക് കൊടുത്തത് അനുവദനീയമല്ല. | അസിസ്റ്റന്റ് ഗ്രേഡായി ജോലി നോക്കുന്ന ശ്രീ.എം.സുരേഷ് ബാബു, ശ്രീ.എം.സുരേഷ് കുമാർ, ശ്രീ.എം.ദേവൻ, ശ്രീ.കെ.രവീന്ദ്രൻ, ശ്രീ.എ.റ്റി.ദിലീപ്കുമാർ എന്നിവരിൽ നിന്നും അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 2002-03 | 5:2(12) | നിയമവിരുദ്ധമായി ശമ്പള കുടിശ്ശിക അനുവദിച്ചു. | ശ്രീ.കെ.കെ.മോഹനൻ AEE ക്ക് നിയമ വിരുദ്ധമായി നൽകിയ 37349/-രൂപ അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. |
| 13 | 2002-03 | 5:2(13) | ശമ്പള പരിഷ്കരണ കുടിശ്ശിക – നിയമ വിരുദ്ധമായി പണം നല്കി. | ശ്രീ.കെ.സി.പ്രസാദ് 26.9.98-ൽ ബോർഡ് സർവ്വീസിൽ നിന്ന് മാറി. ഓഡിറ്റിൽ പരാമർശിച്ച അധികമായി നൽകിയ 1788 രൂപ 28.7.2007 ൽ തിരിച്ചുപിടിച്ചിട്ടുണ്ട്. |
| 14 | 2002-03 | 5:2(14) | മുൻകൂർ അന്തിമ ക്രമപ്പെടുത്തലുകൾ നടത്തിയിട്ടില്ല.<br>1. പത്തനംതിട്ട ഡിവിഷൻ- 382747 രൂപ | പത്തനംതിട്ട ഡിവിഷനിൽ മുൻകൂർ നൽകിയ 382747 രൂപ പല തീയതികളിലായി അന്തിമ ക്രമപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. വിശദവിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| | | | 2. കണ്ണൂർ ഡിവിഷൻ- 4567 രൂപ | മുൻകൂറുകൾ ക്രമപ്പെടുത്തിയതിനു ശേഷം വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 8.1.2004 ലെ LF HBA 11/138/2003 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| | | | 3. എറണാകുളം യൂണിറ്റ് -13850 രൂപ | മുൻകൂറുകൾ അന്തിമമായി ക്രമപ്പെടുത്തി റിപ്പോർട്ട് ചെയ്യുന്നതിന് കേരള സംസ്ഥാന ഭവന ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | 4. എറണാകുളം യൂണിറ്റ് ഓഫീസ് - 8920 രൂപ | മുൻകൂറുകൾ അന്തിമമായി ക്രമപ്പെടുത്തലുകൾ നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 14.10.2003 ലെ LF HBA 11/438/2003 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| | | | 5. ഇടുക്കി ഡിവിഷൻ- 202300 രൂപ | ഈശ്വരപിള്ള എക്സി.എൻജിനീയർ (റിട്ട.) കൈപ്പറ്റിയ മുൻകൂർ 30,000/- രൂപ HBO/186 Adl (a)5771/2005 dated 26/07/2010 നമ്പരിലുള്ള നടപടിക്രമം പ്രകാരം പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചുപിടിച്ചു. എ.ഡി.ശശികുമാർ, അക്കൗണ്ട്സ് ഓഫീസർ (റിട്ട.)കൈപ്പറ്റിയ മുൻകൂർ 2500/-രൂപ HBO/244 Adl (a)9173/2006 dated 21/06/2012 നമ്പരിലുള്ള നടപടിക്രമം പ്രകാരം പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചുപിടിച്ചു. കറുപ്പച്ചാമി, എക്സിക്യൂട്ടീവ് എൻജിനീയർ കൈപ്പറ്റിയ മുൻകൂർ 5000/-രൂപ 17445(സി)792487 തീയതി 16.10.2012 നമ്പരിലുള്ള രസീതു പ്രകാരവും 2000/-രൂപ 17446(സി)792487 തീയതി 16.10.2012 നമ്പരിലുള്ള രസീതു പ്രകാരവും തിരിച്ചുപിടിച്ചു. ഓഡിറ്റ് പരാമർശത്തിൽ ബാക്കി തുകയായ 162800/-രൂപയുടെ വൗച്ചറുകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് മുൻകൂറുകൾ അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| | | | 6. കോട്ടയം ഡിവിഷൻ- 2000 രൂപ | 16.7.2003-ലെ LF HBA 11/157/2005 നമ്പർ കത്ത് മുഖേന ഈ ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| | | | 7. ആലപ്പുഴ ഡിവിഷൻ- 5000 രൂപ. | ഈ ഓഡിറ്റ് പരാമർശം 4.2.2004-ലെ കത്ത് മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 15 | 2002-03 | 5:2(15) | അകത്തേത്തറ ഭവന നിർമ്മാണ പദ്ധതി - കെട്ടിട നിർമ്മാണത്തിലെ അപാകതകളും വീഴ്ചകളും കാരണം നഷ്ടം | അകത്തേത്തറ ഭവന നിർമ്മാണ പദ്ധതി നിർമ്മാണത്തിലെ അപാകതകളും വീഴ്ചകളും മൂലം ആകെ 96425 രൂപ നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. ടി തുക കോൺട്രാക്ടറുടെ അന്തിമ ബില്ലിൽ നിന്ന് ഈടാക്കുകയും കരാറുകാരന്റെ കൈവശം അവശേഷിച്ച സിമന്റും കമ്പിയും തിരിച്ച് പിടിച്ച് സ്റ്റോക്കിൽ ഉൾക്കൊളിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ രേഖകൾ അടുത്ത ഓഡിറ്റ് സമയത്ത് പരിശോധിക്കാമെന്ന വ്യവസ്ഥയിൽ ഈ ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| 16 | 2002-03 | 5:2(16) | കാഞ്ഞിരപ്പള്ളി ഭവന പദ്ധതി - അനുബന്ധ കരാറുവയ്ക്കാതെ സമയം നീട്ടിക്കൊടുത്തതുമൂലം നഷ്ടം - 1,20,000/-രൂപ. | അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 17 | 2002-03 | 5:2(17) | ആദായനികുതി ഇനത്തിൽ കേന്ദ്ര സർക്കാരിന് നഷ്ടം<br>1. തിരുവനന്തപുരം ഡിവിഷൻ - 23476 രൂപ | ഈ കേസിൽ കോൺട്രാക്ടറുടെ അന്തിമ ബില്ല് തിട്ടപ്പെടുത്തി കഴിഞ്ഞതിനാൽ അവരിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന സർ ചാർജ്ജ് തുകയായ 23476 രൂപ തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അവർ രജിസ്റ്റേർഡ് കോൺട്രാക്ടർമാരായതിനാൽ ബോർഡിൽ നിന്ന് നൽകിയ TDS ന്റെ അടിസ്ഥാനത്തിൽ ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതായിട്ടുണ്ട്. എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ആദായ നികുതി അധികൃതർ റിട്ടേണുകൾ സ്വീകരിക്കുന്നതല്ല. കോൺട്രാക്ടർമാർ ഫയൽ ചെയ്ത റിട്ടേണുകൾ സ്വീകരിച്ച സാഹചര്യത്തിൽ ഈ പരാമർശം ഒഴിവാക്കാവുന്നതാണ്. എന്നിരുന്നാലും ഈ വിവരം കോൺട്രാക്ടർമാരെ അറിയിച്ചിട്ടുണ്ട്. 20.12.2013-ലെ കത്ത് മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റിനെ വിവരം അറിയിച്ചിട്ടുണ്ട്. |
| | | | 2. കോഴിക്കോട് ഡിവിഷൻ- 4681 രൂപ | ഈ പരാമർശത്തിന്മേൽ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ 3.12.2005 ലെ LF HBA 11/157/2005 നമ്പർ കത്തു മുഖേന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. |
| | | | 3. വയനാട് - 3200 രൂപ | വയനാട് ഡിവിഷനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന 3200 രൂപ കോൺട്രാക്ടറുടെ അന്തിമബില്ല് സമർപ്പിക്കുമ്പോൾ സർച്ചാർജ്ജ് ഇനത്തിൽ ശ്രീ.മൈക്കിളിൽ നിന്ന് തുക പിടിച്ച് ബോർഡ് അക്കൗണ്ടിൽ വകയിരുത്തുന്നതാണ്. ഇത് സംബന്ധിച്ച് അന്തിമറിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

## കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)

## സംസ്ഥാന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ

## സമാഹൃത റിപ്പോർട്ടിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക

### സ്ഥാപനം: കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-03 | 5.2 (6) .2 | 2000-01 ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള കുടിശ്ശികയിൽ ശ്രീരാമകൃഷ്ണ ഹോട്ടൽ നടത്തിയിരുന്ന ശ്രീ.ഗോപിനാഥ പിള്ളയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ശാന്തിനഗർ ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറിയുടെ വാടകക്കാരനായിരുന്ന ശ്രീ.എം. ഗോപിനാഥപിള്ളയിൽ നിന്നും ബോർഡിന് ലഭിക്കാനുള്ള വാടക കുടിശ്ശികയായ 11,45,775/-രൂപ ഇതുവരെ ബോർഡിനു ലഭിച്ചിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടിയുടെ ഭാഗമായി ഫോം 1 & 10 ഡിമാന്റ് നോട്ടീസുകൾ നൽകുന്നതിന് 12.01.2017-ന്, നോട്ടീസിൽ രേഖപ്പെടുത്തിയ സ്ഥലം സന്ദർശിച്ചെങ്കിലും, ശ്രീ.ഗോപിനാഥപിള്ള, പ്രസ്തുത സ്ഥലം വിറ്റ് വാടകയ്ക്ക് താമസിക്ക-ന്നതിനാൽ നോട്ടീസ് നൽകുവാൻ കഴിഞ്ഞില്ല. തുടർന്ന് വാടക സ്ഥലം സന്ദർശിച്ചെങ്കിലും, കുടിശ്ശികക്കാരൻ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്നതിനാൽ ഡിമാന്റ് നോട്ടീസുകൾ നൽകാൻ സാധിച്ചിരുന്നില്ല. ശ്രീ.ഗോപിനാഥ പിള്ള വാടക വീട് വീണ്ടും മാറിയതിനെ തുടർന്ന് പുതിയ സ്ഥലം 18.02.2017-ന് കണ്ടെത്തി ഡിമാന്റ് നോട്ടീസുകൾ കുടിശ്ശികക്കാരന് നേരിട്ട് നൽകിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് നടത്തിയ അന്വേഷണത്തിൽ കുടിശ്ശികക്കാരന്റെയോ, അവകാശികളുടെയോ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഉണ്ടോയെന്ന് കണ്ടെത്താനും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ അന്വേഷണം നടത്തി തുടർനടപടി പൂർത്തീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 2 | 2002-03 | 5.2 (14) .3 | മുൻകൂറുകൾ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് | 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 38.4 പരാമർശിച്ചിട്ടുള്ള മുൻകൂറുകൾ തിട്ടപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയം, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ ബോർഡ് അറിയിക്കുകയുണ്ടായി. എന്നാൽ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 5.2 (14)-ൽ ഈ പരാമർശം വന്നിട്ടുള്ളതിനാൽ, പ്രസ്തുത പരാമർശം വകുപ്പ് തലത്തിൽ ഒഴിവാക്കാൻ കഴിയില്ലായെന്നും, ഈ വിഷയത്തിൽ നിയമസഭാ സമിതിക്ക് മാത്രമേ തീരുമാനം സാദ്ധ്യമാകുകയുള്ളൂ എന്നും അറിയിക്കുകയുണ്ടായി.. |

| | | | | |
|---|---|---|---|---|
| | 2002-03 | 5.2 (16) | കാഞ്ഞിരപ്പള്ളി ഭവന പദ്ധതി-അനുബന്ധ കരാർ വയ്ക്കാതെ സമയം നീട്ടി കൊടുത്തതു മൂലം നഷ്ടം 1,20,000/- രൂപ. | കാഞ്ഞിരപ്പള്ളി ഭവന പദ്ധതിയിൽ 33 വീടുകൾ നിർമ്മിച്ചു നല്കുന്ന പ്രവൃത്തിയ്ക്കായി കോൺട്രാക്ടറായ ശ്രീ. രാജു ചാക്കോ 5.5.1998-ൽ ബോർഡുമായി ഉണ്ടാക്കിയ കരാറിന്റെ കാലാവധി 4.5.1999-ൽ അവസാനിച്ചതിനാൽ, ചീഫ് എഞ്ചിനീയർ 15.2.2000-ലെ ഉത്തരവ് പ്രകാരം കരാർ കാലാവധി, മുഖ്യ കരാറിലെ വ്യവസ്ഥകൾ അതേപടി നിലനിർത്തി, 30.04.2000 വരെ കാലാവധി നീട്ടി നൽകിയിരുന്നു. എന്നാൽ പണി പൂർത്തീകരിക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ടുള്ള കോൺട്രാക്ടറുടെ അപേക്ഷ പരിഗണിച്ച്, ചീഫ് എഞ്ചിനീയർ 15.07.2000-ലെ ഉത്തരവ് പ്രകാരം കാലാവധി 30.07.2000 വരെ വീണ്ടും നീട്ടി നൽകുകയുണ്ടായി. ഇവയ്ക്കെല്ലാം കോൺട്രാക്ടർ യഥാസമയം സപ്ലിമെന്ററി കരാറുകൾ വെച്ചിട്ടുള്ളതാണെന്നും, കാലാവധി നീട്ടി നൽകുന്നതിന് കോൺട്രാക്ടർ നൽകിയിരുന്ന വിശദീകരണങ്ങൾ വസ്തു-നിഷ്ഠമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്നാണ് ചീഫ് എഞ്ചിനീയർ കാലാവധി നീട്ടിക്കൊടുത്തത് എന്നും, ഈ പ്രവൃത്തിയിൽ. ബോർഡ്, കോൺട്രാക്ടറിൽ നിന്നും ഫൈൻ ഈടാക്കുകയുണ്ടായില്ലെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. |
| 4 | 2002-03 | 5.2 (17).3 | | മീനങ്ങാടി ഭവന പദ്ധതിയുടെ കരാറുകാരനായ ശ്രീ. മൈക്കളിന്റെ അന്തിമ ബിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ബില്ലിൽ നിന്നും സർചാർജ്ജ് ഇനത്തിൽ പിടിക്കേണ്ട 3200/- രൂപ ബോർഡ് ഇതുവരെ ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ നടപടി പൂർത്തീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

...ഷണൽ സെക്രട്ടറി
...നിർമ്മാണ വകുപ്പ്
...ർമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേലുള്ള ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

**വർഷം : 2003-04**

<table>
<tr><th>ക്രമ നം</th><th>സമാഹൃത ആഡിറ്റ് വർഷം</th><th>ആഡിറ്റ് റിപ്പോർട്ട് വർഷവും ഖണ്ഡിക നമ്പരും</th><th>ആഡിറ്റ് പരാമർശ വിഷയം</th><th>ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി</th></tr>
<tr><td>1</td><td>2003-04</td><td>2002-03<br>4</td><td>അനുമതി ഇല്ലാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം.<br><br>സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നത് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2001-02, 2002-03 വർഷങ്ങളിലും തുടരുന്നു. 2000-01 ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നു.<br><br>നിയമനം നടത്തിയ തസ്തികകളുടെ വിവരം<br><br><table><tr><th></th><th>2001-02</th><th>2002-03</th></tr><tr><td>ഡെപ്യൂട്ടി സെക്രട്ടറി</td><td>3</td><td>-</td></tr><tr><td>അസി. സെക്രട്ടറി</td><td>5</td><td>4</td></tr><tr><td>അക്കൗണ്ട്സ് ഓഫീസർ</td><td>10</td><td>9</td></tr><tr><td>ചീഫ് പ്രോജക്ട് എഞ്ചിനീയർ</td><td>1</td><td>-</td></tr><tr><td>അസി. എഞ്ചിനീയർ</td><td>28</td><td>-</td></tr><tr><td>അസി. എക്സി. എഞ്ചിനീയർ</td><td>3</td><td>-</td></tr></table></td><td>ഡെപ്യൂട്ടി സെക്രട്ടറിമാരുടെ 3 തസ്തികകൾ 30.04.1999 ലെ ബോർഡ് തീരുമാനപ്രകാരം സൃഷ്ടിച്ചിരുന്നു. സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ നിയമനം നടത്തിയിട്ടില്ല.<br><br>അസിസ്റ്റന്റ് സെക്രട്ടറിമാരുടെ 5 തസ്തികകളിൽ ഒന്ന് എറണാകുളം കളക്ടറേറ്റിലും 4 തസ്തികകൾ സ്റ്റാഫ് പാറ്റേൺ അനുസരിച്ചും ബോർഡിൽ നടപ്പാക്കി. ഒരു തസ്തികയ്ക്ക് സർക്കാരിന്റെ അംഗീകാരം ജി.ഒ (Rt.) No.40/ 01/ Hsg തീയതി 8.5.01 പ്രകാരം 28.2.2001 വരെ ലഭിച്ചു. തുടർന്ന് ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല.<br><br>30.4.1999 ലെ ബോർഡ് തീരുമാനപ്രകാരം നിലവിലുള്ള സ്കീമുകളിലേയ്ക്ക് 4 അസിസ്റ്റന്റ് സെക്രട്ടറിമാരുടെയും 9 അക്കൗണ്ട്സ് ഓഫീസർമാരുടെയും തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു. ഭവന രഹിതരായ ദുർബല വിഭാഗക്കാർക്കുവേണ്ടി ബോർഡ് ആവിഷ്ക്കരിച്ച മൈത്രി ഭവന പദ്ധതി, കേരളത്തിൽ ഇന്നുവരെ നടപ്പിലാക്കിയിട്ടുള്ള മറ്റേതൊരു ഭവന പദ്ധതിയേക്കാളും വളരെ ബൃഹത്തും ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായിരുന്നു. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയായിരുന്നു മേൽപ്പറഞ്ഞ തസ്തികകൾ അധികമായി സൃഷ്ടിച്ചത്. ഈ തീരുമാനം സർക്കാർ നിരാകരിക്കുകയും നിയമനം നടത്തിയ തസ്തികയിലുള്ള ജീവനക്കാരെ തരം താഴ്ത്തി നിയമിക്കുവാൻ ഉത്തരവാകുകയും ചെയ്തു. തുടർന്ന് 27.4.2002 ലെ ബോർഡ് തീരുമാനപ്രകാരം നിയമനം നടത്തിയ തസ്തികകളിൽ ഭാവിയിൽ ഉണ്ടാകുന്ന റിട്ടയർമെന്റിലെ ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യാൻ OP No.24883/-02 പ്രകാരമുള്ള കേസിന്റെ അടിസ്ഥാനത്തിൽ ബോർഡ് തീരുമാനിക്കുകയും അതനുസരിച്ച് അധികമായി സൃഷ്ടിച്ച എല്ലാ പോസ്റ്റുകളും അഡ്ജസ്റ്റുചെയ്യുകയും 19.7.02 ൽ സർക്കാരിലേയ്ക്ക് ഈ</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | ഈ ഇനത്തിൽ 2001-02ൽ ഒരു കോടിയും 2002-03 ൽ 25 ലക്ഷവും ചെലവഴിച്ചതായി കാണുന്നു.<br><br>അനുമതിയില്ലാത്ത തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. | വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ചീഫ് പ്രോജക്ട് എൻജിനീയറുടെ ഒരു തസ്തികയ്ക്ക് ജി.ഒ.(എം.എസ് ) 17/ 2000/Hsg തീയതി 17.8.2000 പ്രകാരം സ്ഥിരമായ അംഗീകാരം സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.<br><br>അസിസ്റ്റന്റ് എൻജിനീയർമാരുടെ 28 തസ്തികകൾ സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്നു എന്ന ആഡിറ്റിന്റെ കണ്ടെത്തൽ വസ്തുതകൾക്ക് നിരക്കാത്തതാണ്. സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള അസിസ്റ്റന്റ് എൻജിനീയറുടെ 108 തസ്തികകളിൽ 2001ൽ 68 തസ്തികകളും 2002 ൽ 78 തസ്തികകളും മാത്രമാണ് ഓപ്പറേറ്റ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ യഥാക്രമം 40ഉം 30 ഉം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടായിരുന്നു. സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ച് അസിസ്റ്റന്റ് എൻജിനീയർമാരെ നിയമിച്ചിട്ടില്ല.<br><br>ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക ബാദ്ധ്യതകൾ മൂലവും കനത്ത ശമ്പള ചെലവുകൾ മൂലവും ബോർഡിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്ന സാഹചര്യത്തിലും, സാങ്കേതിക/ സാങ്കേതികേതര വിഭാഗങ്ങളിലായി വിവിധ കാറ്റഗറികളിൽ ഒഴിവുള്ള തസ്തികകളിൽ വളരെ അത്യാവശ്യമുള്ളവ ഒഴികെ ബാക്കിയുള്ള തസ്തികകൾ തൽക്കാലം മരവിപ്പിക്കാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ 15.3.2007 ലെ തീരുമാന പ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെ ഒഴിഞ്ഞുകിടക്കുന്ന 44 തസ്തികയിൽ നിന്നും 18 എണ്ണം താൽക്കാലികമായി മരവിപ്പിക്കാൻ തീരുമാനിക്കുകയും 27.06.2007 ലെ ബോർഡ് യോഗ തീരുമാന പ്രകാരം ശേഷിച്ച 26 എണ്ണത്തിൽ 10 എണ്ണം 2006 എസ്റ്റാബ്ലിഷ്മെന്റ് റെഗുലേഷൻ പ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്തിട്ടുള്ളതുമാണ്.<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 3 തസ്തികകളിലേയ്ക്ക് രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിപ്രകാരം ജി.ഒ.(എം.എസ് ) 17/ 2000/Hsg തീയതി 17.8.2000 പ്രകാരം അംഗീകാരം സ്ഥിരമായി ലഭിച്ചിട്ടുണ്ട്. |
| 2 | 2003-04 | 2002-03 | ഫ്ളാറ്റ് / കെട്ടിട വിൽപ്പനയിൽ പുരോഗതി ഇല്ല.<br>വർഷങ്ങൾക്ക് മുമ്പ് പണിതീർത്ത ഫ്ളാറ്റുകളും കെട്ടിടങ്ങളും വിൽക്കുവാനുള്ള ഭവന നിർമ്മാണ ബോർഡിന്റെ ശ്രമത്തിൽ പുരോഗതി യില്ല. | ബോർഡിന്റെ കൈവശം വിറ്റഴിയാതെ കിടക്കുന്ന കെട്ടിടങ്ങൾ ഫ്ളാറ്റുകൾ /പ്ലോട്ടുകൾ എന്നിവയ്ക്ക് 2001-02 വർഷത്തിൽ കണക്കാക്കിയ ഏകദേശവില 100 കോടി രൂപയായിരുന്നു. പദ്ധതി നടത്തിപ്പിന് ചെലവ് വരുന്ന തുകയോട് അലോട്ട്മെന്റ് തീയതിവരെയുള്ള പലിശയും ചേർത്ത് താല്ക്കാലിക വില കണക്കാക്കി അലോട്ടുചെയ്യുന്ന രീതിയാണ് ബോർഡ് |

| | | | | |
|---|---|---|---|---|
| | | | രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുവാൻ വേണ്ടിയാണ് ഇളവുകൾ അനുവദിച്ച് ഇവ വിറ്റഴിക്കാൻ ബോർഡ് ശ്രമം തുടങ്ങിയത്.<br><br>അശാസ്ത്രീയമായ വില നിർണ്ണയമാണ് പ്രധാന തടസ്സം. കുറഞ്ഞ വിലയ്ക്ക് കൂടുതൽ നിലവാരമുള്ള ഫ്ളാറ്റുകളും കെട്ടിടങ്ങളും വിൽക്കുന്ന സ്വകാര്യ സംരംഭകരുമായി മത്സരിച്ച് മുന്നേറുന്നതിൽ ബോർഡ് പിൻതള്ളപ്പെട്ടു.<br><br>കെട്ടിടങ്ങളും ശരിയാക്കിയെടുത്ത പ്ലോട്ടുകളും 14 ജില്ലകളിലും വിവിധ സ്ഥലങ്ങളിൽ വിൽക്കാൻ കഴിയാത്ത അവസ്ഥയിൽ കിടപ്പാണ്. 2001-02 വർഷം ഇവയുടെ മതിപ്പുവില 200 കോടിയാണ്. 2002-03 ൽ ഇത്, 225 കോടിയായി വർദ്ധിച്ചിട്ടുണ്ട്.- ഇതിനിടയിലും ബോർഡിന്റെ സഞ്ചിത നഷ്ടം പെരുകുന്നതായി കണക്കുകൾ തെളിയിക്കുന്നു. 2001-02 ൽ 155 കോടിയായിരുന്ന നഷ്ടം 2002-03 ൽ 218.8 കോടിയായി പെരുകി. 2001-02 ലെ കണക്കനുസരിച്ച് ബോർഡിന്റെ ബാദ്ധ്യത 1218 കോടിയും ആസ്തി 1340 കോടിയുമാണ്. ഈ അവസ്ഥയിൽ സാമ്പത്തിക നിയന്ത്രണം കർശനമാക്കേണ്ടതും സ്ഥാപനത്തെ കടക്കെണിയിൽ നിന്നും രക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. | തുടർന്നു വരുന്നത്. ഇങ്ങനെ വിലകണക്കാക്കി 2002 ൽ വിപുലമായ പരസ്യം നടത്തി വിറ്റഴിയാതെ കിടന്ന യൂണിറ്റുകളുടെ അലോട്ടുമെന്റ് നടത്തുകയുണ്ടായി. അപ്രകാരം കണക്കാക്കിയ വിലക്കുള്ള അലോട്ട്മെന്റിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായില്ല. ആയതിനാൽ പലിശ, Overhead charge എന്നിവയിൽ ഇളവുകൾ അനുവദിച്ച് പദ്ധതി പ്രദേശത്തിന് സമീപം നിലവിലുള്ള മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി വില നിശ്ചയിക്കുവാൻ ബോർഡ് തീരുമാനിച്ചു. 16.6.2003 ലെ G.O (Ms.) 23/03/Hsg, 16.7.03 ലെ G.O (Ms.) 25/2003/Hsg എന്നീ ഉത്തരവുകൾ പ്രകാരം കുറവു വരുത്തിയ വിലയ്ക്ക് അലോട്ടുമെന്റ് നടത്തുന്നതിന് സർക്കാർ അനുമതി നൽകി. കുറവു വരുത്തിയ വിലയ്ക്ക് 2003-ൽ നടത്തിയ അലോട്ടുമെന്റിൽ ഏകദേശം 10 കോടി രൂപയ്ക്കുള്ള യൂണിറ്റുകൾ വിൽപ്പന നടത്തി. കുറവു വരുത്തിയ വിലയ്ക്ക് അലോട്ടുമെന്റ് നടത്തിയശേഷം അവശേഷിക്കുന്ന യൂണിറ്റുകൾ സർക്കാർ ഉത്തരവിലൂടെ കുറവു വരുത്തിയ നിരക്കിന്റെ 75% Upset price ആയി നിശ്ചയിച്ച് ക്വട്ടേഷൻ / ലേല വ്യവസ്ഥയിൽ വില്പന നടത്തുവാൻ സർക്കാർ ഉത്തരവ് നൽകി. 18.12.2003 ൽ കൂടിയ ബോർഡ് യോഗം കുറവു വരുത്തിയ നിരക്കിന്റെ 75% ഭാവിയിൽ LAR ഇനത്തിൽ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയ തുകകളും ചേർത്ത് വിറ്റഴിയാതെ കിടന്ന യൂണിറ്റുകളുടെ Upset price നിർണ്ണയിക്കുകയും അവ ലേലത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. 2004 ജനുവരിയിൽ ലേലവിൽപ്പന തുടങ്ങി. 213 പ്ലോട്ടുകളും 579 വീടുകളും 375 ഫ്ളാറ്റുകളുമാണ് അന്ന് ലേല വിൽപ്പനയ്ക്ക് ഓഫർ ചെയ്തത്. അവയിൽ 4 പ്ലോട്ടുകളും 9 വീടുകളും 6 ഫ്ളാറ്റുകളും ഒഴികെ മറ്റെല്ലാ യൂണിറ്റുകളും ലേലത്തിൽ വിൽക്കുവാൻ സാധിച്ചു. 03/2008 വരെ 79.69 കോടി രൂപ ലേല വിൽപ്പനയിലൂടെ സമാഹരിച്ചു. |
| 3 | 2003-04<br><br>10.3.3 | 2002-03<br>12 (3) 4 | കണക്ക് തയ്യാറാക്കാൻ സ്വകാര്യ സ്ഥാപനം<br>വാർഷിക കണക്ക് തയ്യാറാക്കാൻ ബോർഡ് സ്വകാര്യ സ്ഥാപനത്തിന്റെ സഹായം തേടി. 2001-02 ലേയും 2002-03 ലേയും കണക്കുകൾ തയ്യാറാക്കാൻ ധൻ ആന്റ് കമ്പനിയെയാണ് ചുമതലപ്പെടുത്തിയത്. ഇവരുടെ വാർഷിക ഫീസ് 2.25 ലക്ഷം രൂപയാണ്. കൂടാതെ യാത്ര, ദിന ബത്തകളും നൽകണം. മുൻ വർഷങ്ങളിലും ഇത്തരത്തിൽ ചെലവുണ്ട്. അതിലും കൂടിയ പ്രതിഫലമാണ് ഇപ്പോൾ അനുവദിക്കപ്പെ | "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സ് ഓഫ് ഇൻഡ്യ" നടപ്പാക്കിയ വിവിധ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്, ഹൗസിംഗ് ബോർഡിനും ബാധകമാണ്. അതു പ്രകാരം അക്കൗണ്ട്സ് തയ്യാറാക്കാൻ ബോർഡിലെ ഉദ്യോഗസ്ഥരെക്കൊണ്ടുമാത്രം കഴിയുന്നതല്ല. സർട്ടിഫൈചെയ്ത വാർഷിക കണക്കുകൾ തയ്യാറാക്കി ബോർഡിന്റെ ധനകാര്യ സ്ഥാപനങ്ങൾക്കും സർക്കാരിനും നൽകേണ്ടതുണ്ട്. അങ്ങനെ തയ്യാറാക്കുന്ന വാർഷിക കണക്കുകൾ രജിസ്റ്റേർഡ് ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ആയതിനാലാണ് ബോർഡിന്റെ വിവിധ ഓഫീസുകൾ തയ്യാറാക്കുന്ന കണക്കുകൾ എല്ലാംകൂടി ചേർത്ത് (Consolidation) വാർഷിക കണക്കുകൾ നിശ്ചിത രൂപത്തിൽ തയ്യാറാക്കാൻ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്താൻ |

| | | | | |
|---|---|---|---|---|
| | | | ട്ടിരിക്കുന്നത്.<br>ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കിയാൽ ഒഴിവാക്കാവുന്നതാണീ ചെലവ്. സബ് ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന പ്രതിമാസ വരവ് ചെലവും ബാങ്ക് റെക്കൺസിലിയേഷൻ പത്രികകളും ഹെഡ് ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്തതിനാലാണ് കണക്ക് തയ്യാറാക്കാൻ വർഷം തോറും ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നത്. ബോർഡിന്റെ സഞ്ചിത നഷ്ടം പെരുകുമ്പോൾ ഇത്തരം അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ്. | ബോർഡ് നിർബന്ധിതമായത്.<br>28/5/2003 ലെ ബോർഡ് തീരുമാനപ്രകാരമാണ് 2001-02, 2002-03 വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് ധൻ & കമ്പനി എന്ന ഓഡിറ്ററെ ഏല്പിച്ചത്. ഓരോ ഓഫീസും സന്ദർശിച്ച് രേഖകൾ പരിശോധിക്കുന്നതിനും ബാങ്ക് റെക്കൻസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനും ഓഡിറ്റ് ചാർജ്ജായി 2.25 ലക്ഷം രൂപയും യാത്രാ-ദിനബത്തയും മറ്റും നിശ്ചയിച്ചാണ് ഈ കമ്പനിയെ ചുമതലപ്പെടുത്തിയത്. 2003-04, 2004-05 വർഷങ്ങളിലെ കണക്കുകളും ധൻ & കമ്പനിയാണ് ചെയ്തത്. 2005-06, 2006-07 വർഷങ്ങളിലെ കണക്കുകളും പുറമേ നിന്നുള്ള ഏജൻസിയാണ് ചെയ്തത്. എന്നാൽ 22.11.2006 ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2007-08 മുതലുള്ള കണക്കുകൾ ബോർഡിന്റെ അക്കൗണ്ട്സ് വിഭാഗം തന്നെ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിലേയ്ക്ക് ബോർഡ് ഉദ്യോഗസ്ഥരെ സഹായിക്കാൻ C.A യുടെ ഇന്റർമീഡിയറ്റ് കഴിഞ്ഞ ഒരു വ്യക്തിയെ അസിസ്റ്റന്റ് ഓഡിറ്ററായി ബോർഡ് നിയമിച്ചിട്ടുണ്ട്. |
| 4 | 2003-04<br>10.3.8 | 2002-03<br>17 (1) -(4) | പി.എഫ് വകമാറ്റി ചെലവഴിക്കുന്നു.<br>ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ബോർഡ് വകമാറ്റി ചെലവഴിക്കുന്നതായി കാണുന്നു. പി.എഫിന് പ്രത്യേകം അക്കൗണ്ട് തുടങ്ങണമെന്ന നിർദ്ദേശം ബോർഡ് പാലിച്ചിട്ടില്ല.<br>കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പലിശ നിരക്കും ബാധകമാക്കാറില്ല. 2002-03 ലും പലിശ നിരക്ക് കുറച്ചിരുന്നെങ്കിലും കൂടിയ നിരക്കിൽ പലിശ അനുവദിക്കപ്പെട്ടതായി കാണുന്നു. പി.എഫ് ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ച് വായ്പകൾ അനുവദിക്കപ്പെട്ടതായും കാണുന്നു. | 27.10.2004 ലെ ബോർഡ് തീരുമാന പ്രകാരം ബോർഡ് ജീവനക്കാരുടെ പി.എഫ് തുക നിക്ഷേപിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുകയും പ്രതിമാസം 7 ലക്ഷം രൂപ നിരക്കിൽ 10/04 മുതൽ പുത്തൻചന്ത കാനറാ ബാങ്കിൽ ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നതുമാണ്. ഈ തുക ഉയർന്ന നിരക്കിൽ പലിശ ലഭിക്കത്തക്കവിധം 3 വർഷ കാലയളവിൽ സ്ഥിരനിക്ഷേപമായി ഡെപ്പോസിറ്റ് ചെയ്തുവരുന്നു. എന്നാൽ ബോർഡ് ജീവനക്കാരുടെ പി.എഫ് ബാദ്ധ്യതകൾ (പിഎഫ് ക്ലോഷർ, NRA, T.A തുടങ്ങിയവ) തീർക്കുന്നതിന് ആവശ്യമായ തുക ടി അക്കൗണ്ടിൽ ഇല്ലാത്തതുകൊണ്ട് ആയത് നിറവേറ്റുന്നതിന് ബോർഡിന്റെ ജനറൽ ഫണ്ടിനെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. പി.എഫ്. അക്കൗണ്ടിൽ മതിയായ നിക്ഷേപം ഉണ്ടാകുമ്പോൾ നിലവിലുള്ള രീതി പുനഃപരിശോധിക്കുന്നതും പി.എഫ്. അക്കൗണ്ടിൽ നിന്നുതന്നെ പി.എഫ് സംബന്ധിച്ച എല്ലാവിധ ചെലവുകളും വഹിക്കുന്നതുമായിരിക്കും. നിക്ഷേപം സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പി.എഫിൽ ആഡിറ്റ് നിർദ്ദേശ പ്രകാരം സ്വരൂപിച്ചത് 4.3.2008 വരെ 287 ലക്ഷം രൂപയാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ മുന്നോട്ട് നീങ്ങുന്നതാണ് ഉചിതമെന്നു കാണുന്നു.<br>2003-2004 കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള 8% പലിശനിരക്ക് ബോർഡിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 2003-04<br><br>10.3.5 | 2002-03<br>20 (7)<br>20 (9). | മൈത്രി : നഷ്ടം നികത്താൻ നിക്ഷേപം നടത്തിയില്ല.<br>മൈത്രി ഭവന പദ്ധതി നടപ്പാക്കുന്നതിലൂടെ ഉണ്ടായ നഷ്ടം നികത്താൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിക്ഷേപം നടത്തിയില്ല.<br><br>ബോർഡിന്റെ കണക്കുകൾ പ്രകാരം 2002-03 വരെ 344.5 കോടി രൂപ നിക്ഷേപിക്കേണ്ടതുണ്ട്. നിക്ഷേപം നടത്താത്തത് ബോർഡിന് വൻ നഷ്ടവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും സൃഷ്ടിച്ചേക്കും.<br><br>മൈത്രി ഭവന പദ്ധതിക്ക് അംഗീകാരം വാങ്ങുമ്പോൾ ഗുണഭോക്താക്കൾക്ക് വേണ്ടി സ്പോൺസർ അടയ്ക്കുന്ന ആന്വിറ്റി ഡിപ്പോസിറ്റ് മതിയായ പലിശ ലഭിക്കുന്ന തരത്തിൽ നിക്ഷേപിച്ച് നഷ്ടം നികത്തുമെന്ന് ബോർഡ് സർക്കാരിന് ഉറപ്പ് നൽകിയിരുന്നു. നിക്ഷേപം നടത്താതെ സർക്കാരിന് നൽകിയ ഉറപ്പും ബോർഡ് ലംഘിച്ചിരിക്കുകയാണ്.<br><br>മൈത്രി ഭവന പദ്ധതി ഗുണഭോക്താവിന് വേണ്ടി സ്പോൺസർ ആന്വിറ്റി ഡിപ്പോസിറ്റായി 97-98 വരെ 11600 രൂപയും 97-98 മുതൽ 12500 രൂപയും വീതമാണ് ബോർഡിൽ അടയ്ക്കേണ്ടത്. ഈ നിക്ഷേപത്തിന്മേൽ, ബോർഡ് ഗുണഭോക്താവിന് 28000 രൂപയാണ് വായ്പ നൽകുന്നത്. വായ്പയിൽ 9000 രൂപ സർക്കാർ സബ്സിഡി കിഴിച്ച് 19000 രൂപ ഗുണഭോക്താവ് പലിശ രഹിത തവണകളായി തിരിച്ചടയ്ക്കണം.<br>ആന്വിറ്റി ഡിപ്പോസിറ്റും ബോർഡ് നൽകുന്ന വായ്പയും തമ്മിലുള്ള വ്യത്യാസം 6500 രൂപയുടെ നഷ്ടം നികത്തൻ, ആന്വിറ്റി ഡിപ്പോസിറ്റ് മതിയായ പലിശ ലഭ്യമാക്കുന്ന തരത്തിൽ നിക്ഷേപിക്കുവാനായിരുന്നു ബോർഡിന്റെ ലക്ഷ്യം. എന്നാൽ പദ്ധതി നടപ്പാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ബോർഡ് | മൈത്രി ഭവന നിർമ്മാണ പദ്ധതിയിലൂടെ ഉണ്ടായ നഷ്ടം നികത്താൻ ബോർഡ് നിക്ഷേപം നടത്തിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ശരിയല്ല. കൂടാതെ ബോർഡിന്റെ കണക്കുകൾ പ്രകാരം 2002-03 വരെ 344.5 കോടി രൂപ നിക്ഷേപിക്കേണ്ടതുണ്ട് എന്ന ഓഡിറ്റ് പരാമർശവും ശരിയല്ല. എന്തെന്നാൽ ആന്വിറ്റി പദ്ധതി പ്രകാരം ബോർഡിന് ആകെ ലഭിച്ചത് 223.86 കോടി രൂപ മാത്രമാണ്. ഈ തുക 12.5% വരെ പലിശ നിരക്കിൽ നിക്ഷേപിക്കാനും ഓരോ ത്രൈമാസത്തിലും ഇതിൽ നിന്നുള്ള പലിശയും ശേഷിക്കുന്ന തുക മുതലിൽ നിന്നുമെടുത്ത് ഹഡ്കോ തിരിച്ചടവ് നടത്താ നുമാണ് ആന്വിറ്റി പദ്ധതി പ്രകാരം ഉദ്ദേശിച്ചിരുന്നത്. എന്നാൽ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരുന്ന വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ ഇതിലും വലിയ പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാകുകയുള്ളൂ എന്നു ബോദ്ധ്യമായതിനാൽ ഈ തുക ടി പദ്ധതികൾക്ക് വിനിയോഗിക്കുന്നതാണ് ആദായകരം എന്ന ഉത്തമ വിശ്വാസത്തിൽ ടി പദ്ധതികൾക്ക് വിനിയോഗിക്കുകയാണ് ചെയ്തത്. പ്രസ്തുത കാലയളവിൽ ഉയർന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതിക്ക് 18.75% പലിശയും റവന്യൂ ടവറുകളുടെ നിർമ്മാണത്തിന് മറ്റുതരത്തിൽ വായ്പ സമാഹരിക്കേണ്ടിവന്നിരുന്നെങ്കിൽ 20% പലിശയും ആകുമായിരുന്നു എന്നത് ഇതിന് തെളിവാണ്. മേൽ പദ്ധതികളിൽ നിന്നുള്ള വരുമാനം കൊണ്ട് ഹഡ്കോയുടെ തവണകൾ മുടക്കം കൂടാതെ അടയ്ക്കുവാൻ കഴിയുമായിരുന്നു. എന്നാൽ റവന്യൂ ടവറുകളുടെ നിർമ്മാണം നിശ്ചിത സമയത്തിനുള്ളിൽ തീർക്കാൻ കഴിയാത്തതുകൊണ്ട് പ്രതീക്ഷിച്ച വരുമാനം മേൽ പദ്ധതികളിൽ നിന്നും ബോർഡിന് ലഭിച്ചില്ല.<br><br>ഇക്കാരണങ്ങളാൽ ആന്വിറ്റി പദ്ധതി പ്രകാരം നിക്ഷേപം നടത്തിയിട്ടില്ല എന്ന ആഡിറ്റ് പരാമർശം ശരിയല്ലെന്നും അതിനാൽ നഷ്ടം തിട്ടപ്പെടുത്തേ ണ്ടതില്ലെന്നും കാണാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | നിക്ഷേപം നടത്തിയില്ല.<br><br>30..3..2003 വരെ ലഭിച്ച 295857 അപേക്ഷകളിൽ 282024 എണ്ണത്തിന് വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ 97-98 വരെയുള്ളത് 89692 ഉം അതിന് ശേഷം ലഭിച്ച 193732 അപേക്ഷകളുമുണ്ട്.<br>നഷ്ടം ഒഴിവാക്കാനായി 2002-03 വരെ ലഭിച്ച ആകെ 295857 അപേക്ഷകളിൽ പദ്ധതി നിർദ്ദേശപ്രകാരം ബോർഡ് നടത്തേണ്ടിയിരുന്നത് 344.5 കോടി രൂപയുടെ നിക്ഷേപമായിരുന്നു.<br><br>നിക്ഷേപം നടത്താത്തതിനാൽ ബോർഡിന് ഉണ്ടായ നഷ്ടം അന്വേഷണം നടത്തി തിട്ടപ്പെടുത്തേണ്ടതാണ്. | |

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 8.1.1 | ടെലിഫോൺ പരിധി കവിഞ്ഞുള്ള കോൾ നിരക്ക് ബോർഡ് ഫണ്ടിൽ നിന്ന് അനുവദിച്ചത് | 1999-2000 ഖണ്ഡിക 27.5 (എ) തുക 48,002/-<br><br>2001-02 ഖണ്ഡിക 23.1.2 തുക 36,408/-<br><br>2002-2003 ഖണ്ഡിക 44.7 തുക 14,265/- | 1999-2000- ലെ ഓഡിറ്റ് പരാമർശമനുസരിച്ച് സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ മുൻചെയർമാനായിരുന്ന ശ്രീ . റ്റി . യു കരുവിള 15576/- രൂപയും 2001-2002 വർഷത്തിലെ ഓഡിറ്റ് പരാമർശമനുസരിച്ച് 13096/- രൂപയും തിരിച്ചടച്ചിട്ടുണ്ട്. ഇക്കാര്യം 2004-05 സമാഹൃത ഓഡിറ്റ് ഖണ്ഡികകളിന്മേൽ നടത്തിയ പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (DDLFA letter No. LF HBA 7/1112/2014 dt:20.11.2014). സെക്രട്ടറി, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങിയ ഉദ്യോഗസ്ഥർ ഇപ്പോൾ സർവ്വീസിൽ ഇല്ലാത്തതിനാൽ ബാക്കി തുക ഈടാക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട് . |
| 2 | 8.1.6 | നികുതികളും കെട്ടിടനിർമ്മാണ തൊഴിലാളി വിഹിതവും ഈടാക്കിയില്ല | 1999-2000 ഡിവിഷൻ നം. 1, തിരുവനന്തപുരം ഖണ്ഡിക 33.12 | 1999-2000 കാലയളവിൽ വിവിധ ബില്ലുകളിലായി സർചാർജ് ഇനത്തിൽ 23,476/- രൂപ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാവശ്യമായ രജിസ്റ്ററുകൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാ എന്നും, ആയതിനാൽ ഈ പരാമർശം ഒഴിവാക്കണമെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 8.1.8 | ഹഡ്കോ വായ്പ വക മാറ്റുവാൻ ബാങ്കുകളിൽ നിക്ഷേപിച്ചു | 2000-2001 ഖണ്ഡിക 16.9.4 ഹെഡ് ഓഫീസ്, തിരുവനന്തപുരം | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹഡ്കോ വായ്പ 13.01.2012-ലെ സ.ഉ.(കൈ)നം.5/2012/ഭവനം പ്രകാരം പൂർണമായും തിരിച്ചടച്ചിട്ടുണ്ട്. ആയതിനാൽ, ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട് . |
| 4 | 8.1.9 | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അംഗങ്ങൾക്ക് യാത്രാബത്ത 1.3 ലക്ഷം അധികം | 2000-2001 ഖണ്ഡിക 20.2 ഹെഡ് ഓഫീസ്, തിരുവനന്തപുരം | 2000-2001 കാലയളവിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിരുന്ന സീലിംഗ് പരിധിയിൽ കവിഞ്ഞ് അനുവദിച്ച യാത്രാബത്ത തുക 17.03.2006-ലെ ബോർഡ് യോഗം അംഗീകരിച്ച് നല്കിയ നടപടിയിൽ ഓഡിറ്റ് എതിർപ്പ് രേഖപ്പെടുത്തുകയും സീലിംഗ് പരിധിയിൽ അധികരിച്ച വന്ന തുക തിരിച്ച പിടിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് യാത്രാബത്തയുടെ സീലിംഗ് പരിധി ഒഴിവാക്കി നല്കണമെന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി രണ്ട് തവണ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, യാത്രാബത്തയുടെ സീലിംഗ് പരിധി ഒഴിവാക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് 09.01.2018, 14.05.2018 തീയതികളിലെ HSG-A1/106/2017-HSG നമ്പർ കത്തുകളിലൂടെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. |

Joint Secretary
Housing Department

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് റിപ്പോർട്ട് വർഷവും ഖണ്ഡികയും | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 8.1.2 | സർക്കാർ അംഗീകാരമില്ലാതെ മൊബൈൽ ഫോൺ ചാർജ്ജ് നല്കി | 2000-2001 ഖണ്ഡിക 20.7 | സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ.കുരുവിള തോമസ് ഐ.എഫ്.എസ്, ശ്രീ.കെ.ജെ.വർഗ്ഗീസ് ഐ.എഫ്.എസ് എന്നിവർ മൊബൈൽ ഫോൺ ഉപയോഗിച്ച ഇനത്തിൽ ബോർഡ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടിക്ക് യഥാക്രമം 31.10.2017 -ലെ സ.ഉ.(സാധാ)നം.58/2017/ഭവനം, 19.01.2018-ലെ സ.ഉ.(സാധാ)നം.4/2018/ഭവനം എന്നീ ഉത്തരവുകളിലൂടെ സാധൂകരണം നല്കിയിട്ടുണ്ട്. |
| 2 | 8.1.3(6) | ക്രമവിരുദ്ധമായി ഉയർന്ന നിരക്കിൽ വീട്ട് വാടക ബത്തയും സിറ്റി കോമ്പൻസേറ്ററി അലവൻസും | 2002-2003 ഖണ്ഡിക 44.2 എറണാകുളം ഡിവിഷൻ തുക 4,800/- | ഉയർന്ന നിരക്കിൽ വീട്ട് വാടക ബത്തയും സിറ്റി കോമ്പൻസേറ്ററി അലവൻസും നല്കിയ ഇനത്തിൽ ശ്രീ.കെ.എം.ഷംസു ഒഴികെയുള്ളവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെന്നും, ശ്രീ.കെ.എം.ഷംസു അടയ്ക്കാനുണ്ടായിരുന്ന 1600/- രൂപ അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന മുറയ്ക്ക് DCRG യിൽ നിന്നും തിരിച്ച് പിടിക്കുന്നതാണെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | | | 1999-2000 ഖണ്ഡിക 37.6 | ആദായ നികുതി, വിൽപ്പന നികുതി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ ഉൾപ്പെടെയുള്ള ആകെ തുകയായ 125,942/- രൂപ അതാത് വകുപ്പുകളിൽ |

| | | | | |
|---|---|---|---|---|
| | | | കോട്ടയം ഡിവിഷൻ<br>തുക 1,25,942/- | ഒടുക്കിയിട്ടുണ്ട്. |
| 3 | 8.1.6 | നികുതികളും കെട്ടിട നിർമ്മാണ തൊഴിലാളി വിഹിതവും ഈടാക്കിയിട്ടില്ല. | 1999-2000<br>ഖണ്ഡിക 38.5<br>ഇടുക്കി ഡിവിഷൻ | ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 27.12.1990-ലെ AG/G1/1990-91 സർക്കുലർ പ്രകാരം ആകെ തുക കണക്കാക്കുമ്പോൾ ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽസിന്റെ വില ഉൾപ്പെടുത്തേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിരുന്നതിനാൽ KCWWF ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 16449/- രൂപ ഭവനനിർമ്മാണ ബോർഡ് ഈടാക്കായിരുന്നില്ല. ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 5311/- രൂപയിൽ 2674/- രൂപ കോൺട്രാക്ടറായ M/s Ray Construction-ന്റെ ഫൈനൽ ബില്ല് സെറ്റിൽ ചെയ്യുമ്പോൾ ഈടാക്കുന്നതാണെന്നും ബാക്കിയുള്ള 2637/- രൂപ കരാറുകാരനായ ടി.വി. ചെറിയാനോട് ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ടിയാൻ അതിന് തയ്യാറായിട്ടില്ല എന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലോക്കൽ ആഡിറ്റിലെ ഈ പരാമർശം വളരെ കാലപ്പഴക്കമുള്ളതിനാലും അതിൽ ഉൾപ്പെട്ട വ്യക്തിയുടെ നിലവിലെ വിലാസവും അനുബന്ധ വിവരങ്ങളും ലഭ്യമല്ലാത്തതിനാലും ടി പരാമർശം ഒഴിവാക്കണമെന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. |
| | | | 1999-2000<br>ഖണ്ഡിക 39.4<br>എറണാകുളം ഡിവിഷൻ<br>തുക 33,161/- | ആദായ നികുതി ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 33161/- രൂപയ്ക്ക് ഫൈനൽ ബില്ല് കൊടുത്തിട്ടില്ല എന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 4 | 8.1.11 | മൈത്രി ഭവനം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച 16.24 ലക്ഷം ഫലപ്രദമായി | 2000-2001<br>ഖണ്ഡിക 28.11<br>കൊല്ലം ഡിവിഷൻ | മൈത്രി ആന്വിറ്റി ഡെപ്പോസിറ്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബോർഡിൽ ഒടുക്കിയ തുകയിൽ, വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക, മടക്കി നൽകുന്നതുമായി ബന്ധപ്പെട്ട് |

| | | | | |
|---|---|---|---|---|
| | | വിനിയോഗിച്ചിട്ടില്ല | | 03.05.2016-ൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ ഉത്തരവ് ധനകാര്യ വകുപ്പിന്റെ അനുമതിയോടു കൂടി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| 5 | 8.1.12 | കട്ടപ്പന വില്ലേജ് ഓഫീസിന് വാടക നല്കിയത് നഷ്ടം 81,000/- രൂപ | 2000-2001 ഖണ്ഡിക 33.12 ഇടുക്കി ഡിവിഷൻ | നിലവിലെ കട്ടപ്പന കോമേഴ്സ്യൽ കോംപ്ലക്സ് പ്രവർത്തിക്കുന്ന സ്ഥലത്ത് കട്ടപ്പന വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വന്നിരുന്നതാണ്. കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം ബോർഡ് വില്ലേജിന് നൽകാമെന്ന വ്യവസ്ഥയിലാണ് കട്ടപ്പന വില്ലേജ് ഓഫീസിന്റെ സ്ഥലം ബോർഡ് ഏറ്റെടുത്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ, കോംപ്ലക്സിന്റെ പ്രവർത്തനം പൂർത്തിയാകുന്നത് വരെ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയായി (12/98 മുതൽ 2/01 വരെ) 81,000/- രൂപ ബോർഡ് നല്കിയിട്ടുള്ളതും നിർമ്മാണം പൂർത്തീകരിച്ചപ്പോൾ കട്ടപ്പന സൈറ്റ്-1-ലെ, ബ്ലോട്ട് നമ്പർ -3 കെട്ടിടവും സ്ഥലവും വില്ലേജ് ഓഫീസിന് നൽകിയിട്ടുള്ളതുമാണ്. |
| 6 | 8.1.13 | രസീത് പിരിവിൽ പണാപഹരണം (നഷ്ടം 105,354/-) | 2001-2002 ഖണ്ഡിക 58.3 പാലക്കാട് ഡിവിഷൻ | ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി VC.02/2005 നമ്പരായി ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി (വിജിലൻസ്) തൃശ്ശൂർ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ കോടതിയിലായതിനാൽ കേസിന്റെ വിധി വരുന്ന മുറയ്ക്ക് നഷ്ടം ഈടാക്കുന്നതാണെന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 8. 1. 14 | ബോർഡ് അംഗങ്ങൾ അധികം യാത്രാബത്ത കൈപ്പറ്റി നഷ്ടം 77,564/-. | 2002-2003 ഖണ്ഡിക 26.11 (1) | പ്രസ്തുത തുക തിരികെ ഈടാക്കിയിട്ടില്ലെന്നും, കാലാകാലങ്ങളിൽ പ്രവർത്തിച്ച് വന്നിരുന്ന ബോർഡ് അംഗങ്ങളുടെ പേരിൽ ഉണ്ടാകുന്ന ആഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെടുന്ന തുക അവരിൽ നിന്ന് ഈടാക്കുവാൻ സാധിക്കാത്തതിനാൽ, ഭവനനിർമ്മാണ ബോർഡിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതായി വരുന്നതായി ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 8 | 8.1.15. | സ്വകാര്യ സ്ഥാപനത്തിന് യാത്രാ/അനുബന്ധ ചെലവുകൾ ബോർഡ് ഫണ്ടിൽ നിന്ന് തുക 14140/- | 2002-2003 ഖണ്ഡിക 26.14 | സർക്കാർ സർവ്വീസിൽ അഡീഷണൽ സെക്രട്ടറി പദവി വഹിച്ചിരുന്ന ശ്രീ. ഭാനുവിക്രമൻ വിജിലൻസ് ഓഫീസർ, കെ.എസ്.എച്ച്.ബി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് യാത്രാപടി/ദിനബത്ത അനുവദിച്ച് നൽകിയതെന്നും ഇത് സംബന്ധിച്ച് ഹാജരാക്കിയ രേഖ പരിശോധിച്ചതിൽ ടിയാൾ ജോയിന്റ് സെക്രട്ടറി പദവിയിലിരിക്കെയാണ് കെ.എസ്.എച്ച്.ബിയിൽ വിജിലൻസ് ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടുള്ളത് എന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 9 | 8.1.20 | ഐ.സി.ഐ.സി.ഐ ബാങ്കിലെ സ്ഥിര നിക്ഷേപം: ബോർഡിന് പലിശ നഷ്ടം | 2002-2003 ഖണ്ഡിക 215 ഹെഡ്ഡോഫീസ്, തിരുവനന്തപുരം | 18.09.2002 മുതൽ 28.09.2004 വരെയുള്ള പലിശ നഷ്ടത്തിനുള്ള പിഴയായി 1,50,762/-രൂപ 04.11.2004-ൽ ഭവനനിർമ്മാണ ബോർഡിന് ലഭിച്ചിട്ടുള്ളതായി ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2004-2005)

## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ച നടപടികൾ ഉൾക്കൊ ള്ളുന്ന ആഡിറ്റ് ന്യൂനതാ

## പരിഹാര നടപടി പത്രിക (Remedial Measures Taken Statement).

| ക്രമ നം. | CAR ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് റിപ്പോർട്ട് വർഷവും ഖണ്ഡികയും | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 8.1.3(1) | ക്രമവിരുദ്ധമായി ഉയർന്ന നിരക്കിൽ വീട്ടു വാടക ബത്തയും സിറ്റി കോമ്പൻസേ റ്ററി അലവൻസും തുക. 2,21,403/ | 1999-2000 34.3 കൊല്ലം ഡിവിഷൻ തുക 92,238/- | വൌച്ചർ നം. 422 എ തീയതി 31/10/07 പ്രകാരം 1,890/- രൂപയും, 410 തീയതി 30.11.02 പ്രകാരം 82,323/- രൂപയും അസിസ്റ്റന്റ് സെക്രട്ടറിയുടെ 4.7.2011-ലെ AA2/HBPF/ CC/2009 -2010 പ്രകാരം 8,025 രൂപയും ചേർത്ത് മുഴുവൻ തുകയായ 92,238/- രൂപ തിരിച്ചടച്ചിട്ടുണ്ട്. |
| | | | 1999-2000 ഖ 35.1 പത്തനംതിട്ട ഡിവിഷൻ തുക 59,399/- | 30.12.2000-ലെ വൌച്ചർ നം.690 പ്രകാരം 31,570/- രൂപയും, 27.01.2004-ലെ HO റക്ടിഫിക്കേഷൻ വൌച്ചർ നം. 1209(എ) പ്രകാരം 27,829/- രൂപയും ചേർത്ത് മുഴുവൻ തുകയായ 59,399/- രൂപയും തിരിച്ചടച്ചിട്ടുണ്ട്. |
| | | | 1999-2000 ഖ 37.1 കോട്ടയം ഡിവിഷൻ തുക 5,684/- | ശ്രീ.ജോസഫ് സക്കറിയ അടയ്ക്കാനുണ്ടായിരുന്ന 3,794/- രൂപ 23.06.2003-ലെ Order No.Adll(a) 6092/1997 പ്രകാരം ടിയാന്റെ DA കുടിശ്ശികയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ശ്രീ.പി.ആർ.രാജേന്ദ്രൻ അടയ്ക്കാനുണ്ടായിരുന്ന 1,890/- രൂപ, 14.03.2003-ലെ രസീത്.നം.359088 തുക 690/- രൂപ, 06.08.2003-ലെ രസീത് നം.32477 തുക 600/- രൂപ, 4.10.2003-ലെ രസീത് നം.3938 തു 600/- രൂപ എന്നീ രസീതുകൾ പ്രകാരം തിരികെ അടച്ചിട്ടുണ്ട്. |
| | | | 1999-2000 ഖ. 45.1 കണ്ണൂർ ഡിവിഷൻ തുക. 64,082/- | 19.04.2005-ലെ രസീത് നം.519944, 06.11.2003-ലെ രസീത് നം.10299, 29.10.2003-ലെ രസീത് നം.9254, 06.07.2001-ലെ രസീത് നം.712347 എന്നിവ പ്രകാരം മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
